# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




ജനുവരി 06 – നമ്മുടെ കർത്താവിന്റെ ദനഹാത്തിരുനാൾ

Vol. LXXV January 2025 No. 1



പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ച ജൂബിലിവർഷത്തിന്റെ
രൂപതാതല ഉദ്ഘാടനം രൂപതയുടെ ഭദ്രാസനപ്പള്ളിയിൽവച്ച്
രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, ഗ്രേറ്റ് ബ്രിട്ടൺ
രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ,
ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ,
ഭദ്രാസനപ്പള്ളി വികാരി വെരി റവ. ഫാ. ജോസ് കാക്കല്ലിൽ എന്നിവർ
ചേർന്ന് തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നു.







പാലാ രൂപതയിലെ വൈദികസമ്മേളനത്തിൽവച്ച് ചങ്ങാനാശ്ശേരി അതിരൂപതാ
മെത്രാപ്പോലീത്താ മാർ തോമസ് തറയിൽ പിതാവിനെ ആദരിക്കുന്നു.









**പാലാ രൂപതയ്ക്കുവേണ്ടി അഭിഷിക്തരായ വൈദികർ**
**അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം**




**പാലാ രൂപത 42–ാമത് ബൈബിൾ കൺവൻഷൻ 'കൃപാഭിഷേകം' രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്നിവർ ചേർന്ന് തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നു.**



**പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു നടത്തിയ യുവജന കൺവൻഷൻ – എൽ റോയി – കർദിനാൾ മാർ ജോർജ് ആലഞ്ചേരി, രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്നിവർ ചേർന്ന് തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നു.**




**യുവജനവർഷാചരണത്തിന്റെ സമാപനത്തിൽ രൂപതയിലെ സുവിശേഷവത്കരണവർഷാരംഭത്തിന് തുടക്കം കുറിച്ച് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ കത്തിച്ച തിരി രൂപതയിലെ ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കലിന് കൈമാറുന്നു.**
















**പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച്**
**DCMS സംഘടന നടത്തിയ ദേശീയ സിമ്പോസിയം**
**ക്രൈസ്തവമഹാസമ്മേളനം എന്നിവയിൽനിന്ന്**



**ട്രിച്ചി ബിഷപ് ഹെബർ കോളേജിൽനിന്നും Enhanced Detection and Prevention Methods for Dis-tributed Denial of Service Attacks in Internet of Things എന്ന വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഫാ. ജോസഫ് അരഞ്ഞാണിപുത്തൻ പുരയിലിന് അഭിനന്ദനങ്ങൾ**

---









**പാലാ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെയും അനധ്യാപകരുടെയും സമ്മേളനത്തിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് തിരി തെളിച്ചു സന്ദേശം നൽകി.**

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**JANUARY 2025**
**Vol. LXXV No. 1**

# CONTENTS

സർക്കുലർ 329 .......... 3

സർക്കുലർ 330 .......... 6

ലേഖനം .......... 9

ലേഖനം .......... 16

Collection List .......... 23

അറിയിപ്പ് .......... 40

വാർത്തകൾ .......... 41

ആദരാഞ്ജലികൾ .......... 73

അഭിവന്ദ്യപിതാവിന്റെ ഡയറി .......... 76

സർക്കുലർ 329

# പാലാ സെന്റ് തോമസ് കോളജ് ഓട്ടോണമസ് പ്ലാറ്റിനം ജൂബിലി മെഗാ എക്സ്പോ - ലൂമിനാരിയ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്ന്യസ്തരേ, ബഹുമാനപ്പെട്ട മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

1950 ഓഗസ്റ്റ് 7-ാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിനാൽ സ്ഥാപിതമായ പാലാ സെന്റ് തോമസ് കോളേജ് പ്ലാറ്റിനം ജൂബിലിയുടെ നിറവിലാണെന്ന് നമുക്കറിയാമല്ലോ. കേരളത്തിന്റെ സാംസ്കാരിക വിദ്യാഭ്യാസ പൈതൃകത്തെ 75 വർഷത്തെ പ്രൗഢമായ ചരിത്രംകൊണ്ട് സമ്പന്നമാക്കിയ സെന്റ് തോമസ് കോളജ് നമ്മുടെ അഭിമാനമാണ്. NAAC ഗ്രേഡിങ്ങിൽ ഉന്നത സ്കോറായ A++ കരസ്ഥമാക്കിയും ഓട്ടോണമസ് പദവി നേടിയും എല്ലാ കോഴ്സുകളിലേക്കും പെൺകുട്ടികൾക്കു പ്രവേശനം അനുവദിച്ചും ചരിത്രപരമായ നേട്ടങ്ങളിലൂടെയാണ് കോളജ് ജൂബിലിവർഷത്തിലേക്കു പ്രവേശിച്ചത്.

“വിദ്യാഭ്യാസമെന്നാൽ എഴുത്തും വായനയും അഭ്യസിക്കുക എന്നതുമാത്രമല്ല, പ്രതിസന്ധികളെ അതിജീവിക്കാനുള്ള കരുത്താർജിക്കലാണ്” എന്നാണ് രാഷ്ട്രപിതാവായ ഗാന്ധിജി പറയുന്നത്. നമ്മുടെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ലക്ഷ്യം വ്യക്തികളുടെ സമഗ്രവികാസമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ സെന്റ് തോമസ് കോളജിനു കഴിഞ്ഞിട്ടുണ്ടെ

ന്നത് ഏറെ ചാരിതാർഥ്യജനകമാണ്. വിദ്യാഭ്യാസ - സാംസ്കാരിക - കലാ- സാഹിത്യ-കായികരംഗങ്ങളിലും ശാസ്ത്ര-സാങ്കേതികമണ്ഡലങ്ങളിലും രാഷ്ട്രീയ-ഭരണ-ബിസിനസ്-കാർഷികമേഖലകളിലും അതുല്യപ്രതിഭകളെ സമ്മാനിക്കാൻ കോളജിനു സാധിച്ചിട്ടുണ്ട്.

ജൂബിലിയാഘോഷങ്ങൾ സന്തോഷത്തിന്റെയും പങ്കുവയ്ക്കലിന്റെയും സന്ദേശമാണല്ലോ അവതരിപ്പിക്കുന്നത്. സെന്റ് തോമസ് കോളജിന്റെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളും എല്ലാവരെയും ചേർത്തുപിടിക്കാനുള്ള അസുലഭ അവസരമാണു സമ്മാനിക്കുന്നത്. ഇതിന്റെ ഭാഗമായി ജനുവരി 19 മുതൽ 26 വരെ കോളജ് കാമ്പസിൽവച്ച് 'ലൂമിനാരിയ' മെഗാ എക്സ്പോ സംഘടിപ്പിക്കുന്നു. പാഠ്യ-പാഠ്യേതരമേഖലകളിൽ വിദ്യാർഥികൾക്കുള്ള അഭിരുചികൾ വളർത്താനും സാംസ്കാരികകേരളത്തെ സമ്പന്നമാക്കാനും ഉപയുക്തമായ വൈവിധ്യമാർന്ന പ്രദർശനങ്ങളാണ് കോളജ് ഒരുക്കിയിരിക്കുന്നത്. മെഡിക്കൽ എക്സിബിഷൻ (മെഡക്സ്) ,വിക്രം സാരാഭായ് സ്പേസ് സെന്റർ (വി.എസ്.എസ്.സി) ഒരുക്കുന്ന ശാസ്ത്ര പ്രദർശനം, പെറ്റ് ഷോ, മോട്ടോ എക്സ്പോ, പുസ്തകമേള, സാഹിത്യോത്സവം, കാർഷികമേള, പുരാവസ്തു പ്രദർശനം, ഫുഡ് ഫെസ്റ്റ്, പെയിന്റിംഗ് ബിനാലെ എന്നിവകൂടാതെ കോളജില 21 ഡിപ്പാർട്ട്മെന്റുകൾ ഒരുക്കുന്ന സ്റ്റാളുകളും വൈകുന്നേരങ്ങളിൽ ഡാൻസ് ഫെസ്റ്റിവൽ, സംഗീതമേള എന്നിവ ഉൾപ്പെടുന്ന കലാസന്ധ്യയും ഉണ്ടായിരിക്കും. വേദപാരംഗതനായ വിശുദ്ധ തോമസ് അക്വിനാസ് പറയുന്നു: "അദ്ഭുതം അറിവിനുള്ള ആഗ്രഹമാണ്." അധ്യാപകരുടെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർഥികൾ പ്രസ്തുത എക്സിബിഷനിൽ പങ്കെടുക്കുന്നത് ഏറെ പ്രയോ

ജനകരമാണ്. സെന്റ് തോമസ് കോളജ് ഒരുക്കിയിരിക്കുന്ന അദ്ഭുതം ജനിപ്പിക്കുന്ന ഈ അതുല്യ ആഘോഷപരിപാടികളിൽ പങ്കെടുക്കാൻ ഏവരെയും സ്വാഗതം ചെയ്യുന്നു. നമുക്കെല്ലാവർക്കും ഒന്നുചേർന്ന് സർവശക്തനായ ദൈവത്തിനു നന്ദിയർപ്പിച്ചുകൊണ്ടും ജൂബിലിയാഘോഷങ്ങളിൽ സഹകരിച്ചുകൊണ്ടും ഈ അമൂല്യ അവസരത്തെ പ്രയോജനപ്പെടുത്താം.

ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 05.01.2025

NB: ഈ സർക്കുലർ 2025 ജനുവരി 12-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും മഠങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

സർക്കുലർ 330

# കുടുംബക്കൂട്ടായ്മ സഭാ-സമുദായ ശക്തീകരണത്തിന്

ഈശോയിൽ പ്രിയരേ,

പാലാ രൂപത പ്ലാറ്റിനം ജൂബിലിവർഷം വിവിധ കർമപദ്ധതികളോടെ ആചരിക്കുകയാണല്ലോ. ദൈവജനത്തെ വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിനും കൂട്ടായ്മയുടെ അനുഭവം ശക്തിപ്പെടുത്തുന്നതിനും ഈ വർഷാചരണം കാരണമായിത്തീരണം. ഇസ്രായേൽജനത്തെ വിശുദ്ധിയിലേക്കും ഐക്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും നയിക്കാൻ കർത്താവ് അവർക്കു പ്രഖ്യാപിച്ച ജൂബിലിവർഷംപോലെ (ലേവ്യ. 25) നമുക്കും ഒരു തിരികെനടപ്പിനായി ഒരു ജൂബിലിവർഷം ആഗതമായിരിക്കുന്നു.

ജൂബിലിവർഷചൈതന്യം യഥാർഥത്തിൽ ആദിമസഭയുടെ ചൈതന്യമാണ്. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേർന്നു (നട. 2:42).

അവരുടെയിടയിൽ ദാരിദ്ര്യദുഃഖം അനുഭവിക്കുന്നവർ ആരുമുണ്ടായിരുന്നില്ല (നട. 4:34). വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരു ആത്മാവും ആയിരുന്നു (നട. 4:32). ഇന്ന് ഇത്തരത്തിൽ ഒരു അവസ്ഥ സംജാതമാക്കാൻ കുടുംബക്കൂട്ടായ്മകൾ അനിവാര്യമാണ്. വി. ജോൺ പോൾ രണ്ടാമൻ പാപ്പാ 1988 ൽ നൽകിയ 'അല്മായവിശ്വാസികൾ' എന്ന അപ്പസ്തോലികപ്രബോധനത്തിൽ (No. 26) ഇപ്രകാരം പറയുന്നു: "പരസ്പരസ്നേഹത്തിലും സേവനത്തിലും ദൈവവചനം ജീവിക്കുകയും പകർന്നുകൊടുക്കുകയും ചെയ്യുന്ന വിശ്വാസികളുടെ സജീവകൂട്ടായ്മ (കുടുംബക്കൂട്ടായ്മ) എന്നറിയപ്പെടുന്ന ചെറുതും അടിസ്ഥാനപരവുമായ സമൂഹങ്ങൾ വളർത്തിയെ

ടുക്കണം. ഈ സമൂഹങ്ങളാകട്ടെ, തങ്ങളുടെ അജപാലകരോടുള്ള കൂട്ടായ്മയിൽ ഐക്യത്തിന്റെ യഥാർഥ സാക്ഷികളും സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രങ്ങളുമാണ്. ഇടവകയുടെ നവീകരണത്തിനും അവയുടെ ഫലപ്രദമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഇത് ആവശ്യമാണ്.

എന്നാൽ, ഇന്ന് ഓരോ കുടുംബത്തെയും അതിൽത്തന്നെ തളച്ചിടുന്ന ഒരു സംസ്കാരം വളർന്നുവരുന്നുണ്ട്. മറ്റുള്ളവരുടെ സഹായംകൂടാതെ, അവരെ ബുദ്ധിമുട്ടിക്കാതെ ജീവിക്കണമെന്ന ഒരു ചിന്ത നമ്മുടെ ആളുകളുടെ ഇടയിൽ രൂഢമൂലമാകുന്നുണ്ട്. അതുകൊണ്ട് കുടുംബക്കൂട്ടായ്മകൾ വർഷത്തിൽ ഒന്നോ രണ്ടോ മതിയെന്നു ചിന്തിക്കുന്നവരുടെയും എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽ ഒന്നിച്ചുകൂടുന്നില്ലേ എന്നു ചിന്തിക്കുന്നവരുടെയും വാദിക്കുന്നവരുടെയും എണ്ണം ഇന്ന് കൂടിവരുന്നുണ്ട്.

ക്രൈസ്തവരുടെ അടിസ്ഥാനസ്വഭാവം ഈശോയെപ്പോലെയാവുക, അവിടുത്തെ പിഞ്ചെല്ലുക എന്നതാണ്. ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. മാമ്മോദീസായിലൂടെ ഈശോയുടെ ശരീരത്തിലെ അവയവങ്ങളായിത്തീരുകയാണല്ലോ നാം (1 കൊറി.12:13). ഈശോയിലുള്ള വിശ്വാസാനുഭവം സഭയെ ഒരു കൂട്ടായ്മയായി മാറ്റുന്നു. സഭയിൽ ഒരേ വിശ്വാസത്തിലും ഒരേ കൂദാശകളിലും ഒരേ ദൈവികജീവനിലും എല്ലാവരും പങ്കുചേരുന്നതിനാൽ ഒരേ കൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടവരാണ്.

പലവിധ കാരണങ്ങളാൽ (ജനനനിയന്ത്രണം, വിദേശകുടിയേറ്റം, സാമ്പത്തികമേഖലയിലെ തകർച്ച etc) ദുർബലമാകുന്ന നമ്മുടെ സമുദായത്തിന്റെ നിലനില്പിന് അനിവാര്യമായ ഒരു കാര്യംകൂടിയാണ് സജീവമായ കുടുംബകൂട്ടായ്മകൾ. ഈ ജൂബിലിവർഷത്തിൽ, നമ്മുടെ രൂപതയിലെ മുഴുവൻ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ സജീവമാക്കണമെന്നും എല്ലാ മാസങ്ങളിലും തുടർച്ചയായി കൂടിവരവുകൾ നടത്തി അതിന്റെ

സജീവത നിലനിർത്തണമെന്നും പ്രത്യേകമായി ഓർമപ്പെടുത്തുന്നു.

2025 ജനുവരി 31, 2 pm ന് ജൂബിലിവർഷ കുടുംബക്കൂട്ടായ്മാസംഗമം സംഘടിപ്പിക്കുകയാണ്. ളാലം പഴയപള്ളിയിൽവച്ചാണ് പ്രോഗ്രാം. നമ്മുടെ എല്ലാ ഇടവകകളിൽനിന്നും പ്രതിനിധികളെ ഈ സമ്മേളനത്തിൽ പങ്കെടുപ്പിക്കണമെന്ന് ഓർമപ്പെടുത്തുന്നു. മിശിഹാ നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കട്ടെയെന്നു പ്രാർഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 01.01.2025

---

NB: ഈ സർക്കുലർ 2025 ജനുവരി 19-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും മഠങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

ലേഖനം

# ഭിന്നശേഷിയിൽ തട്ടിത്തെറിക്കുന്ന അധ്യാപകജീവിതം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപത മെത്രാൻ, സീറോ - മലബാർ സിനഡൽ
കമ്മീഷൻ ഫോർ എഡ്യൂക്കേഷൻ കൺവീനർ

നാട്ടിലെല്ലായിടത്തും വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തിക്കൊണ്ടുപോകാൻ സർക്കാരിനു സാധിക്കാതെ വന്ന സാഹചര്യത്തിലാണ് കേരളത്തിൽ എയ്ഡഡ് സ്കൂളുകൾ എന്ന ഒരു വിഭാഗം രൂപംകൊണ്ടത്. അധ്യാപകർക്കുള്ള ശമ്പളം സർക്കാർ കൊടുക്കുന്നതുകൊണ്ട് ഇന്നത് ഏറെ ആക്ഷേപങ്ങൾക്കിരയാകുന്നുണ്ട്. എന്നിരുന്നാലും, കേരളത്തിലെ ഭൂരിഭാഗം രക്ഷിതാക്കളും കുട്ടികളും എയ്ഡഡ് മേഖലയെയാണ് ആശ്രയിക്കുന്നുതെന്നത് എയ്ഡഡ് സ്കൂളുകൾക്ക് ഏറെ ഊർജം പകർന്നുനൽകുന്നു.

വിദ്യാഭ്യാസരംഗത്ത് സർക്കാർ സ്കൂളുകളോടൊപ്പം ഉത്തരവാദിത്വവും സാമൂഹികപ്രതിബദ്ധതയും പ്രകടിപ്പിക്കുന്ന എയ്ഡഡ് മാനേജ്മെന്റുകൾ സർക്കാരിൽനിന്നോ പൊതുസമൂഹത്തിൽനിന്നോ വേർതിരിഞ്ഞു നിൽക്കുന്നതോ എതിരിട്ടു നിൽക്കുന്നതോ ആയ വിഭാഗമല്ല; മറിച്ച്, സർക്കാരിനു വേണ്ടി സർക്കാർ നിർദേശപ്രകാരം വിദ്യാഭ്യാസപ്രവർത്തനങ്ങളിലേർപ്പെടുന്ന എയ്ഡഡ് വിദ്യാലയങ്ങളെ സർക്കാരിന്റെ ഏറ്റവുമടുത്ത സുഹൃത്തും സഹകാരിയുമായാണ് കാണേണ്ടത്.

എന്നിരുന്നാലും, സർക്കാർസ്കൂളുകളെ അപേക്ഷിച്ച് എയ്ഡഡ് സ്കൂളുകൾക്കു നിരവധി വിവേചനങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. അധ്യാപകരുടെ നിയമനം അംഗീകരിക്കു

ന്നതിലും മാസശമ്പളത്തിന്റെ ലഭ്യത, സർവീസ് വെരിഫിക്കേഷൻ/ഗ്രേഡ്/ശമ്പളഫിക്സേഷൻ തുടങ്ങിയ ഘട്ടങ്ങളിലെല്ലാം സർക്കാർതലത്തിലുള്ള മേലുദ്യോഗസ്ഥരുടെ പരിശോധനയും അംഗീകാരവും തേടേണ്ടിവരുന്നത് സ്വീകാര്യമാണെങ്കിലും പലപ്പോഴും ഉദ്യോഗസ്ഥദുഷ്പ്രഭുത്വമുൾപ്പെടെയുള്ള പലവിധ ബുദ്ധിമുട്ടുകൾക്കിടവരുത്താറുമുണ്ട്.

എയ്ഡഡ് അധ്യാപകന്റെ നിയമനം പാസ്സായി ശമ്പളം ലഭിക്കാൻ പലപ്പോഴും മാസങ്ങളും വർഷങ്ങളുമൊക്കെ കാത്തിരിക്കേണ്ടിവരുമ്പോൾ, സർക്കാർ അധ്യാപകന്റെ ശമ്പളം നിയമനം ലഭിച്ച് ഒരു മാസത്തിനുള്ളിൽത്തന്നെ ലഭിക്കുമെന്നത് സർക്കാർ/എയ്ഡഡ് വേർതിരിവിനുദാഹരണമാണ്. ഇത്തരം സാഹചര്യങ്ങൾ മുമ്പേ ശീലമുള്ളതാണെങ്കിലും ഈയടുത്ത കാലത്തായി പുറത്തുവന്നിരിക്കുന്ന പല ഉത്തരവുകളും എയ്ഡഡ് വിദ്യാഭ്യാസമേഖലയെ പ്രതിസന്ധിയിലാക്കുന്നതാണ്. അതിലൊരു പ്രധാന പങ്കുവഹിക്കുന്ന പ്രശ്നമാണ് ഭിന്നശേഷി സംവരണം.

ഒരു കാര്യം ഉറപ്പിച്ചുപറയട്ടെ; ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് അർഹമായ പരിഗണനയും ആനുകൂല്യങ്ങളും നൽകുകതന്നെ വേണം. എന്നാലവരുടെ പേരിൽ നൂറുകണക്കിന് അധ്യാപകരുടെ ജീവിതം എരിതീയിൽനിന്ന് വറചട്ടിയിൽ വീണ അവസ്ഥയിലായിരിക്കുന്നു. വർഷങ്ങളായി ജോലി ചെയ്തിട്ടും ശമ്പളമോ നിയമനാംഗീകാരമോ ലഭിക്കാത്ത അധ്യാപകരുടെ മനോവീര്യവും ആത്മാഭിമാനവും തകർന്നുപോകുന്നത് കാണാനാളില്ലാതെ പോകുന്നത് എന്തു കഷ്ടമാണ്?

### ഭിന്നശേഷിസംവരണവും ഉത്തരവുകളും

സർക്കാർ നിർദേശങ്ങളും കെ.ഇ.ആർ. ചട്ടങ്ങളും പാലിച്ച് യോഗ്യതയുള്ള ഒരധ്യാപകനെ മാനേജർ നിയമിച്ചാലും ഇന്നത് പ്രതിസന്ധിയിലാണവസാനിക്കുന്നത്. അധ്യാപകന്റെ

നിയമനം അംഗീകരിച്ച് ശമ്പളം അക്കൗണ്ടിലെത്തുന്നതുവരെ എന്തെല്ലാം തടസ്സവാദങ്ങളാണ്?

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ വന്നിരിക്കുന്ന നൂറുകണക്കിന് ഉത്തരവുകളും സർക്കുലറുകളും... അതിൽ പല ഉത്തരവുകളും വേറിട്ട സാഹചര്യത്തിൽ വ്യത്യസ്ത ഉദ്യോഗസ്ഥരാൽ പുറപ്പെടുവിച്ചിട്ടുള്ളവയാകയാൽ, ഏറെയും അധ്യാപക/മാനേജ്മെന്റുവിരുദ്ധവും. ഓരോ ഉത്തരവും അതതുസമയത്തെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണെങ്കിലും എല്ലാ ഉത്തരവുകളും കൂടിക്കുഴയുമ്പോൾ തീരുമാനമെടുക്കേണ്ട എ.ഇ.ഒ/ഡി.ഇ.ഒ/ആർ.ഡി.ഡി തലങ്ങളിലുള്ള ഉദ്യോഗസ്ഥർ പ്രതിസന്ധിയിലാവുക സ്വാഭാവികംമാത്രം! അപ്പോൾപ്പിന്നെ അധ്യാപകരുടെ കാര്യം പറയേണ്ടതില്ലല്ലോ!

ഉത്തരവുകളിലെ പിഴവുകൾ നിമിത്തം പ്രശ്നപരിഹാരത്തിനായി അധ്യാപകരും മാനേജ്മെന്റുമൊക്കെ കോടതിയിൽ നിന്നിറങ്ങാനാകാത്ത അവസ്ഥയിലായിരിക്കുന്നു. ഇതിനെല്ലാം പണം കണ്ടെത്തേണ്ടിവരുന്നത് സ്ഥിതി കൂടുതൽ രൂക്ഷമാക്കുന്നു.

ഇതിനിടയിൽ അധ്യാപകനിയമനവും ആനുകൂല്യങ്ങളും വൈകിപ്പിക്കാൻ കാരണമന്വേഷിച്ചിരുന്ന സർക്കാരിനു വീണുകിട്ടിയ കച്ചിത്തുരുമ്പാണ് ഭിന്നശേഷിസംവരണമെന്നു സംശയിക്കേണ്ടിയിരിക്കുന്നു. 1997 മുതലുള്ള നിയമനങ്ങൾ കണക്കാക്കി അന്നുമുതലുള്ള ഭിന്നശേഷിസംവരണം ഇക്കാലത്തു നടപ്പാക്കണമെന്ന ഉത്തരവ് എയ്ഡഡ് സ്കൂളുകളെ ഒട്ടൊന്നുമല്ല ബാധിച്ചിരിക്കുന്നത്. പിടിച്ചുനിൽക്കാൻ പ്രയാസപ്പെട്ടിരുന്ന പല സ്കൂളുകളും ഇന്ന് മുങ്ങിത്താഴുന്ന കപ്പലിനു സമാനമായിരിക്കുന്നു. ഇങ്ങനെ അനവധി ഉത്തരവുകൾ ഉണ്ടാകുന്നത് സ്കൂൾഭരണം, നടത്തിപ്പ് തുടങ്ങിയ അടിസ്ഥാന ഘടകങ്ങളെ ഒന്നാകെയാണു ബാധിക്കുന്നത്.

## 08.11.2021 എന്ന ഭീകരദിനം

കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് 08.11.2021 എന്ന തീയതി അധ്യാപകരെയും മാനേജ്മെന്റിനെയും സംബന്ധി ച്ചിടത്തോളം ഭീകരദിനമാണ്.

08.11.2021 നു മുമ്പുണ്ടായതും ശേഷമുണ്ടായതുമെന്ന വേർതിരിവിൽ ഒരുപാടു സങ്കീർണതകളും കണ്ണീരുമാണ് മാനേജർമാർ കാണേണ്ടിവരുന്നത്.

അതായത്, തസ്തിക 08.11.2021നു മുമ്പുണ്ടായ താണെങ്കിൽ പ്രസ്തുത തീയതിക്കുശേഷം അധ്യാപകനു ശമ്പളസ്കെയിലിൽ (Scale of Pay) സ്ഥിരനിയമനം നൽകി യാലും അവർക്കു താത്കാലികമായിമാത്രമാണ് നിയമനാം ഗീകാരം നൽകുന്നത്. നിയമനം താത്കാലികമായതുകൊണ്ടു തന്നെ അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യപ്പെടുന്നില്ല: വാർഷിക ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങളും ലഭി ക്കുന്നില്ല. അതിനർഥം, പത്തുവർഷം കഴിഞ്ഞാലും അവർ ഇപ്പോൾ വാങ്ങുന്ന ശമ്പളംമാത്രം കൈപ്പറ്റി ജീവിക്കേണ്ടി വരുമെന്നുതന്നെയാണ്.

ഇനി, തസ്തിക 08.11.2021നു ശേഷമുണ്ടായതാണെ ങ്കിലാണ് കൂടുതൽ സങ്കടകരം. റിട്ടയർമെന്റ്, രാജി, മരണം തുടങ്ങിയ കാരണങ്ങളാലുണ്ടാകുന്ന സ്ഥിരവേക്കൻസികളിൽ അധ്യാപകരെ സ്ഥിരമായി (Permanent) നിയമിച്ചാലും അവർക്ക് ദിവസക്കൂലിനിരക്കിലുള്ള ശമ്പളംമാത്രമാണു ലഭിക്കുന്നത്. (പ്രൈമറി 955, ഹൈസ്കൂൾ Rs. 1100, ഹയർ സെക്കൻഡറി സീനിയർ Rs.1455/ ജൂനിയർ Rs.1205). സ്ഥിരാധ്യാപകരുടെ എല്ലാ ജോലികളും ഉത്തരവാദിത്വങ്ങളും നോക്കുന്ന അവർക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ട ഡി.എ, എച്ച്.ആർ.എ. തുടങ്ങിയ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. അവർക്കും ഇൻക്രി മെന്റില്ല. ലീവില്ല, എന്തിനേറെ, സേവനപുസ്തകം (Service Book) പോലുമില്ല.

അതായത്, ഭിന്നശേഷിസംവരണത്തിന്റെ പേരിൽ 08.11.2021 മുതലുള്ള തസ്തികകളിൽ മുഴുവൻ നിയമനങ്ങളും ഉപാധിയോടെയായിരിക്കുന്നു (Conditional), ഭിന്നശേഷിക്കാർക്കായി 4% സീറ്റാണ് സംവരണമേർപ്പെടുത്തേണ്ടതെന്ന് കോടതി നിഷ്കർഷിച്ചിരിക്കേ മുഴുവൻ തസ്തികകളും സംവരണത്തിന്റെ പരിധിയിൽ കൊണ്ടുവന്നിരിക്കുന്നു എന്നതാണു ശ്രദ്ധിക്കേണ്ടത്.

**അവധിയും പ്രൊമോഷനും സ്വപ്നമോ?**

സ്ഥിരാധ്യാപകരെ അപേക്ഷിച്ച് 08.11.2021നു ശേഷം നിയമിതരാകുന്ന അധ്യാപകർക്കു ദിവസക്കൂലി നിരക്കു മാത്രമാണു ലഭിക്കുന്നതെന്നു പറഞ്ഞല്ലോ? അതായത്, സ്ഥിരനിയമനം ലഭിച്ചിട്ടും അവർക്കു അർഹമായ ലീവില്ല. സ്കൂളിൽ ഹാജരാകുന്ന ദിവസംമാത്രം ശമ്പളമെന്നായതിനാൽ ചെല്ലാത്ത ദിവസം ശമ്പളവുമില്ല..... ഓണം/ക്രിസ്തുമസ് / മധ്യവേനൽ ഉൾപ്പെടെയുള്ള അവധിക്കാലത്ത് ശമ്പളം സ്വപ്നങ്ങളിൽമാത്രം!

**ഒരുദാഹരണം നോക്കാം...**

08.11.2021 നു ശേഷം പെർമനന്റ് വേക്കൻസിയിൽ സ്ഥിരനിയമനം ലഭിച്ച ഒരു അധ്യാപിക അവർക്ക് നിയമപരമായി അവകാശപ്പെട്ട 180 ദിവസത്തെ പ്രസവാവധി (Materntiy Leave) എടുത്തുവെന്നു കരുതുക. ടീച്ചർ ദിവസക്കൂലിക്കാരിയായതിനാൽ ടീച്ചർക്ക് അവധിശമ്പളമില്ല; ടീച്ചറിനുപകരം ടീച്ചറിനെ നിയമിച്ചാൽ അവർക്കും ശമ്പളമില്ല. അതായത്, കുട്ടികൾക്ക് പ്രസ്തുത വിഷയങ്ങൾ പഠിപ്പിക്കാൻ ആളില്ലാത്ത അവസ്ഥ!

**പ്രൊമോഷന്റെ കാര്യമാണ് ഇതിലും കഷ്ടം**

08.11.2021 നുശേഷം സ്ഥിരനിയമനങ്ങൾ അംഗീകരിക്കാതെ താത്കാലികനിയമനങ്ങളായതിനാൽ അത്തരം അധ്യാപകർക്കു പ്രമോഷനുമില്ലായെന്ന മടുപ്പുളവാക്കുന്ന

സ്ഥിതിയാണു നിലവിലുള്ളത്. കോർപ്പറേറ്റ് സ്കൂൾ സിസ്റ്റ ത്തിൽ പ്രൈമറിവിഭാഗത്തിൽ സ്ഥിരനിയമനം ലഭിച്ച അധ്യാ പകർക്കുള്ള പ്രമോഷൻ തസ്തികയാണ് ഹൈസ്കൂൾ ടീച്ചർ തസ്തിക. ഇങ്ങനെ അവകാശം (Claim) ലഭിച്ച അധ്യാപ കരാണ് ചട്ടം '43 ക്ലെയ്മന്റ്' എന്നറിയപ്പെട്ടുവന്നത്. എന്നാലി പ്പോൾ അതിനും പ്രസക്തിയില്ലാതായി. ഇതിന്റെ ദോഷവശ മെന്തെന്നുവച്ചാൽ, അധ്യാപകരും മാനേജ്മെന്റും തമ്മിൽ അസ്വാരസ്യത്തിലാകുമെന്നതാണ്.

**ഒരു സാഹചര്യം കണക്കിലെടുക്കാം**

UP വിഭാഗത്തിൽ സ്ഥിരവേക്കൻസിയിൽ മാനേജർ പെർമനന്റായി നിയമിച്ച ഒരധ്യാപകൻ ദിവസക്കൂലിമാത്രം കൈപ്പറ്റി തുടരുന്നുണ്ടെന്നിരിക്കട്ടെ; അയാളുടെ നിയമനം സർക്കാർ അംഗീകരിച്ചിരുന്നെങ്കിൽ അടുത്ത HS പ്രമോഷൻ അയാൾക്കുള്ളതാണ്. എന്നാൽ, നിലവിലെ സാഹചര്യത്തിൽ അധ്യാപകൻ ദിവസക്കൂലി /താത്കാലികക്കാരനായതിനാൽ പ്രമോട്ടു ചെയ്യാൻ സാധിക്കില്ല; മറിച്ച്, അദ്ദേഹത്തെ UP യിൽ നിലനിർത്തി മറ്റൊരു അധ്യാപകനെ HS ൽ നിയമിച്ചാൽ സീനിയോറിറ്റിയിൽ താഴ്ന്ന അധ്യാപകൻ ഉയർന്ന തസ്തിക യിൽ അവരോധിക്കപ്പെടും, ഇതാകട്ടെ ചട്ടം '43 ക്ലെയ്മന്റ്' അവകാശത്തിനു വിരുദ്ധവും!

ഇതുകൂടാതെയാണ് ഡി.ഇ.ഒ. തലത്തിലുള്ള ചോദ്യ ങ്ങളും. നൂലാമാല ഭയന്ന് HS ലേക്ക് നേരിട്ടു നിയമിച്ചാൽ അർഹരായ UP അധ്യാപകർ (43 ക്ലെയ്മന്റ്) ഇല്ലേയെന്ന ചോദ്യത്തിന് എന്തുത്തരമാണു നൽകുക? ഉണ്ട് എന്നു പറഞ്ഞ് പ്രൊമോഷൻ കൊടുത്താൽ അധ്യാപകർക്കു ശമ്പളവും നിയമനാംഗീകാരവുമില്ല; ഇല്ല എന്നുത്തരം കൊടുത്താൽ UP യിൽ തുടരുന്ന അധ്യാപകർക്ക് ഒരു കാലത്തും പ്രൊമോഷൻ ലഭിക്കില്ല എന്നുമാണർത്ഥം!

ക്ലാസ്സ് മുറികളിൽ ഭിന്നശേഷിക്കാരായ അധ്യാപകർ നേരിടുന്ന പ്രതിസന്ധികളും ദിവസക്കൂലിക്കാരായ അധ്യാപ

കരുടെ എണ്ണം വർധിച്ചുവരുന്നതും എയ്ഡഡ് സ്കൂളുകളെ വളരെയധികം ബുദ്ധിമുട്ടിലാക്കുന്നുണ്ട്.

## 08.11.2021 പ്രശ്നം എന്നവസാനിക്കും?

10.09.2024 ലെ സർക്കുലർ JR 1/304/2024/ Gen Education പ്രകാരം ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനായി എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റികിസിഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് മാനേജർമാർ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്.

റിക്രൂട്ട്മെന്റ് വർഷം, എ.ഇ.ഒ/ഡി.ഇ.ഒ/ആർ.ഡി.ഡി വഴിയുള്ള റികിസിഷൻ സമർപ്പണം, ഒരു കാറ്റഗറിയിലേക്കു നീക്കിവച്ച ഭിന്നശേഷിസംവരണം അർഹരായവരെ ലഭിച്ചില്ലെങ്കിൽ അടുത്ത വർഷം എങ്ങനെ തുടരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പരാമർശിക്കുന്നു. എന്നിരുന്നാലും, ഇത് എത്ര കാലം തുടരുമെന്നും എന്നവസാനിക്കുമെന്നുമാണ് ദിവസക്കൂലിക്കാരായ അധ്യാപകരുടെ ആശങ്ക. കോടതിവിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ നൽകുന്ന ഉത്തരവുകൾ പാലിച്ച് ഭിന്നശേഷിനിയമനം നടത്താൻ കത്തോലിക്കാ മാനേജ്മെന്റുകൾ തയ്യാറാണ്. താത്കാലികദിവസവേതനക്കാരായ അധ്യാപകരുടെ ആശങ്കകൾക്ക് അറുതിവരുത്താൻ അധികാരികൾ തയ്യാറാകണം.

ലേഖനം

# ക്ലാസ്സ് റൂമിലെ പ്രതിസന്ധികൾ
## (ഭിന്നശേഷിയിൽ തട്ടിത്തെറിക്കുന്ന അധ്യാപകജീവിതം ഭാഗം 2)

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
**പാലാ രൂപത മെത്രാൻ**

ഭിന്നശേഷിക്കാരായ നിരവധി പേർ കഠിനാധ്വാനികളും മിടുക്കരുമാണ്. അവരുടെ കഴിവിനെയും സമർപ്പണത്തെയും ആദരവോടെ കാണുകയും പ്രോത്സാഹനങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു. അവർ ദൈവത്തിന്റെ സവിശേഷമായ ശ്രദ്ധയുള്ളവരാണെന്നാണ് സഭ വിശ്വസിക്കുന്നത്. ഈയൊരു തിരിച്ചറിവുള്ളതുകൊണ്ടാണ് ഭിന്നശേഷിക്കാർക്കായി സീറ്റ് സംവരണമേർപ്പെടുത്തണമെന്ന ഉത്തരവ് വന്ന നിമിഷം മുതൽ മാനേജ്മെന്റുകൾ അവർക്കായി തസ്തികകൾ മാറ്റിവച്ചു കാത്തിരിക്കുന്നത്. സർക്കാരിന്റെയും കോടതിയുടെയും സഭയുടെയും നിലപാട് അതുതന്നെയാണ്.

### ദിവസക്കൂലിക്കാരുടെ താവളം

മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെല്ലാം ദിവസക്കൂലിക്കാരായ അധ്യാപകരെക്കൊണ്ടു നിറയുകയാണ്. ഭിന്നശേഷിപ്രശ്നം നിമിത്തം 08.11.2021 നു ശേഷമുള്ള തസ്തികകളെല്ലാം താത്കാലികവും ദിവസവേതനത്തിലുമാണ്. എന്നു സ്ഥിരനിയമനം ലഭിക്കുമെന്നു നിശ്ചയമില്ലാത്ത, തുച്ഛമായ ദിവസവരുമാനം ലഭിക്കുന്ന ചെറുപ്പക്കാരായ ഈ അധ്യാപകർക്ക് എന്തു പ്രചോദനമാണു മുന്നിലുള്ളത്?

സർക്കാർസ്കൂളുകളിൽ ഇക്കണോമിക്/അൺ ഇക്കണോമിക് വേർതിരിവില്ല; ഒന്നോ രണ്ടോ കുട്ടികളുള്ള സർക്കാർസ്കൂളിലെ അധ്യാപകരെല്ലാം സ്ഥിരസർവീസിൽ മുഴുവൻ ശമ്പളവും വാങ്ങുന്നു; എയ്ഡഡിലാണ് 'അൺ ഇക്ക

ണോമിക്’എന്ന പേരിൽ ദിവസക്കൂലിസമ്പ്രദായം നിലവിലുള്ളത്. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ സർക്കാർ സ്കൂളായാലും എയ്ഡഡ് സ്കൂളായാലും സർക്കാരിനുവേണ്ടി സർക്കാർ നിർദേശപ്രകാരം ഇവിടുത്തെ പൊതുസമൂഹത്തിനുവേണ്ടിയല്ലേ പ്രവർത്തിക്കുന്നത്?

**ദിവസക്കൂലിക്കാരിലെ ആൺ/പെൺ പ്രതിസന്ധി**

യു.പി. ക്ലാസ്സിൽ പഠിപ്പിക്കുന്ന അധ്യാപകന് ദിവസക്കൂലി 955 രൂപയെന്നാണ് സർക്കാർനിശ്ചയം. എന്നാൽ, ഒരു പാർട്ടൈം ഹിന്ദി അധ്യാപകനു ലഭിക്കുന്നത് വെറും 735 രൂപയും. അതും ആഴ്ചയിൽ മൂന്നു ദിവസംമാത്രം. ഈ അധ്യാപകർ ദിവസം മുഴുവൻ സേവനം ചെയ്യുന്നവരാണെന്നോർമിക്കണം.

ഈ തുച്ഛമായ തുകകൊണ്ട്, അതും ഒരു മാസം ശരാശരി 12-15 ദിവസത്തെ വരുമാനംകൊണ്ടാണ് ഒരു അധ്യാപകൻ /അധ്യാപിക ജീവിക്കുന്നതെന്ന് ഇവിടുത്തെ പരിഷ്കൃത സമൂഹം തിരിച്ചറിയേണ്ടതുണ്ട്. അതിലും കുറഞ്ഞ വരുമാനം കൊണ്ട് ഈ നാട്ടിൽ ജീവിക്കുന്നവരില്ലേ എന്ന മറുചോദ്യം ഉന്നയിക്കുന്നവരുമുണ്ട്. നീണ്ട വർഷങ്ങളുടെ കഷ്ടപ്പാടും പണച്ചെലവും ഉറക്കമിളപ്പും കഴിഞ്ഞാണ് ഒരാൾ അധ്യാപകനായി മാറുന്നതെന്നും അതൊരു തപസ്യയാണെന്നും നാം തിരിച്ചറിയണം. ഉറങ്ങിയും ഉഴപ്പിയും നടന്ന ഒരാളല്ല അധ്യാപകനായി കുഞ്ഞുങ്ങളുടെ മുമ്പിൽ നില്ക്കുന്നത്. അയാൾ സമൂഹത്തിന്റെ ദാക്ഷിണ്യംകൊണ്ടു ജീവിക്കേണ്ട ആളുമല്ല!

നീണ്ട നാളുകളായി നിയമനാംഗീകാരവും ശമ്പളവും ലഭിക്കാത്ത വനിതാ അധ്യാപകർ സാമൂഹികമായും കുടുംബപരമായും മാനസികമായും വിഷമത്തിലാണ്. നിയമനാംഗീകാരവും ശമ്പളവും ലഭിക്കാത്ത സാഹചര്യം കുടുംബത്തിനുള്ളിൽപ്പോലും പ്രശ്നങ്ങൾക്കു കാരണമാകുന്നു. അധ്യാപികയെന്ന നിലയിൽ വർഷങ്ങളായി ജോലിക്കു പോയിട്ടും

ശമ്പളം ലഭിക്കുന്നില്ലെന്നതിന്റെ യാഥാർഥ്യം തിരിച്ചറിയാത്ത കുടുംബാംഗങ്ങൾപോലുമുണ്ട്. പകൽ അധ്യാപകജോലി കഴിഞ്ഞ് രാത്രി വീട്ടുജോലിയും തീർത്തശേഷം ഉറക്കം നഷ്ടപ്പെടുത്തി വിദേശവിദ്യാർത്ഥികൾക്ക് ഓൺലൈൻ ട്യൂഷനെടുത്ത് വണ്ടിക്കൂലിക്കും വസ്ത്രത്തിനുമൊക്കെയുള്ള പണം കണ്ടെത്തി സ്കൂളിൽ പോയി പഠിപ്പിക്കുന്ന അധ്യാപികമാരുമുണ്ട്.

ഒരു പുരുഷാധ്യാപകന്റെ കാര്യമാണ് കൂടുതൽ കഷ്ടം! ശമ്പളം കിട്ടാത്ത/തുച്ഛമായ ദിവസക്കൂലി ലഭിക്കുന്ന പുരുഷ അധ്യാപകരിൽ പലരും കുടുംബം പോറ്റാൻ പകൽ അധ്യാപക ജോലിയും രാത്രി ഓട്ടോറിക്ഷാ ഡ്രൈവർ, അവധിദിനങ്ങളിൽ കേറ്ററിംഗ് ജോലികൾ, തട്ടുകട ജോലികളുമൊക്കെ ചെയ്ത് ജീവിക്കുന്നവരും നമ്മുടെ നാട്ടിലുണ്ടെന്നറിയുക!

സർക്കാർസേവനത്തിലിരിക്കേ, മറ്റു ജോലികൾ ചെയ്യാൻ പാടില്ലായെന്ന സർക്കാർ ഉത്തരവുണ്ട്. അതായത് ഉദ്യോഗസ്ഥന്റെ സേവനം സർക്കാരിനവകാശപ്പെട്ടതാണ് 24 മണിക്കൂറും.

അധ്യാപകനാണെങ്കിൽ വീട്ടിലെത്തിക്കഴിഞ്ഞും ഹോംവർക്കുകളുണ്ട്. അടുത്ത ദിവസത്തേക്കുള്ള പാഠഭാഗങ്ങൾ തയ്യാറാവുക (Lesson Plan), പഠനോപകരണങ്ങൾ (Teaching Aids) മെച്ചപ്പെടുത്തുക, ഐ.ടി. അധിഷ്ഠിത സ്മാർട്ട് ക്ലാസ്റൂം നിലവിൽ വന്നതിൽപ്പിന്നെ അതിനായുള്ള ഒരുക്കങ്ങൾ തുടങ്ങി ക്ലാസ് ടെസ്റ്റുകൾ ഉൾപ്പെടെയുള്ള പരീക്ഷാപ്പേപ്പറുകളുടെ മൂല്യനിർണ്ണയംവരെ സ്കൂൾ പ്രവൃത്തിസമയത്തിനു വെളിയിൽ ചെയ്യേണ്ടതാണ്. ജീവിക്കാനുള്ള വകതേടി രാത്രികാലങ്ങളിൽ മറ്റു ജോലിക്കു പോകുന്ന ഒരധ്യാപകന്, മേൽ പ്രവൃത്തികൾ ചെയ്യാൻ സമയം എവിടെയാണ്?

സ്ഥിരാധ്യാപകരുടെ എണ്ണം കുറഞ്ഞ്, ദിവസക്കൂലിക്കാരുടെ എണ്ണം കൂടുന്നത് വിദ്യാലയങ്ങളുടെ നിലനില്പിനെ

സാരമായി ബാധിക്കുന്നുണ്ട്. സ്കൂളിന്റെ അനുദിനനടത്തിപ്പ്, ഉച്ചക്കഞ്ഞി, പാവപ്പെട്ട കുട്ടികൾക്കുള്ള സഹായം തുടങ്ങി സ്കൂൾബസ് വരെയുള്ള ചെലവുകൾക്ക് എയ്ഡഡ് അധ്യാപകർ എല്ലാ മാസവും തങ്ങളുടെ ശമ്പളത്തിൽനിന്ന് ചെറുതല്ലാത്ത തുക സ്കൂളിനായി നൽകാറുണ്ട്. (സർക്കാർതൊഴിൽ മേഖലയിൽ മറ്റൊരിടത്തും ഒരാളുടെ ശമ്പളത്തിന്റെ ഒരു ഭാഗം അയാളുടെ തൊഴിൽമേഖലയിലേക്കു തിരിച്ചു ചെലവഴിക്കുന്നില്ലെന്നു കരുതുന്നു.) സാമ്പത്തികമായി കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന എയ്ഡഡ് സ്കൂളുകളുടെ ഇത്തരം 'വരവ്' സാധ്യതകൾ ദിവസക്കൂലിക്കാരുടെ വരവോടെ ഇല്ലാതായെന്നതാണു സത്യം.

വിദ്യാഭ്യാസമേഖലയിൽ ചെലവഴിക്കുന്ന പണം ഭൗതികവികസനംപോലെ കാണാൻ സാധിക്കാത്തതുകൊണ്ട് ചെലവഴിക്കുന്നവർക്കു മടുപ്പുളവാക്കുക സ്വാഭാവികമാണ്. എന്നിരുന്നാലും, സർക്കാർസ്കൂളുകളോടൊപ്പം സാമൂഹിക നിർമിതിയിൽ മുഖ്യപങ്കു വഹിക്കുന്ന എയ്ഡഡ് വിദ്യാലയങ്ങളും പ്രാധാന്യമർഹിക്കുന്നു.

എയ്ഡഡ് സ്കൂളുകൾ മുഖ്യമായും സർക്കാരിനു സർക്കാരിന്റെ മാർഗനിർദേശപ്രകാരം പ്രവർത്തിക്കുന്നതിനാൽ സർക്കാരിന്റെ കരുതലും ശ്രദ്ധയും അർഹിക്കുന്നു. മാത്രവുമല്ല, ആയിരക്കണക്കിനു സാധാരണക്കാരായ രക്ഷിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാവി സ്വപ്നം കാണുന്നതും എയ്ഡഡ് സ്കൂളുകളിലൂടെയാണ്. അതുകൊണ്ടുതന്നെ അധ്യാപകജീവിതം ഭിന്നശേഷിയിൽ തട്ടിത്തെറിക്കാതിരിക്കട്ടെ!

ഭിന്നശേഷിസംബന്ധമായ നിയമനപ്രശ്നം വിദ്യാഭ്യാസ വകുപ്പിന്റെ തെറ്റിദ്ധാരണാജനകമായ ഉത്തരവുകൾവഴി സങ്കീർണമാക്കിക്കൊണ്ടിരിക്കുകയാണ്. മാനേജ്മെന്റുകളോട് ബഹു. കോടതി ആവശ്യപ്പെട്ടതനുസരിച്ച് റേഷ്യോ വിട്ടു നൽകിയത് സാമൂഹികനീതി ഉറപ്പിക്കുന്നതിനുവേണ്ടിത്തന്നെ

യാണ്. കൈവശമിരുന്ന പോസ്റ്റുകൾ വിട്ടുനൽകിയപ്പോൾ ആ നിയമനങ്ങളും മാനേജ്മെന്റിന് അർഹതപ്പെട്ട മറ്റു നിയമന ങ്ങളും അംഗീകരിച്ചുതരുമെന്ന ധാരണ ഉണ്ടായിരുന്നു. റോസ്റ്റർ തയ്യാറാക്കി വിദ്യാഭ്യാസവകുപ്പിന്റെ അംഗീകാരം വാങ്ങുന്ന മുറയ്ക്ക് എല്ലാം അംഗീകരിച്ച് അധ്യാപകരുടെ വേതന വ്യവസ്ഥകളെല്ലാം സർക്കാർ അംഗീകരിക്കുമെന്ന പ്രതീക്ഷ യിൽ കാത്തിരുന്നപ്പോൾ, മാനേജ്മെന്റിന്റെ അവകാശങ്ങൾ കവർന്നെടുക്കാനുള്ള അവസരമാക്കി മാറ്റിയിരിക്കുന്നു സർക്കാർ. ഫലത്തിൽ, മൂന്നു വർഷമായി അധ്യാപകർ ശമ്പള മില്ലാതെ പഠിപ്പിക്കുന്നു. 30/11/24 ൽ ഈ ഗൂഢോദ്ദേശ്യത്തോടെ പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവ് നമ്പർ 3 അധ്യാപകരുടെ എല്ലാ അവകാശങ്ങൾ നിഷേധിച്ചിരിക്കുന്നു. ഇല്ലാത്ത കോടതിയുത്തരവ് പറഞ്ഞ് മാനേജ്മെന്റിന്റെ അവകാശങ്ങളുടെ മേൽ കൈവച്ചിരിക്കുന്നു. ഉത്തരവ് DGE 15133-2023-H 2 part 1/30/11/24 ഉത്തരവ് നമ്പർ 3, "എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനങ്ങൾ നട ത്തുന്നതുവരെ 08/11/2021 തീയതിക്കുശേഷമുള്ള മറ്റു നിയ മനങ്ങൾ ദിവസവേതനാടിസ്ഥാനത്തിൽമാത്രമേ നടത്താൻ പാടുള്ളൂ എന്നതിനാൽ മാനേജർമാർ നിയമന ഉത്തരവ് ദിവസ വേതനാടിസ്ഥാനത്തിൽത്തന്നെ നൽകുന്നുണ്ടെന്ന് ബന്ധപ്പെട്ട വർ ഉറപ്പുവരുത്തേണ്ടതാണ്. ബഹു. ഹൈക്കോടതി വിധി ന്യായങ്ങൾക്കു വിരുദ്ധമായി ദിവസവേതനാടിസ്ഥാനത്തിൽ അല്ലാതെ സമർപ്പിക്കുന്ന നിയമന ഉത്തരവുകൾ മടക്കി നൽ കേണ്ടതും പകരം പ്രസ്തുത നിയമന ഉത്തരവുകൾ ദിവസ വേതനത്തിൽ സമർപ്പിക്കുമ്പോൾ, മറ്റുവിധത്തിൽ അർഹത യുള്ളപക്ഷം അപ്പലേറ്റ് ഉത്തരവുകൾക്കു കാത്തുനിൽക്കാതെ അംഗീകരിച്ചുനൽകേണ്ടതുമാണ്."ഷാനവാസ് എസ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ. ഈ ഉത്തരവുവഴി 08/11/2021ൽ സർവീ സിൽ പ്രവേശിച്ച ഒരു അധ്യാപകന്റെ നിയമനം ആൾ റിട്ടയർ ആയാലും ഡിപ്പാർട്ട്മെന്റ് അംഗീകാരം നൽകില്ല കാരണം,

ഭിന്നശേഷിക്കാർ ഒരു ജില്ലയിലും നിയമനയോഗ്യരായവർ ഇല്ല എന്നതിനാൽ പോസ്റ്റുകൾ അനാഥമായിക്കിടക്കുന്നു. ഈ തെറ്റിദ്ധാരണാജനകമായ ഉത്തരവുകൾ ആവർത്തിച്ചുകൊണ്ട് ആരെയൊക്കെയോ പ്രീതിപ്പെടുത്താൻ ഡിപ്പാർട്ട്മെന്റ് ശ്രമിക്കുകയാണ്. ഇത്തരം നയങ്ങൾ പിന്തുടരുന്നതുവഴി സംസ്ഥാന സർക്കാരിന്റെ പ്രതിച്ഛായയെയാണ് ബാധിക്കുന്നത്. കാൽക്കീഴിലെ മണ്ണ് പലവിധ തെറ്റായ നയങ്ങളാൽ ഒലിച്ചുപൊയ്ക്കൊണ്ടിരിക്കുമ്പോൾ അർഹതയും യോഗ്യതയുമുള്ള അധ്യാപകരുടെ ശാപവും സർക്കാരിനു കിട്ടട്ടെയെന്നാണോ ഇവർ കരുതുന്നത് എന്നു ശങ്കിച്ചാൽ തെറ്റില്ല. മാത്രമല്ല, അഴിമതിക്കാരാണ്, വിദ്യാഭ്യാസക്കച്ചവടക്കാരാണ് എന്ന് ആക്ഷേപിച്ചാലും ഒരു രൂപപോലും വാങ്ങാതെ അധ്യാപകനിയമനം നടത്തുന്ന മാനേജ്മെന്റുകളുടെ അവകാശം തട്ടിപ്പറിച്ച് അഴിമതിമാത്രം ചെയ്യുന്നവരുടെ കൈയിൽ എത്തിക്കാൻ ചിലർ വെമ്പൽ കൊള്ളുന്നതും പൊതുജനം മനസ്സിലാക്കുന്നുണ്ടെന്ന് ഓർത്താൽ നല്ലത്.

# 2025 ജൂബിലി പ്രാർഥന

സ്വർഗസ്ഥനായ പിതാവേ, അങ്ങയുടെ പുത്രനും ഞങ്ങളുടെ സഹോദരനുമായ ഈശോമിശിഹായിൽ അങ്ങു ഞങ്ങൾക്കു നല്കിയ വിശ്വാസവും പരിശുദ്ധാത്മാവിനാൽ ഞങ്ങളുടെ ഹൃദയങ്ങളിൽ ജ്വലിപ്പിച്ച സ്നേഹത്തിന്റെ ജ്വാലകളും അങ്ങയുടെ രാജ്യത്തിന്റെ ആഗമനത്തെക്കുറിച്ചുള്ള അനുഗ്രഹീതമായ പ്രത്യാശ ഞങ്ങളിൽ വീണ്ടും ഉണർത്തട്ടെ.

സുവിശേഷത്തിന്റെ വിത്തുകൾ വിതയ്ക്കുന്ന തളരാത്ത വിതക്കാരായി അങ്ങയുടെ കൃപ ഞങ്ങളെ രൂപാന്തരപ്പെടുത്തട്ടെ. തിന്മയുടെ എല്ലാ ശക്തികളും പരാജയപ്പെടുകയും അങ്ങയുടെ മഹത്വം നിത്യകാലത്തോളം പ്രകാശിക്കുകയും ചെയ്യുന്ന ഒരു പുതിയ ആകാശത്തിനും ഭൂമിക്കുംവേണ്ടിയുള്ള പ്രത്യാശാപൂർണമായ കാത്തിരിപ്പിൽ, ആ വിത്തുകൾ മനുഷ്യവംശത്തെയും പ്രപഞ്ചം മുഴുവനെയും രൂപാന്തരപ്പെടുത്തട്ടെ.

പ്രത്യാശയുടെ തീർഥാടകരായ ഞങ്ങളിൽ ഈ ജൂബിലിയുടെ കൃപ സ്വർഗീയനിക്ഷേപങ്ങൾക്കായുള്ള ഒരു ദാഹം ഉണർത്തുകയും രക്ഷകന്റെ സന്തോഷവും സമാധാനവും ഈ ലോകംമുഴുവനിലും വ്യാപിക്കാൻ ഇടവരുത്തുകയും ചെയ്യട്ടെ. എന്നേയ്ക്കും വാഴ്ത്തപ്പെട്ടവനായ ഞങ്ങളുടെ ദൈവമായ അവിടത്തേക്കു മഹത്വവും സ്തുതിയും എന്നും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

## COLLECTION LIST 2024 - Highest Collection Order

| Sl. NO | Parishes | TOTAL AMOUNT | PARISH POPULATION | PER CAPITA |
|---|---|---|---|---|
| 1 | PALAI CATHEDRAL | 481,462.00 | 5270 | 91.36 |
| 2 | KURAVILANGAD | 373,840.00 | 14207 | 26.31 |
| 3 | CHERPUMKAL FORANE | 370,806.00 | 4910 | 75.52 |
| 4 | ARUVITHURA | 335,230.00 | 6365 | 52.67 |
| 5 | KOTHANALLOOR | 261,600.00 | 4083 | 64.07 |
| 6 | RATNAGIRI | 252,216.00 | 3295 | 76.55 |
| 7 | KIZHATHADIYOOR, | 236,719.00 | 1219 | 194.19 |
| 8 | LALAM NEW PALAI | 213,674.00 | 1797 | 118.91 |
| 9 | CHEMMALAMATTAM | 189,303.00 | 3980 | 47.56 |
| 10 | MUTTUCHIRA FORANE | 187,439.00 | 7106 | 26.38 |
| 11 | LALAM OLD PALAI | 171,881.00 | 4750 | 36.19 |
| 12 | ELANJI FORANE | 158,416.00 | 4212 | 37.61 |
| 13 | MANNARAPPARA | 151,864.00 | 5529 | 27.47 |
| 14 | RAMAPURAM | 149,800.00 | 8528 | 17.57 |
| 15 | KOODALLOOR | 145,250.00 | 3600 | 40.35 |
| 16 | YENTHAYAR | 141,800.00 | 2300 | 61.65 |
| 17 | KALIKAVU | 139,007.00 | 1790 | 77.66 |
| 18 | BHARANANGANAM FORANE | 136,000.00 | 5319 | 25.57 |
| 19 | MANNAR | 135,692.00 | 1603 | 84.65 |
| 20 | MOOLAMATTAM | 130,220.00 | 3088 | 42.17 |
| 21 | MARANGATTUPALLY | 126,719.00 | 3870 | 32.74 |
| 22 | KADANAD | 126,539.00 | 3403 | 37.18 |
| 23 | KOOTHATTUKULAM | 123,745.00 | 2025 | 61.11 |
| 24 | MUNDANKAL | 121,930.00 | 1724 | 70.73 |
| 25 | TEEKOY | 117,431.00 | 3382 | 34.72 |
| 26 | PLASSANAL | 115,673.00 | 2617 | 44.20 |
| 27 | MONIPPALLY | 102,976.00 | 3297 | 31.23 |
| 28 | KADUTHURUTHY | 102,270.00 | 5530 | 18.49 |
| 29 | CHAKKAMPUZHA | 102,020.00 | 1333 | 76.53 |
| 30 | ARAKULAM NEW | 101,966.00 | 1951 | 52.26 |
| 31 | POONJAR | 101,942.00 | 4020 | 25.36 |
| 32 | MUTHOLAPURAM | 100,918.00 | 2804 | 35.99 |
| 33 | MUTHOLY | 92,888.00 | 1466 | 63.36 |

| | | | | |
|---|---|---|---|---|
| 34 | MEVIDA | 92,675.00 | 1074 | 86.29 |
| 35 | THURUTHIPALLY | 89,570.00 | 1789 | 50.07 |
| 36 | ARUNAPURAM | 83,000.00 | 1433 | 57.92 |
| 37 | KOZHUVANAL | 78,800.00 | 3230 | 24.40 |
| 38 | THIDANAD | 76,950.00 | 3819 | 20.15 |
| 39 | KADAPLAMATTAM | 74,000.00 | 2871 | 25.77 |
| 40 | ARUNOOTTIMANGALAM | 72,670.00 | 2200 | 33.03 |
| 41 | SIBIGIRI | 72,000.00 | 1705 | 42.23 |
| 42 | NEELOOR | 67,000.00 | 2400 | 27.92 |
| 43 | EDAMARUKU | 66,287.00 | 1441 | 46.00 |
| 44 | KURICHITHANAM | 65,175.00 | 2507 | 26.00 |
| 45 | THUDANGANAD FORANE | 64,434.00 | 2189 | 29.44 |
| 46 | MOONNILAVU | 63,581.00 | 1679 | 37.87 |
| 47 | KUDAKKACHIRA | 63,565.00 | 1425 | 44.61 |
| 48 | PAIKA | 63,050.00 | 2757 | 22.87 |
| 49 | KANJIRAMATTAM | 62,500.00 | 2560 | 24.41 |
| 50 | IDAMATTAM | 61,970.00 | 1457 | 42.53 |
| 51 | KALATHOOR | 61,920.00 | 3033 | 20.42 |
| 52 | UDAYAGIRI | 61,113.00 | 1020 | 59.91 |
| 53 | ULLANAD | 60,528.00 | 1746 | 34.67 |
| 54 | VADAKARA | 54,752.00 | 1843 | 29.71 |
| 55 | MELUKAVUMATTAM | 54,500.00 | 2018 | 27.01 |
| 56 | PAINGULAM | 53,710.00 | 1510 | 35.57 |
| 57 | VAYALA | 52,578.00 | 2031 | 25.89 |
| 58 | KURUMANNU | 51,250.00 | 1272 | 40.29 |
| 59 | KUNNONNI | 50,349.00 | 1278 | 39.40 |
| 60 | KANJIRATHANAM | 49,700.00 | 3185 | 15.60 |
| 61 | MANNACKANAD | 49,000.00 | 1478 | 33.15 |
| 62 | PERIAPURAM | 48,865.00 | 1237 | 39.50 |
| 63 | POOVARANY | 48,230.00 | 3367 | 14.32 |
| 64 | MOOZHOOR | 48,000.00 | 2298 | 20.89 |
| 65 | VILAKUMADAM | 47,968.00 | 2352 | 20.39 |
| 66 | MANALUMKAL | 47,800.00 | 1705 | 28.04 |
| 67 | MALAPURAM | 47,001.00 | 1270 | 37.01 |
| 68 | KAKKOOR | 46,603.00 | 1550 | 30.07 |
| 69 | MANATHOOR | 46,300.00 | 2087 | 22.18 |

| | | | | |
|---|---|---|---|---|
| 70 | NAMBIAKULAM | 46,140.00 | 1734 | 26.61 |
| 71 | PRAVITHANAM | 45,880.00 | 3843 | 11.94 |
| 72 | ANTHIALAM | 45,823.00 | 858 | 53.41 |
| 73 | PADUVA | 45,577.00 | 1367 | 33.34 |
| 74 | KALATHOOKADAVU | 44,800.00 | 1375 | 32.58 |
| 75 | PIRAVOM | 44,780.00 | 2610 | 17.16 |
| 76 | MALLIKASSERY | 44,750.00 | 1067 | 41.94 |
| 77 | KAVUMKANDAM | 44,313.00 | 1034 | 42.86 |
| 78 | KIZHAPARAYAR | 43,603.00 | 861 | 50.64 |
| 79 | VALAVOOR | 41,700.00 | 1520 | 27.43 |
| 80 | CHENNAD | 41,508.00 | 1462 | 28.39 |
| 81 | MANVETTAM | 41,425.00 | 4425 | 9.36 |
| 82 | CHITTAR | 40,120.00 | 1130 | 35.50 |
| 83 | THODANAL | 40,118.00 | 1126 | 35.63 |
| 84 | PIZHAKU(URUMPUKAVU) | 39,100.00 | 1000 | 39.10 |
| 85 | MARANGOLY | 39,030.00 | 2119 | 18.42 |
| 86 | KOOTTIKAL | 38,850.00 | 1636 | 23.75 |
| 87 | MANGALARAM | 38,850.00 | 1555 | 24.98 |
| 88 | VEDAGIRI, | 38,563.00 | 1223 | 31.53 |
| 89 | NARIANGANAM | 38,500.00 | 847 | 45.45 |
| 90 | VAKAKKAD | 37,900.00 | 1054 | 35.96 |
| 91 | POOVATHODU | 37,252.00 | 1620 | 23.00 |
| 92 | URULIKUNNAM | 36,450.00 | 1070 | 34.07 |
| 93 | ELAMTHOTTAM | 35,000.00 | 1534 | 22.82 |
| 94 | KURUVINAL | 35,000.00 | 1044 | 33.52 |
| 95 | CHETTUTHODU | 34,927.00 | 735 | 47.52 |
| 96 | AIMCOMBU | 34,480.00 | 905 | 38.10 |
| 97 | JOSEGIRI | 33,900.00 | 900 | 37.67 |
| 98 | KAROOR | 33,470.00 | 1525 | 21.95 |
| 99 | NEERANTHANAM | 33,278.00 | 1486 | 22.39 |
| 100 | MULAKULAM | 31,992.00 | 1325 | 24.14 |
| 101 | FATHIMAPURAM | 29,980.00 | 1303 | 23.01 |
| 102 | POOZHIKOL | 29,353.00 | 1278 | 22.97 |
| 103 | PALAKAD | 29,350.00 | 1064 | 27.58 |
| 104 | VELANILAM | 29,172.00 | 998 | 29.23 |
| 105 | XAVIERPURAM | 28,759.00 | 1061 | 27.11 |

| | | | | |
|---|---|---|---|---|
| 106 | EZHACHERRY | 28,600.00 | 1067 | 26.80 |
| 107 | ARAKULAM OLD | 27,785.00 | 788 | 35.26 |
| 108 | ANTHINADU | 27,300.00 | 1766 | 15.46 |
| 109 | CHEMPILAVU | 27,140.00 | 668 | 40.63 |
| 110 | AMPARANIRAPPEL | 26,640.00 | 1532 | 17.39 |
| 111 | KATTAMPAK | 24,700.00 | 600 | 41.17 |
| 112 | MEENACHIL | 24,482.00 | 1811 | 13.52 |
| 113 | SANTHIPURAM | 24,310.00 | 1219 | 19.94 |
| 114 | KURINJI | 24,300.00 | 1391 | 17.47 |
| 115 | MANJAMATTAM | 24,108.00 | 794 | 30.36 |
| 116 | PERINGULAM | 24,000.00 | 1892 | 12.68 |
| 117 | GEOVALLY | 23,770.00 | 983 | 24.18 |
| 118 | KUDAYATHOOR | 23,700.00 | 2720 | 8.71 |
| 119 | SLIVAPURAM | 22,740.00 | 1471 | 15.46 |
| 120 | NELLIANI | 22,600.00 | 700 | 32.29 |
| 121 | CHOONDACHERY | 21,800.00 | 601 | 36.27 |
| 122 | MARYLAND | 21,650.00 | 1060 | 20.42 |
| 123 | EDAPPADY | 21,350.00 | 1168 | 18.28 |
| 124 | JAIGIRI | 21,294.00 | 1100 | 19.36 |
| 125 | PAYYANITHOTTAM | 21,000.00 | 864 | 24.31 |
| 126 | VELLIKULAM | 20,750.00 | 1200 | 17.29 |
| 127 | PIUSMOUNT | 20,070.00 | 1129 | 17.78 |
| 128 | KEEZHOOR | 19,900.00 | 1010 | 19.70 |
| 129 | AYYAMPARA | 19,839.00 | 571 | 34.74 |
| 130 | KAVEEKUNNU | 19,750.00 | 1325 | 14.91 |
| 131 | GAGULTHA | 19,500.00 | 696 | 28.02 |
| 132 | MALAYINCHIPARA | 19,404.00 | 1591 | 12.20 |
| 133 | VALACHIRA | 18,929.00 | 1062 | 17.82 |
| 134 | PARATHANAM | 18,600.00 | 1648 | 11.29 |
| 135 | KAKOMBU | 18,200.00 | 696 | 26.15 |
| 136 | PALAKATTUMALA | 18,038.00 | 897 | 20.11 |
| 137 | PALAYAM | 17,600.00 | 1288 | 13.66 |
| 138 | MANGALAGIRI | 16,550.00 | 574 | 28.83 |
| 139 | VELLIAMATTAM | 16,455.00 | 2355 | 6.99 |
| 140 | VAKKAD | 15,600.00 | 867 | 17.99 |
| 141 | THIRUMARADY | 15,240.00 | 450 | 33.87 |

| | | | | |
|---|---|---|---|---|
| 142 | ALPHONSAPURAM | 15,000.00 | 768 | 19.53 |
| 143 | NELLAPPARA | 14,669.00 | 237 | 61.89 |
| 144 | JOSE MOUNT | 14,560.00 | 297 | 49.02 |
| 145 | KAYYOOR | 13,700.00 | 911 | 15.04 |
| 146 | KAVALY | 13,300.00 | 307 | 43.32 |
| 147 | ALPHONSAGIRI | 11,966.00 | 550 | 21.76 |
| 148 | SANTHIGIRI. | 11,565.00 | 656 | 17.63 |
| 149 | MANIAMKUNNU | 11,400.00 | 1263 | 9.03 |
| 150 | ADIVARAM | 11,095.00 | 900 | 12.33 |
| 151 | VAGAMON | 10,580.00 | 381 | 27.77 |
| 152 | ADUKAM | 10,500.00 | 627 | 16.75 |
| 153 | PERUMTHURUTH | 10,000.00 | 814 | 12.29 |
| 154 | VIMALAGIRI | 10,000.00 | 400 | 25.00 |
| 155 | KULAMAVU | 9,532.00 | 731 | 13.04 |
| 156 | KONDAD | 9,250.00 | 1815 | 5.10 |
| 157 | KAIPPALLY | 9,000.00 | 774 | 11.63 |
| 158 | VARIANIKKAD | 8,750.00 | 555 | 15.77 |
| 159 | VEZHAGANAM | 8,700.00 | 550 | 15.82 |
| 160 | MAVADY | 8,477.00 | 691 | 12.27 |
| 161 | LOURDES MOUNT | 7,900.00 | 147 | 53.74 |
| 162 | MOONNANI | 7,495.00 | 593 | 12.64 |
| 163 | ELAPPALLY | 7,420.00 | 298 | 24.90 |
| 164 | POOVAKULAM | 6,280.00 | 575 | 10.92 |
| 165 | KARIMPANY | 6,000.00 | 921 | 6.51 |
| 166 | ERAVIMANGALAM | 5,130.00 | 820 | 6.26 |
| 167 | CHOLATHADAM | 4,900.00 | 378 | 12.96 |
| 168 | MATTAKKARA | 4,500.00 | 1380 | 3.26 |
| 169 | MANIAMKULAM | 4,000.00 | 817 | 4.90 |
| 170 | THAKADI | 3,100.00 | 72 | 43.06 |
| 171 | EDADU | 2,800.00 | 193 | 14.51 |

# Mission Sunday Collection 2024

| SI. NO | Parishes | MISSION SUNDAY | PARISH POPULATION | PER CAPITA |
|---|---|---|---|---|
| 1 | ADIVARAM | 790.00 | 900 | 0.88 |
| 2 | ADUKAM | 2,500.00 | 627 | 3.99 |
| 3 | AIMCOMBU | 4,500.00 | 905 | 4.97 |
| 4 | ALPHONSAGIRI | 1,000.00 | 550 | 1.82 |
| 5 | ALPHONSAPURAM | 3,500.00 | 768 | 4.56 |
| 6 | AMPARANIRAPPEL | 1,500.00 | 1532 | 0.98 |
| 7 | ANTHIALAM | 11,000.00 | 858 | 12.82 |
| 8 | ANTHINADU | 1,250.00 | 1766 | 0.71 |
| 9 | ARAKULAM NEW | | 1951 | 0.00 |
| 10 | ARAKULAM OLD | 7,400.00 | 788 | 9.39 |
| 11 | ARUNAPURAM | 24,000.00 | 1433 | 16.75 |
| 12 | ARUNOOTTIMANGALAM | 21,087.00 | 2200 | 9.59 |
| 13 | ARUVITHURA | 51,250.00 | 6365 | 8.05 |
| 14 | AYYAMPARA | | 571 | 0.00 |
| 15 | BHARANANGANAM FORANE | 61,000.00 | 5319 | 11.47 |
| 16 | CHAKKAMPUZHA | 9,790.00 | 1333 | 7.34 |
| 17 | CHEMMALAMATTAM | 41,320.00 | 3980 | 10.38 |
| 18 | CHEMPILAVU | 5,825.00 | 668 | 8.72 |
| 19 | CHENNAD | 4,536.00 | 1462 | 3.10 |
| 20 | CHERPUMKAL FORANE | 50,000.00 | 4910 | 10.18 |
| 21 | CHETTUTHODU | 6,821.00 | 735 | 9.28 |
| 22 | CHITTAR | 7,200.00 | 1130 | 6.37 |
| 23 | CHOLATHADAM | - | 378 | 0.00 |
| 24 | CHOONDACHERY | 3,000.00 | 601 | 4.99 |
| 25 | EDADU | | 193 | 0.00 |
| 26 | EDAMARUKU | 12,000.00 | 1441 | 8.33 |
| 27 | EDAPPADY | - | 1168 | 0.00 |
| 28 | ELAMTHOTTAM | 10,000.00 | 1534 | 6.52 |
| 29 | ELANJI FORANE | 15,000.00 | 4212 | 3.56 |
| 30 | ELAPPALLY | | 298 | 0.00 |
| 31 | ERAVIMANGALAM | | 820 | 0.00 |
| 32 | EZHACHERRY | 10,000.00 | 1067 | 9.37 |

| | | | | |
|---|---|---|---|---|
| 33 | FATHIMAPURAM | 5,100.00 | 1303 | 3.91 |
| 34 | GAGULTHA | 6,100.00 | 696 | 8.76 |
| 35 | GEOVALLY | | 983 | 0.00 |
| 36 | IDAMATTAM | 8,500.00 | 1457 | 5.83 |
| 37 | JAIGIRI | 500.00 | 1100 | 0.45 |
| 38 | JOSE MOUNT | 1,100.00 | 297 | 3.70 |
| 39 | JOSEGIRI | 5,400.00 | 900 | 6.00 |
| 40 | KADANAD | 16,200.00 | 3403 | 4.76 |
| 41 | KADAPLAMATTAM | 12,000.00 | 2871 | 4.18 |
| 42 | KADUTHURUTHY | | 5530 | 0.00 |
| 43 | KAIPPALLY | 1,000.00 | 774 | 1.29 |
| 44 | KAKKOOR | 13,400.00 | 1550 | 8.65 |
| 45 | KAKOMBU | 1,200.00 | 696 | 1.72 |
| 46 | KALATHOOKADAVU | 10,000.00 | 1375 | 7.27 |
| 47 | KALATHOOR | 11,910.00 | 3033 | 3.93 |
| 48 | KALIKAVU | 15,000.00 | 1790 | 8.38 |
| 49 | KANJIRAMATTAM | 15,000.00 | 2560 | 5.86 |
| 50 | KANJIRATHANAM | 5,400.00 | 3185 | 1.70 |
| 51 | KARIMPANY | | 921 | 0.00 |
| 52 | KAROOR | 6,000.00 | 1525 | 3.93 |
| 53 | KATTAMPAK | - | 600 | 0.00 |
| 54 | KAVALY | 2,000.00 | 307 | 6.51 |
| 55 | KAVEEKUNNU | 3,500.00 | 1325 | 2.64 |
| 56 | KAVUMKANDAM | 3,000.00 | 1034 | 2.90 |
| 57 | KAYYOOR | 1,000.00 | 911 | 1.10 |
| 58 | KEEZHOOR | 500.00 | 1010 | 0.50 |
| 59 | KIZHAPARAYAR | 7,655.00 | 861 | 8.89 |
| 60 | KIZHATHADIYOOR | 40,910.00 | 1219 | 33.56 |
| 61 | KONDAD | 1,400.00 | 1815 | 0.77 |
| 62 | KOODALLOOR | 25,000.00 | 3600 | 6.94 |
| 63 | KOOTHATTUKULAM | 20,000.00 | 2025 | 9.88 |
| 64 | KOOTTIKAL | - | 1636 | 0.00 |
| 65 | KOTHANALLOOR | 20,000.00 | 4083 | 4.90 |
| 66 | KOZHUVANAL | 26,000.00 | 3230 | 8.05 |
| 67 | KUDAKKACHIRA | - | 1425 | 0.00 |
| 68 | KUDAYATHOOR | 2,000.00 | 2720 | 0.74 |

| | | | | |
|---|---|---|---|---|
| 69 | KULAMAVU | | 731 | 0.00 |
| 70 | KUNNONNI | 3,000.00 | 1278 | 2.35 |
| 71 | KURAVILANGAD | 61,090.00 | 14207 | 4.30 |
| 72 | KURICHITHANAM | | 2507 | 0.00 |
| 73 | KURINJI | 9,000.00 | 1391 | 6.47 |
| 74 | KURUMANNU | 16,180.00 | 1272 | 12.72 |
| 75 | KURUVINAL | 10,000.00 | 1044 | 9.58 |
| 76 | LALAM NEW PALAI | 20,212.00 | 1797 | 11.25 |
| 77 | LALAM OLD PALAI | 20,298.00 | 4750 | 4.27 |
| 78 | LOURDES MOUNT | 2,200.00 | 147 | 14.97 |
| 79 | MALAPURAM | 2,500.00 | 1270 | 1.97 |
| 80 | MALAYINCHIPARA | 4,350.00 | 1591 | 2.73 |
| 81 | MALLIKASSERY | 4,500.00 | 1067 | 4.22 |
| 82 | MANALUMKAL | 10,000.00 | 1705 | 5.87 |
| 83 | MANATHOOR | 15,000.00 | 2087 | 7.19 |
| 84 | MANGALAGIRI | 7,000.00 | 574 | 12.20 |
| 85 | MANGALARAM | 9,000.00 | 1555 | 5.79 |
| 86 | MANIAMKULAM | - | 817 | 0.00 |
| 87 | MANIAMKUNNU | | 1263 | 0.00 |
| 88 | MANJAMATTAM | 1,470.00 | 794 | 1.85 |
| 89 | MANNACKANAD | - | 1478 | 0.00 |
| 90 | MANNAR | 19,500.00 | 1603 | 12.16 |
| 91 | MANNARAPPARA | 30,484.00 | 5529 | 5.51 |
| 92 | MANVETTAM | | 4425 | 0.00 |
| 93 | MARANGATTUPALLY | 14,597.00 | 3870 | 3.77 |
| 94 | MARANGOLY | | 2119 | 0.00 |
| 95 | MARYLAND | 1,000.00 | 1060 | 0.94 |
| 96 | MATTAKKARA | | 1380 | 0.00 |
| 97 | MAVADY | | 691 | 0.00 |
| 98 | MEENACHIL | 2,000.00 | 1811 | 1.10 |
| 99 | MELUKAVUMATTAM | 8,000.00 | 2018 | 3.96 |
| 100 | MEVIDA | 40,934.00 | 1074 | 38.11 |
| 101 | MONIPPALLY | 21,000.00 | 3297 | 6.37 |
| 102 | MOOLAMATTAM | - | 3088 | 0.00 |
| 103 | MOONNANI | - | 593 | 0.00 |
| 104 | MOONNILAVU | 22,073.00 | 1679 | 13.15 |

| | | | | |
|---|---|---|---|---|
| 105 | MOOZHOOR | 20,000.00 | 2298 | 8.70 |
| 106 | MULAKULAM | 11,700.00 | 1325 | 8.83 |
| 107 | MUNDANKAL | 17,000.00 | 1724 | 9.86 |
| 108 | MUTHOLAPURAM | 28,477.00 | 2804 | 10.16 |
| 109 | MUTHOLY | 17,352.00 | 1466 | 11.84 |
| 110 | MUTTUCHIRA FORANE | 36,249.00 | 7106 | 5.10 |
| 111 | NAMBIAKULAM | 4,000.00 | 1734 | 2.31 |
| 112 | NARIANGANAM | 20,000.00 | 847 | 23.61 |
| 113 | NEELOOR | 10,000.00 | 2400 | 4.17 |
| 114 | NEERANTHANAM | | 1486 | 0.00 |
| 115 | NELLAPPARA | | 237 | 0.00 |
| 116 | NELLIANI | | 700 | 0.00 |
| 117 | PADUVA | 5,574.00 | 1367 | 4.08 |
| 118 | PAIKA | 21,800.00 | 2757 | 7.91 |
| 119 | PAINGULAM | 6,000.00 | 1510 | 3.97 |
| 120 | PALAI CATHEDRAL | 60,740.00 | 5270 | 11.53 |
| 121 | PALAKAD | 8,000.00 | 1064 | 7.52 |
| 122 | PALAKATTUMALA | 1,600.00 | 897 | 1.78 |
| 123 | PALAYAM | 1,500.00 | 1288 | 1.16 |
| 124 | PARATHANAM | 9,200.00 | 1648 | 5.58 |
| 125 | PAYYANITHOTTAM | 2,000.00 | 864 | 2.31 |
| 126 | PERIAPURAM | 5,500.00 | 1237 | 4.45 |
| 127 | PERINGULAM | | 1892 | 0.00 |
| 128 | PERUMTHURUTH | 1,000.00 | 814 | 1.23 |
| 129 | PIRAVOM | - | 2610 | 0.00 |
| 130 | PIUSMOUNT | - | 1129 | 0.00 |
| 131 | PIZHAKU(URUMPUKAVU) | 10,000.00 | 1000 | 10.00 |
| 132 | PLASSANAL | 33,333.00 | 2617 | 12.74 |
| 133 | POONJAR | 10,000.00 | 4020 | 2.49 |
| 134 | POOVAKULAM | | 575 | 0.00 |
| 135 | POOVARANY | 10,270.00 | 3367 | 3.05 |
| 136 | POOVATHODU | 7,889.00 | 1620 | 4.87 |
| 137 | POOZHIKOL | 18,703.00 | 1278 | 14.63 |
| 138 | PRAVITHANAM | | 3843 | 0.00 |
| 139 | RAMAPURAM | 7,700.00 | 8528 | 0.90 |
| 140 | RATNAGIRI | 17,566.00 | 3295 | 5.33 |

| | | | | |
|---|---|---|---|---|
| 141 | SANTHIGIRI | 1,000.00 | 656 | 1.52 |
| 142 | SANTHIPURAM | 7,000.00 | 1219 | 5.74 |
| 143 | SIBIGIRI | 8,000.00 | 1705 | 4.69 |
| 144 | SLIVAPURAM | 800.00 | 1471 | 0.54 |
| 145 | TEEKOY | 23,522.00 | 3382 | 6.96 |
| 146 | THAKADI | | 72 | 0.00 |
| 147 | THIDANAD | 12,000.00 | 3819 | 3.14 |
| 148 | THIRUMARADY | 800.00 | 450 | 1.78 |
| 149 | THODANAL | - | 1126 | 0.00 |
| 150 | THUDANGANAD FORANE | 9,567.00 | 2189 | 4.37 |
| 151 | THURUTHIPALLY | - | 1789 | 0.00 |
| 152 | UDAYAGIRI | 9,772.00 | 1020 | 9.58 |
| 153 | ULLANAD | 11,800.00 | 1746 | 6.76 |
| 154 | URULIKUNNAM | 7,000.00 | 1070 | 6.54 |
| 155 | VADAKARA | 12,031.00 | 1843 | 6.53 |
| 156 | VAGAMON | 1,230.00 | 381 | 3.23 |
| 157 | VAKAKKAD | 4,000.00 | 1054 | 3.80 |
| 158 | VAKKAD | 1,500.00 | 867 | 1.73 |
| 159 | VALACHIRA | 5,025.00 | 1062 | 4.73 |
| 160 | VALAVOOR | 10,620.00 | 1520 | 6.99 |
| 161 | VARIANIKKAD | | 555 | 0.00 |
| 162 | VAYALA | 3,200.00 | 2031 | 1.58 |
| 163 | VEDAGIRI | 10,788.00 | 1223 | 8.82 |
| 164 | VELANILAM | 9,947.00 | 998 | 9.97 |
| 165 | VELLIAMATTAM | | 2355 | 0.00 |
| 166 | VELLIKULAM | 2,000.00 | 1200 | 1.67 |
| 167 | VEZHAGANAM | 1,000.00 | 550 | 1.82 |
| 168 | VILAKUMADAM | 21,000.00 | 2352 | 8.93 |
| 169 | VIMALAGIRI | 650.00 | 400 | 1.63 |
| 170 | XAVIERPURAM | 6,468.00 | 1061 | 6.10 |
| 171 | YENTHAYAR | 20,000.00 | 2300 | 8.70 |
| 172 | KALLORKULAM CHAPEL | - | | |
| 173 | VALAKATTU KUNNU CHAPEL | 1,000.00 | | |
| 174 | GSM SEMINARY | 16,137.00 | | |
| 175 | HOLY GOST HOSPITAL MUTTUCHIRA | 65,300.00 | | |
| 176 | M.K.M HOSPITAL PRAVITHNAM | 7,000.00 | | |

| | | | | |
|---|---|---|---|---|
| 177 | MAR APREM PRIEST HOME PALA | 10,100.00 | | |
| 178 | MAR APREM SEMINARY PALA | 28,000.00 | | |
| 179 | MARIA BHAVAN PRAVITHNAM | 6,500.00 | | |
| 180 | MARIAN MEDICAL CENTRE PALA | 20,001.00 | | |
| 181 | ST.MARYS GHS PALA | 10,000.00 | | |
| 182 | ST.MARYS HSS PALA | 11,500.00 | | |
| 183 | ST.MARYS LPS PALA | 7,000.00 | | |

# COLLECTION LIST 2024

| Sl. NO | Parishes | MISSION SUNDAY |
|---|---|---|
| 1 | ADIVARAM | 790.00 |
| 2 | ADUKAM | 2500.00 |
| 3 | AIMCOMBU | 4500.00 |
| 4 | ALPHONSAGIRI | 1000.00 |
| 5 | ALPHONSAPURAM | 3500.00 |
| 6 | AMPARANIRAPPEL | 1500.00 |
| 7 | ANTHIALAM | 11000.00 |
| 8 | ANTHINADU | 1250.00 |
| 9 | ARAKULAM NEW | |
| 10 | ARAKULAM OLD | 7400.00 |
| 11 | ARUNAPURAM | 24000.00 |
| 12 | ARUNOOTTIMANGALAM | 21,087.00 |
| 13 | ARUVITHURA | 51250.00 |
| 14 | AYYAMPARA | |
| 15 | BHARANANGANAM FORANE | 61,000.00 |
| 16 | CHAKKAMPUZHA | 9,790.00 |
| 17 | CHEMMALAMATTAM | 41320.00 |
| 18 | CHEMPILAVU | 5825.00 |
| 19 | CHENNAD | 4536.00 |
| 20 | CHERPUMKAL FORANE | 50000.00 |
| 21 | CHETTUTHODU | 6821.00 |
| 22 | CHITTAR | 7200.00 |
| 23 | CHOLATHADAM | 0.00 |
| 24 | CHOONDACHERY | 3,000.00 |
| 25 | EDADU | |
| 26 | EDAMARUKU | 12000.00 |
| 27 | EDAPPADY | 0.00 |
| 28 | ELAMTHOTTAM | 10000.00 |
| 29 | ELANJI FORANE | 15,000.00 |
| 30 | ELAPPALLY | |
| 31 | ERAVIMANGALAM | |
| 32 | EZHACHERRY | 10000.00 |
| 33 | FATHIMAPURAM | 5,100.00 |
| 34 | GAGULTHA | 6100.00 |

| | | |
|---|---|---|
| 35 | GEOVALLY | |
| 36 | IDAMATTAM | 8,500.00 |
| 37 | JAIGIRI | 500.00 |
| 38 | JOSE MOUNT | 1100.00 |
| 39 | JOSEGIRI | 5400.00 |
| 40 | KADANAD | 16200.00 |
| 41 | KADAPLAMATTAM | 12000.00 |
| 42 | KADUTHURUTHY | |
| 43 | KAIPPALLY | - |
| 44 | KAKKOOR | 13,400.00 |
| 45 | KAKOMBU | 1200.00 |
| 46 | KALATHOOKADAVU | 10,000.00 |
| 47 | KALATHOOR | 11910.00 |
| 48 | KALIKAVU | 15000.00 |
| 49 | KANJIRAMATTAM | 15000.00 |
| 50 | KANJIRATHANAM | 5400.00 |
| 51 | KARIMPANY | |
| 52 | KAROOR | 6000.00 |
| 53 | KATTAMPAK | 0.00 |
| 54 | KAVALY | 2000.00 |
| 55 | KAVEEKUNNU | 3,500.00 |
| 56 | KAVUMKANDAM | 3000.00 |
| 57 | KAYYOOR | 1000.00 |
| 58 | KEEZHOOR | 500.00 |
| 59 | KIZHAPARAYAR | 7655.00 |
| 60 | KIZHATHADIYOOR | 40910.00 |
| 61 | KONDAD | 1400.00 |
| 62 | KOODALLOOR | 25000.00 |
| 63 | KOOTHATTUKULAM | 20000.00 |
| 64 | KOOTTIKAL | - |
| 65 | KOTHANALLOOR | 20000.00 |
| 66 | KOZHUVANAL | 26000.00 |
| 67 | KUDAKKACHIRA | 0.00 |
| 68 | KUDAYATHOOR | 2000.00 |
| 69 | KULAMAVU | |
| 70 | KUNNONNI | 3000.00 |
| 71 | KURAVILANGAD | 61090.00 |
| 72 | KURICHITHANAM | |

| | | |
|---|---|---|
| 73 | KURINJI | 9000.00 |
| 74 | KURUMANNU | 16180.00 |
| 75 | KURUVINAL | 10,000.00 |
| 76 | LALAM NEW PALAI | 20212.00 |
| 77 | LALAM OLD PALAI | 20298.00 |
| 78 | LOURDES MOUNT | 2200.00 |
| 79 | MALAPURAM | 2500.00 |
| 80 | MALAYINCHIPARA | 4350.00 |
| 81 | MALLIKASSERY | 4500.00 |
| 82 | MANALUMKAL | 10000.00 |
| 83 | MANATHOOR | 15000.00 |
| 84 | MANGALAGIRI | 7000.00 |
| 85 | MANGALARAM | 9000.00 |
| 86 | MANIAMKULAM | - |
| 87 | MANIAMKUNNU | |
| 88 | MANJAMATTAM | 1470.00 |
| 89 | MANNACKANAD | 0.00 |
| 90 | MANNAR | 19500.00 |
| 91 | MANNARAPPARA | 30484.00 |
| 92 | MANVETTAM | |
| 93 | MARANGATTUPALLY | 14597.00 |
| 94 | MARANGOLY | |
| 95 | MARYLAND | 1000.00 |
| 96 | MATTAKKARA | |
| 97 | MAVADY | |
| 98 | MEENACHIL | 2,000.00 |
| 99 | MELUKAVUMATTAM | 8,000.00 |
| 100 | MEVIDA | 40,934.00 |
| 101 | MONIPPALLY | 21,000.00 |
| 102 | MOOLAMATTAM | - |
| 103 | MOONNANI | - |
| 104 | MOONNILAVU | 22,073.00 |
| 105 | MOOZHOOR | 20,000.00 |
| 106 | MULAKULAM | 11,700.00 |
| 107 | MUNDANKAL | 17000.00 |
| 108 | MUTHOLAPURAM | 28,477.00 |
| 109 | MUTHOLY | 17,352.00 |

| | | |
|---|---|---|
| 110 | MUTTUCHIRA FORANE | 36249.00 |
| 111 | NAMBIAKULAM | 4000.00 |
| 112 | NARIANGANAM | 20000.00 |
| 113 | NEELOOR | 10000.00 |
| 114 | NEERANTHANAM | |
| 115 | NELLAPPARA | |
| 116 | NELLIANI | |
| 117 | PADUVA | |
| 118 | PAIKA | 21,800.00 |
| 119 | PAINGULAM | 6,000.00 |
| 120 | PALAI CATHEDRAL | 60740.00 |
| 121 | PALAKAD | 8000.00 |
| 122 | PALAKATTUMALA | |
| 123 | PALAYAM | 1500.00 |
| 124 | PARATHANAM | 9200.00 |
| 125 | PAYYANITHOTTAM | 2000.00 |
| 126 | PERIAPURAM | - |
| 127 | PERINGULAM | |
| 128 | PERUMTHURUTH | 1000.00 |
| 129 | PIRAVOM | 0.00 |
| 130 | PIUSMOUNT | - |
| 131 | PIZHAKU (URUMPUKAVU) | 10000.00 |
| 132 | PLASSANAL | 33,333.00 |
| 133 | POONJAR | 0.00 |
| 134 | POOVAKULAM | |
| 135 | POOVARANY | 10,270.00 |
| 136 | POOVATHODU | 7889.00 |
| 137 | POOZHIKOL | 18703.00 |
| 138 | PRAVITHANAM | |
| 139 | RAMAPURAM | 7700.00 |
| 140 | RATNAGIRI | 17566.00 |
| 141 | SANTHIGIRI | 1,000.00 |
| 142 | SANTHIPURAM | 7000.00 |
| 143 | SIBIGIRI | 8000.00 |
| 144 | SLIVAPURAM | 800.00 |
| 145 | TEEKOY | 23,522.00 |
| 146 | THAKADI | |

| | | |
|---|---|---|
| 147 | THIDANAD | 12000.00 |
| 148 | THIRUMARADY | 800.00 |
| 149 | THODANAL | - |
| 150 | THUDANGANAD FORANE | 9567.00 |
| 151 | THURUTHIPALLY | 0.00 |
| 152 | UDAYAGIRI | 9772.00 |
| 153 | ULLANAD | 11,800.00 |
| 154 | URULIKUNNAM | 7000.00 |
| 155 | VADAKARA | 12031.00 |
| 156 | VAGAMON | 1230.00 |
| 157 | VAKAKKAD | 4000.00 |
| 158 | VAKKAD | 1500.00 |
| 159 | VALACHIRA | 5025.00 |
| 160 | VALAVOOR | 10620.00 |
| 161 | VARIANIKKAD | |
| 162 | VAYALA | 3200.00 |
| 163 | VEDAGIRI | 10788.00 |
| 164 | VELANILAM | 9947.00 |
| 165 | VELLIAMATTAM | |
| 166 | VELLIKULAM | 2000.00 |
| 167 | VEZHAGANAM | 1000.00 |
| 168 | VILAKUMADAM | 21000.00 |
| 169 | VIMALAGIRI | 650.00 |
| 170 | XAVIERPURAM | 6468.00 |
| 171 | YENTHAYAR | 20000.00 |
| | **INSTITUTIONS** | |
| 172 | KALLORKULAM CHAPEL | |
| 173 | VALAKATTU KUNNU CHAPEL | 1,000.00 |
| | M.K. M HOSPITAL PRAVITHNAM | 7,000.00 |
| | MARIAN MEDICAL CENTRE PALA | 20,001.00 |
| | MAR APREM PRIEST HOME PALA | 10,100.00 |
| | ST. MARYS HSS PALA | 11,500.00 |
| | ST. MARYS LPS PALA | 7,000.00 |
| | ST. MARYS GHS PALA | 6,000.00 |
| | MAR APREM SEMINARY PALA | 28,000.00 |
| | HOLY GOST HOSPITAL MUTTUCHIRA | 65,300.00 |
| | GSM SEMINARY | 16,137.00 |
| | MARIA BHAVAN PRAVITHNAM | 6,500.00 |

## Prize List for Diocesan Collection and mission Collection

### General Collection

**Highest Yearly Collection**

I – St. Thomas Cathedral, Pala

II - Major Archiepiscopal Marth Mariam Archdeacon Pilgrim Centre, Kuravilangad

**Highest Yearly Per Capita**

I - St. Joseph's Church, Kizhathadiyoor

II - St. George Church, Lalam New

### Mission Sunday Collection

**Highest Collection**

I – Major Archiepiscopal Marth Mariam Archdeacon Pilgrim Centre, Kuravilangad

II - St. Mary's Forane Church, Bharananganam

**Highest Per Capita Collection**

I - St. Mary's Church, Mevada

II - St. Joseph's Church, Kizhathadiyoor

### INSTITUTIONS

| | | |
|---|---|---|
| **Hospitals** | I - | Holy Ghost Hospital Muttuchira |
| | II - | Marian Medical Centre Pala |
| **Seminary** | I - | Mar Aprem Seminary |
| | II - | Good Shepherd Minor Seminary |
| **Higher Secondary Schools** | | |
| | I - | St Mary's HSS Pala |
| **High Schools** | I - | St Mary's GHS Pala |
| **LP Schools** | I - | St Mary's LPS Pala |
| **Priest Home** | I - | Mar AppremPriest Home Pala |

### ബൈബിൾ ഞായർ കളക്ഷൻ

ജനുവരി 19 ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ ബൈബിൾഞായർ പിരിവു നടത്തി പിരിഞ്ഞുകിട്ടുന്ന തുക ഫെബ്രുവരി 16 നുമുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1 | ബീനാ ജോർജ്, മുത്തോലപുരം | 15,000.00 | |
| 2 | നോർബിൻ തോമസ്, മറ്റത്തിപ്പാറ | 35,903.00 | |
| 3 | ബീന ബാബു, വാകക്കാട് | 25,863.00 | |
| 4 | തോമസ്, മൂലമറ്റം | 50,000.00 | |
| 5 | മോളി എ.കെ. മംഗളഗിരി | 50,000.00 | |
| 6 | മോളി, വള്ളിച്ചിറ | 13,189.00 | |
| 7 | കുര്യൻ ജോൺ, കുളമാവ് | 22,200.00 | |
| 8 | ഏലിക്കുട്ടി ജോസ്, തിടനാട് | 50,000.00 | |
| 9 | പൗളി ജോർജ്, മംഗളാരാം | 21,000.00 | |
| 10 | ഫിലോമിന ജോയ്, നീറന്താനം | 35,000.00 | |
| 11 | സെൽവ മേരി, തീക്കോയി | 27,927.00 | |
| 12 | ഏലമ്മ പീറ്റർ, സേവ്യർപുരം | 33,950.00 | |
| 13 | ആൻസി ജേക്കബ്, ജയ്ഗിരി | 35,000.00 | |
| 14 | വി.ജെ. ജോക്കബ്, മൂഴൂർ | 28,580.00 | |
| 15 | ഷിജി അനി, പാദുവാ | 20,000.00 | |
| 16 | ബോബൻ, പെരിങ്ങുളം | | 689,449.00 |
| 17 | സേവ്യർ, കുറവിലങ്ങാട് | | 45,000.00 |
| 18 | ജോമോൻ, കുറവിലങ്ങാട് | | 77,600.00 |
| 19 | ഭാവന സിബി, കുറവിലങ്ങാട് | | 40,000.00 |
| 20 | മറിയാമ്മ, കുറവിലങ്ങാട് | | 47,100.00 |
| 21 | ബാബു, കുറവിലങ്ങാട് | | 122,771.00 |
| 22 | കെ.റ്റി. ജോസഫ്, കുറവിലങ്ങാട് | | 78,000.00 |
| 23 | അൽഫോൻസാ ജോണി, കുറവിലങ്ങാട് | | 55,000.00 |
| 24 | മരിയ, കുറവിലങ്ങാട് | | 28,000.00 |
| 25 | ഉഷ മാധവൻ, കുറവിലങ്ങാട് | | 7,800.00 |
| 26 | റ്റിജി, കുറവിലങ്ങാട് | | 30,000.00 |
| 27 | മേരി, കുറവിലങ്ങാട് | | 62,607.00 |
| 28 | ജോർജ്, കുറവിലങ്ങാട് | | 70,000.00 |
| 29 | ഷാജി, കുറവിലങ്ങാട് | | 612,000.00 |
| 30 | തങ്കമ്മ, കുറവിലങ്ങാട് | | 90,000.00 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**ഒരു വർഷത്തോളമായി ശ്വാസകോശത്തിൽ കുടുങ്ങിയിരുന്ന എല്ലുകഷണം പുറത്തെടുത്തു.**

ഒരു വർഷത്തോളമായി അമ്പത്തെട്ടുകാരന്റെ ശ്വാസകോശത്തിൽ കുടുങ്ങിയിരുന്ന എല്ലുകഷണം മാർ സ്ലീവാ മെഡിസിറ്റിയിൽ പൾമണറി വിഭാഗത്തിന്റെ നേതൃത്വത്തിൽ വിദഗ്ധചികിത്സയിലൂടെ പുറത്തെടുത്തു. ഇടുക്കി തോപ്രാംകുടി സ്വദേശിയുടെ ശ്വാസകോശത്തിലാണ് എല്ലുകഷണം കുടുങ്ങി യിരുന്നത്. ചുമയും ശ്വാസംമുട്ടലും അനുഭവപ്പെട്ടതിനെത്തുടർന്നു മറ്റു സ്വകാര്യ ആശുപത്രികളിൽ ഇദ്ദേഹം ചികിത്സ തേടിയിരുന്നു. ചുമ കുറയാതെവരികയും ന്യുമോണിയ ബാധിക്കുകയും ചെയ്തപ്പോഴാണ് മാർ സ്ലീവാ മെഡിസിറ്റിയിലെ പൾമണറിവിഭാഗത്തിൽ വിദഗ്ധചികിത്സതേടി എത്തിയത്. മാറാത്ത ചുമയുടെയും ന്യുമോണിയായുടെയും ഒരു കാരണം ശ്വാസനാളിക്കുള്ളിൽ കുടുങ്ങിയ എന്തെങ്കിലും വസ്തുക്കളാകാൻ സാധ്യതയുള്ളതിനാൽ ഡോക്ടർമാരുടെ നേതൃത്വത്തിൽ മുൻകാലത്തുണ്ടായ കാര്യങ്ങൾ തിരക്കി. ഒരു വർഷംമുമ്പ് ഭക്ഷണം കഴിച്ചപ്പോൾ ഉണ്ടായ അനുഭവവും അസ്വസ്ഥതകളും രോഗി പങ്കുവച്ചു.

വീട്ടിൽവച്ച് കപ്പയും ചിക്കൻ കറിയും കഴിക്കുന്നതിനിടെ ഭക്ഷണം തൊണ്ടയിൽ കുടുങ്ങുകയും ഛർദിൽ അനുഭവപ്പെടുകയും ചെയ്തിരുന്നു. പൾമണറിവിഭാഗം കൺസൾട്ടന്റ് ഡോ. മെറിൻ യോഹന്നാന്റെ നേതൃത്വത്തിൽ തുടർന്നുനടത്തിയ വിദഗ്ധപരിശോധനയിലാണ് ശ്വാസകോശത്തിൽ എല്ലുകഷണം കുടുങ്ങിയിരിക്കുന്നതായി കണ്ടെത്തിയത്. തുടർന്ന് ഫ്ളെക്സിബിൾ ബ്രോങ്കോസ്കോപ്പി ചികിത്സയിലൂടെ എല്ലുകഷണം പുറത്തെടുത്തു. പൾമണറിവിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. ജെയ്സി തോമസ്, കൺസൾട്ടന്റ് ഡോ. രാജ് കൃഷ്ണൻ എസ്. എന്നിവരുടെ ചികിത്സയുടെ ഭാഗമായി സുഖം പ്രാപിച്ച രോഗി വീട്ടിലേക്കു മടങ്ങി.

**പക്ഷാഘാത ബോധവത്കരണക്ലാസ്സുകൾ നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി വിവിധ പള്ളികളിൽ പിതൃവേദിയുമായി സഹകരിച്ച് സൗജന്യ പക്ഷാഘാതബോധവത്കരണക്ലാസ്സുകൾ നടത്തി. തീക്കോയി സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ ഇന്റർവെൻഷണൽ ന്യൂറോ റേഡിയോളജിവിഭാഗം കൺസൾട്ടന്റ് ഡോ. ജോസ്പോൾ ലൂക്കാസ്, അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സരീഷ് കുമാർ എം.കെ., വെള്ളിയാമറ്റം സെന്റ് ജോർജ് പള്ളിയിൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസ് കുന്നേൽ പോൾ, കടനാട് സെന്റ് അഗസ്റ്റിൻ ഫൊറോനാപ്പള്ളിയിൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസി ജെ. വള്ളിപ്പാലം എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**സ്കൂളുകളിൽ ബോധവത്കരണക്ലാസ്സുകൾ**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ച് നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി വിവിധ സ്കൂളുകളിൽ ബോധവത്കരണക്ലാസ്സുകൾ നടത്തി. നീലൂർ സെന്റ് ജോസഫ് പബ്ലിക് സ്കൂൾ, കൊഴുവനാൽ സെന്റ് ജോൺ എൻ.എച്ച്.എസ്.എസ്, അരുവിത്തുറ സെന്റ് മേരീസ് എൽ.പി.എസ്. എന്നിവിടങ്ങളിലാണ് സെമിനാറുകൾ സംഘടിപ്പിച്ചത്. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. എയ്ഞ്ചൽ തോമസ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ജൂലി എലിസബത്ത്, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ - റെമഡിയൽ തെറാപ്പിസ്റ്റ് ലയമോൾ മാത്യു എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**സൗജന്യ രക്തദാനക്യാമ്പുകൾ നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ളാക്കാട്ടൂർ എം.ജി.എം. എൻ.എസ്.എസ് ഹയർ സെക്കൻഡറി സ്കൂൾ, മോനിപ്പള്ളി ഗാഥാസ് ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയുമായി സഹകരിച്ച് സൗജന്യ രക്തദാനക്യാമ്പുകൾ നടത്തി.

**സൗജന്യ പി.എഫ്.ടി പരിശോധനാക്യാമ്പുകൾ സംഘടിപ്പിച്ചു**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി എസ്.എം.വൈ.എമ്മുമായി സഹകരിച്ച് വിവിധ പള്ളികളിൽ സൗജന്യ പി.എഫ്.ടി. പരിശോധനക്യാമ്പുകൾ നടത്തി. ഉള്ളനാട് എസ്.എച്ച്. പള്ളി, കീഴൂർ മൗണ്ട് കാർമ്മൽ പള്ളി, അടിവാരം സെന്റ് മേരീസ് പള്ളി എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ നടത്തിയത്. പൾമണറിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജെയ്സി തോമസ്, കൺസൾട്ടന്റുമാരായ ഡോ. രാജ്കൃഷ്ണൻ. എസ്., ഡോ. മെറിൻ യോഹന്നാൻ എന്നിവർ യഥാക്രമം പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സുകളും പരിശോധനയും നടത്തി.**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി വിവിധ പള്ളികളിൽ മാതൃവേദിയുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സുകളും പരിശോധനയും നടത്തി. തിടനാട് സെന്റ് ജോസഫ് പള്ളി, അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാപ്പള്ളി, ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാപ്പള്ളി, കടനാട് സെന്റ് അഗസ്റ്റിൻസ് ഫൊറോനാ പ്പള്ളി, ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ആൻഡ് പോൾസ് പള്ളി എന്നിവിടങ്ങളിൽ ക്യാമ്പുകൾ നടന്നു. ക്യാമ്പുകളിൽനിന്നു തിരഞ്ഞെടുത്തവർക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ച് സൗജന്യ മാമോഗ്രാം പരിശോധനയും ചെയ്തു നൽകി. ഓങ്കോളജി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റുമാരായ ഡോ. സോൻസ് പോൾ, ഡോ. രവിശങ്കർ ടി.ആർ. എന്നിവർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ക്രിസ്മസ് ആഘോഷം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ക്രിസ്മസ് ആഘോഷം നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ക്രിസ്മസ് സന്ദേശം നൽകി. ആശുപത്രിയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ജീവന ക്കാർക്കു നൽകുന്ന ഹീലിയോസ് അവാർഡുകളുടെ വിതരണം, ക്രിസ്മസ് ഗാനാലാപനം, കരോൾ സർവ്വീസ് എന്നിവയും നടത്തി.

**സൗജന്യ പാലിയേറ്റീവ് കെയർ പരിശീലനം നൽകി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാദുവ റബർ ഉത്പാദക സംഘത്തിലെ അംഗങ്ങൾക്കായി പാലിയേറ്റീവ് കെയർ പരിശീലനം നൽകി. മാർ സ്ലീവാ മെഡിസിറ്റി പാലിയേറ്റീവ് വിഭാഗം കോ-ഓർഡിനേറ്റർ ഡോ. സ്വപ്ന തോമസ് പരിശീലനക്ലാസ്സിനു നേതൃത്വം നൽകി.

**ആംബുലൻസ് ഡ്രൈവർമാർക്ക് സൗജന്യ ബി.എൽ.എസ്. പരിശീലനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കട്ടപ്പന, മുരിക്കാശ്ശേരി, നെടുങ്കണ്ടം, കുമളി മേഖലകളിലെ ആംബുലൻസ് ഡ്രൈവർമാർക്കായി ബേസിക് ലൈഫ് സപ്പോർട്ട്, അടിയന്തരഘട്ടങ്ങളിൽ പാലിക്കേണ്ട രോഗീപരിചരണം എന്നീ വിഷയങ്ങളിൽ സൗജന്യപരിശീലനം നൽകി. എമർജൻസിവിഭാഗം ഫിസിഷ്യൻ

ഡോ. ശ്രീജിത്ത് ആർ. നായർ, ഇന്റർവെൻഷണൽ ന്യൂറോ റേഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസ്പോൾ ലൂക്കാസ് എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**ബോധവത്കരണക്ലാസ്സുകൾ നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഹെൽത്ത് ടോക്ക് സീരീസിന്റെ ഭാഗമായി ഹ്യൂമൻ റിസോഴ്സസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ജീവനക്കാർക്കായി വിവിധ വിഷയങ്ങളിൽ ബോധവത്കരണക്ലാസ്സുകൾ നടത്തി. ചൈൽഡ് ഡെവലപ്മെന്റ് സെന്റർ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. തോമസ് എബ്രഹാം, ജനറൽ മെഡിസിൻവിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. ജ്യോതിഷ് രാജ് എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് അടിമാലിയിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഹൈറേഞ്ച് ആംബുലൻസ് കൂട്ടായ്മയുമായി സഹകരിച്ച് അടിമാലി മുഹ്‌യുദ്ദീൻ ജുമാ മസ്ജിദിൽവച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**പുതിയ സ്റ്റാഫ് പ്രവേശനകവാടം, ഡ്രസ് ചേയ്ഞ്ചിങ് സൗകര്യം എന്നിവയുടെ ആശീർവാദം നടത്തി**

മാർ സ്ലീവാ മെസിഡിസിറ്റിയിൽ പുരുഷജീവനക്കാർക്കായി ക്രമീകരിച്ച പുതിയ പ്രവേശനകവാടത്തിന്റെയും ഡ്രസ് ചേയ്ഞ്ചിങ് സൗകര്യത്തിന്റെയും ആശീർവാദം നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ കാർമികത്വം വഹിച്ചു.

**സൗജന്യ വൈദ്യസഹായം നൽകി**

പാലാ ജൂബിലിത്തിരുനാൾ, പാലാ ഫുഡ് ഫെസ്റ്റ്, പാലാ സെന്റ് തോമസ് കോളജിലെ അർക്കാഡിയ കൾച്ചറൽ ഇവന്റ്, പാലാ സെന്റ് തോമസ് കോളജ് മൈതാനത്തു നടന്ന ബൈബിൾ കൺവൻഷൻ, പാലാ രൂപത പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി സെന്റ് തോമസ് കോളജ് മൈതാനത്ത് എസ്.എം.വൈ.എമ്മിന്റെ നേതൃത്വത്തിൽ നടന്ന യുവജനസംഗമം എന്നിവയോട് അനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ ആംബുലൻസ്സേവനവും വൈദ്യസഹായവും ക്രമീകരിച്ചുനൽകി.

**ഡോ. രശ്മി എം.ആർ. ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഡെർമറ്റോളജി ആൻഡ് കോസ്മറ്റോളജി വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ. രശ്മി എം.ആർ. ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

ആർച്ചുബിഷപ് ഫ്ലാവിയോ പാച്ചേ (Discastery for Ecumenism Secretary)

റവ. ഡോ. ഹിയാസിന്റ് ഡെസ്റ്റിവെല്ലെ O.P.

ജാവെയർ പൗളിച്ച് (പെറു അംബാസിഡർ)

ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപത)

**ആർച്ചുബിഷപ്പിന്റെ സന്ദർശനം**

എക്യുമെനിസത്തിനുള്ള കാര്യാലയത്തിന്റെ സെക്രട്ടറി ആർച്ചുബിഷപ് ഫ്ളാവിയോപാച്ചേ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**മാനേജിങ് ബോർഡ് മീറ്റിങ്**

വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിന്റെ മാനേജിങ് ബോർഡ് മീറ്റിങ് ഡിസംബർ 17 ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മാനേജിങ് ബോർഡ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. തീർഥാടനകേന്ദ്രത്തിലെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ പെരിയ ബഹു. റെക്ടർ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ അവതരിപ്പിച്ചു. ബഹുമാനപ്പെട്ട റെക്ടറച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തീർത്ഥാടനകേന്ദ്രം അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ തീർത്ഥാടനകേന്ദ്രത്തിൽ നടത്തിയ നിർമാണ പ്രവർത്തനങ്ങളെക്കുറിച്ചു വിശദീകരിക്കുകയും കഴിഞ്ഞ മീറ്റിങ്ങിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. സ്ലീവാ അൽഫോൻസിയൻ ഇയറിനെക്കുറിച്ച് വൈസ് റെക്ടർ ഫാ. ആന്റണി തോണക്കര സംസാരിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷപ്രസംഗം നടത്തി പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. വികാരി ജനറാൾ മോൺ. ജോസഫ് തടത്തിലും യോഗത്തിൽ സംസാരിച്ചു. യോഗത്തിന്റ ഫാ. ആന്റണി തോണക്കര നന്ദിയർപ്പിച്ചു സംസാരിച്ചു.

**കുമ്പസാരവും കാനോനികനിയമങ്ങളും - സെമിനാർ**

ഡിസംബർ 9 തിങ്കളാഴ്ച തീർഥാടനകേന്ദ്രത്തിലെ ബഹുമാനപ്പെട്ട വൈദികർക്കായി 'കുമ്പസാരവും കാനോനികനിയമങ്ങളും' എന്ന വിഷയത്തെ സംബന്ധിച്ച് ഒരു സെമിനാർ നടത്തുകയുണ്ടായി. വടവാതൂർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഈസ്റ്റേൺ കാനൻലോ ഡയറക്ടർ വെരി റവ. ഫാ. ജോസഫ് കടുപ്പിൽ ക്ലാസ് നയിച്ചു.

**ഡയറിയും കലണ്ടറും പുറത്തിറക്കി**

വിശുദ്ധ അൽഫോൻസാതീർഥാടനകേന്ദ്രം 2025 ലെ ഡയറിയും കലണ്ടറും പുറത്തിറക്കി. ഡിസംബർ 7 ശനിയാഴ്ച വൈകിട്ട് നാലു മണിക്കു നടന്ന ചടങ്ങിൽ

ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോന വികാരി റവ.ഫാ. സക്കറിയാസ് ആട്ടപ്പാട്ട് കലണ്ടറിന്റെ ആദ്യപതിപ്പ് തീർഥാടനകേന്ദ്രം റെക്ടർ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിലിനു നല്കി പ്രകാശനം ചെയ്തു. തീർഥാടനകേന്ദ്രത്തിലെ തിരുക്കർമസമയങ്ങൾ, വി. അൽഫോൻസാമ്മയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ, തീയതികൾ എന്നിവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടു തയ്യാറാക്കിയതാണ് പുതിയ ഡയറിയും കലണ്ടറും.

**പെറു അംബാസിഡറുടെ സന്ദർശനം**

ഇന്ത്യയിലെ പെറു അംബാസിഡർ ജാവിയർ പൗളിനോവിച്ച് വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**രോഗിദിനം**

വിശുദ്ധ അൽഫോൻസാതീർഥാടനകേന്ദ്രം ഡിസംബർ പതിമ്മൂന്നാം തീയതി രോഗിദിനമായി ആചരിച്ചു. രാവിലെ 9.30 ന് ആരംഭിച്ച ശുശ്രൂഷയിൽ രോഗികൾക്കായി കൈവയ്പുപ്രാർഥനയും ദിവ്യകാരുണ്യാരാധനയും നടത്തി. പങ്കെടുത്തവർക്കെല്ലാം കുമ്പസാരത്തിനായി പ്രത്യേക സൗകര്യം ഒരുക്കിയിരുന്നു. 11:30 ന് വിശുദ്ധ കുർബാനയോടെ ശുശ്രൂഷകൾ സമാപിച്ചു. റവ. ഫാ. തോമസ് ഓലായത്തിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**വിദേശത്തുനിന്നുള്ള തീർത്ഥാടകരുടെ സന്ദർശനം**

ഡിസംബർമാസത്തിൽ വിവിധ വിദേശരാജ്യങ്ങളിൽനിന്നുള്ള തീർഥാടകസംഘങ്ങൾ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർഥിക്കുകയുണ്ടായി.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കുവേണ്ടി 2024 ഡിസംബർ 1 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ഡിസംബർ ഇരുപത്തിയെട്ടാം തീയതി രാത്രിയാരാധന നടത്തപ്പെട്ടു. വൈകുന്നേരം ഏഴു മണിക്ക് വി. കുർബാനയോടെ ആരംഭിച്ച രാത്രിയാരാധന ഞായറാഴ്ച രാവിലെ 4 മണിക്കുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. റവ. ഫാ. ബെന്നി തറപ്പേൽ CMI ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**വോളന്റിയേഴ്സ് മീറ്റിങ്**

വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിലെ വോളന്റിയർമാരുടെ ഒരു മീറ്റിങ് ഡിസംബർ 17 ചൊവ്വാഴ്ച സെന്റ് അൽഫോൻസാ സ്പിരിച്ചാലിറ്റി

സെന്ററിൽവച്ചു നടത്തപ്പെട്ടു. ബഹുമാനപ്പെട്ട റെക്ടർ റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റവ. ഫാ. ആന്റണി തോണക്കര സ്വാഗതം ആശംസിച്ചു. യോഗത്തിൽ വോളന്റിയേഴ്സിന്റെ സേവനങ്ങളെക്കുറിച്ചും മറ്റു പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുകയും വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു. തീർഥാടനകേന്ദ്രം അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ഗർവാസിസ് ആനിത്തോട്ടത്തിൽ എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു.

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ്**

2024-2025 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ക്ലാസ് ഡിസംബർ 14-ാം തീയതി നടന്നു. റവ. ഡോ. അലക്സ് പണ്ടാരക്കാപ്പിൽ, റവ. ഫാ. അഗസ്റ്റിൻ കണ്ടത്തിക്കുടിലിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

2025 ജനുവരിമാസത്തിലെ ക്ലാസ്സുകൾ :

ജനുവരി 2 & 11

Moral Theology : Prof. Dr. Dominic Vechoor

**2. സീറോമലബാർസഭാതല പ്രതിഭാസംഗമം**

സീറോമലബാർസഭാതല പ്രതിഭാസംഗമം 2024 ഡിസംബർ 29 മുതൽ 31 വരെയുള്ള തീയതികളിൽ സഭ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപതയെ പ്രതിനിധീകരിച്ച് ഗ്ലെൻ വട്ടുകുളത്തിൽ കാഞ്ഞിരത്താനം, നൈബിൻ പുത്തൻപുര കടുത്തുരുത്തി, ജെസ്ന കൈതമറ്റത്തിൽ കടുത്തുരുത്തി, ജുവാൻ മുതുപ്ലാക്കൽ ഗാഗുൽത്താ എന്നിവർ പങ്കെടുത്തു.

**3. അധ്യാപകസംഗമം**

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2024 ഡിസംബർ 29-ാം തീയതി നാലാം ക്ലാസിലെ അധ്യാപകർക്കായി പ്രത്യേക സംഗമം നടത്തി. പാഠപുസ്തകത്തെ സംബന്ധിച്ചുള്ള ഉൾക്കാഴ്ചകളും നിർദേശങ്ങളും ഈ സംഗമത്തിൽ പങ്കുവച്ചു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ സംഗമത്തിൽ സിസ്റ്റർ ഡോണ എഫ്.സി.സി. ക്ലാസ് നയിച്ചു.

**4. വിശ്വാസപരീശീലന രൂപതാവാർഷികം**

വിശ്വാസപരിശീലന രൂപതാവാർഷികം 2025 ജനുവരി 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ്

കല്ലറങ്ങാട്ടുപിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും ഈ വർഷം നടത്തപ്പെട്ട വിവിധ കലാസാഹിത്യമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ നല്കുന്നതുമാണ്. സമ്മാനാർഹരായ എല്ലാവരും പ്രസ്തുത സമ്മേളനത്തിൽ വന്നു സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്. രൂപതയിലെ മികച്ച വിശ്വാസപരി ശീലകനെയും വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷങ്ങൾ പൂർത്തിയാക്കിയ വിശ്വാസപരിശീലകരെയും ഈ സമ്മേളനത്തിൽ ആദരിക്കുന്നതാണ്. രൂപതയിലെ ഈ വർഷത്തെ മികച്ച സൺഡേസ്കൂളുകൾക്കുള്ള ട്രോഫികൾ, വിവിധ സ്കോളർഷിപ്പുകൾ നേടിയവർക്കുള്ള സമ്മാനങ്ങൾ എന്നിവയും ഈ വർഷികയോഗത്തിൽവച്ചു നല്കുന്നതാണ്.

**5. പ്രഥമാധ്യാപകരുടെയും പ്രമോട്ടേഴ്സിന്റെയും സമ്മേളനം**

രൂപതയിലെ പ്രഥമാധ്യാപകരുടെയും പ്രമോട്ടേഴ്സിന്റെയും സംയുക്ത സമ്മേളനം 2025 ജനുവരി 26-ാം തീയതി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെയുള്ള സമയത്ത് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റി റ്റ്യൂട്ടിൽവച്ചു നടത്തപ്പെടുന്നതാണ്.

**6. തിരുബാലസഖ്യം ക്വിസ്**

തിരുബാലസഖ്യം സംഘടനയിലെ അംഗങ്ങൾക്കായി നടത്തപ്പെടുന്ന തിരുബാലസഖ്യം ക്വിസ് 2025 ജനുവരി 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെടും. മേഖലാതലമത്സരത്തിൽ ആദ്യ സ്ഥാനങ്ങളിൽ എത്തുന്ന രണ്ടു പേരാണ് രൂപതതലമത്സരത്തിൽ പങ്കെടുക്കുന്നത്. തിരുബാലസഖ്യം പഠനഗ്രന്ഥമായ 'വിശുദ്ധപുഷ്പങ്ങൾ' എന്ന പുസ്തകത്തെ ആസ്പദമാക്കിയാണ് ക്വിസ് നടത്തുന്നത്.

**7. സ്കൂൾ മതബോധന-സന്മാർഗശാസ്ത്ര സ്കോളർഷിപ്പുപരീക്ഷ**

സ്കൂൾ സന്മാർഗശാസ്ത്ര സ്കോളർഷിപ്പുപരീക്ഷ 2025 ജനുവരി 11-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെയും മതബോധന സ്കോളർഷിപ്പു പരീക്ഷ ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയും നാലു കേന്ദ്രങ്ങളിലായി നടത്തപ്പെടുന്നു. പരീക്ഷ നടത്തപ്പെടുന്ന കേന്ദ്രങ്ങൾ: സെന്റ് തോമസ് എച്ച്.എസ്. പാലാ, സെന്റ് ജോർജ് എച്ച്.എസ്. അരുവിത്തുറ, സെന്റ് മേരീസ് ജി.എച്ച്.എസ്. കുറവിലങ്ങാട്, സെന്റ് ജോർജ് യു.പി.എസ്. മൂലമറ്റം.

**8. Mission Quest 2024**

സീറോ മലബാർസഭയിലെ മതബോധനവിദ്യാർഥികൾക്കും മുതിർന്ന വർക്കുമായി സീറോ മലബാർ മിഷൻ ഓഫീസും സീറോ മലബാർ മതബോധ നകമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച Mission Quest 2024 എന്ന പേരിലുള്ള ഓൺലൈൻ ക്വിസ്മത്സരത്തിന്റെ രൂപതാതലമത്സരം 2024 ഡിസംബർ 14 നു നടന്നു. രൂപതാതല വിജയികൾ -

**വിദ്യാർത്ഥികൾ:**

1. ലിസ് മരിയ തോമസ് പായിക്കാട്ട്, സെന്റ് ജോർജ് ഫൊറോനാ ചർച്ച്, അരുവിത്തുറ.

2. ജെസ്ന മരിയ ഷിനോജ് കൈതമറ്റത്തിൽ, സെന്റ് മേരീസ് ഫൊറോനാ ചർച്ച്, കടുത്തുരുത്തി.

3. റയാൻ ബിനീഷ് വർഗീസ് പുതുമനക്കുന്നത്ത്, സെന്റ് അഗസ്റ്റിൻസ് ഫൊറോനാ ചർച്ച്, രാമപുരം.

**മുതിർന്നവർ:**

1. ലിജ ജേക്കബ് പിണക്കാട്ട്, സെന്റ് തോമസ് ചർച്ച്, മേലുകാവുമറ്റം.

2. ഷീല തോമസ് കണിയാരകത്ത്, സെന്റ് അഗസ്റ്റിൻസ് ഫൊറോനാ ചർച്ച്, രാമപുരം.

3. തോമസ് ടി. കണിയാരകത്ത്, സെന്റ് അഗസ്റ്റിൻസ് ഫൊറോനാ ചർച്ച്, രാമപുരം.

## 9. Question Board Meeting - മതബോധന-സന്മാർഗ്ഗശാസ്ത്രം

മതബോധന-സന്മാർഗശാസ്ത്രത്തിന്റെ വാർഷികപ്പരീക്ഷകൾക്കുള്ള ചോദ്യപ്പേപ്പർ തയ്യാറാക്കുന്നതിനായി രൂപീകരിച്ച Question Board അംഗങ്ങളുടെ മീറ്റിങ് 2024 ഡിസംബർ 13-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 ന് ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കി.

## 10. Question Board Meeting - വിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ രണ്ടാം ടേം പരീക്ഷകൾക്കുള്ള ചോദ്യപ്പേപ്പർ തയ്യാറാക്കുന്നതിനായി രൂപീകരിച്ച Question Board അംഗങ്ങളുടെ മീറ്റിങ് 2024 ഡിസംബർ 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 ന് ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. ഡയറക്ടറച്ചൻ ആവശ്യമായ നിർദ്ദേശങ്ങൾ നല്കി.

## 11. ആദരിച്ചു

രൂപതാ വിശ്വാസപരിശീലനകേന്ദ്ര ഓഫീസിൽ അമ്പതു വർഷത്തെ സേവനം പൂർത്തിയാക്കിയ സി. റെജീന ജോൺ എസ്.എച്ചിനെ ഷലോം കുടുംബം ആദരിച്ചു. ഡിസംബർ 12 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോമിലെ എല്ലാ വൈദികരും ചേർന്ന് പരിശുദ്ധ കുർബാന അർപ്പിച്ച് പ്രാർഥിച്ചു. തുടർന്ന് ഷലോം ഹാളിൽ അനുമോദനപൊതുസമ്മേളനം നടത്തി.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. മനേജാ സെന്റ് അൽഫോൻസാ ദൈവാലയകൂദാശ**

മനേജായിൽ വി. അൽഫോൻസാമ്മയുടെ നാമത്തിൽ നിർമിക്കപ്പെട്ട ദൈവാലയം നവംബർ 16 ശനിയാഴ്ച കൂദാശ ചെയ്യപ്പെട്ടു. ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ മുഖ്യകാർമികത്വം വഹിച്ചു. മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ ജോസ് ചിറ്റൂപറമ്പിൽ, മാർ തോമസ്

പാടിയത്ത്, റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ മസ്കരനാസ് എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

**2. ക്രിസ്തുമസ് കരോൾ**

ക്രിസ്തുമസിന് ഒരുക്കമായി എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും ക്രിസ്തുമസ് കരോൾ നടത്തപ്പെട്ടു.

**3. ചാരിറ്റിപ്രവർത്തനങ്ങൾ**

ക്രിസ്തുമസ് കാലത്ത് വിവിധ ഇടവകകളുടെയും കുർബാന സെന്ററുകളുടെയും ആഭിമുഖ്യത്തിൽ വിവിധങ്ങളായ ചാരിറ്റിപ്രവർത്തനങ്ങൾ നടത്തപ്പെട്ടു. വില്ലേജുകളും ചേരികളും സന്ദർശിക്കുകയും ആളുകൾക്കാവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**4. തിരുപ്പിറവി**

തിരുപ്പിറവിദിനത്തിൽ എല്ലാ ഇടവകകളിലും തിരുപ്പിറവിയുടെ തിരുക്കർമങ്ങൾ നടത്തപ്പെട്ടു. അങ്കലേശ്വർ മേരിമാതാ ദൈവാലയത്തിൽ ഷംഷാബാദ് രൂപത ഗുജറാത്ത് റീജിയൺ സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ തിരുകർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

ഫാ. **ജോർജ് നെല്ലിക്കൽ** (റീജണൽ സെക്രട്ടറി)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർഷികം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ 2024-2025 പ്രവർത്തന വർഷത്തെ വാർഷികസമ്മേളനം 2024 ഡിസംബർമാസം ഒന്നാം തീയതി പാലാ ളാലം പഴയ പള്ളിയിൽവച്ചു നടന്നു. സമ്മേളനം പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നിർവഹിച്ചു. മിഷൻലീഗ് രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. മിഷൻലീഗ് പാലാ രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ജോസഫ് തടത്തിൽ, ഫാ. ആന്റണി നങ്ങാപറമ്പിൽ, ഫാ. ജോർജ് ഒഴുകയിൽ, സി. ഡോ. മോനിക്ക SH, തോമസ് അടുപ്പുകല്ലുങ്കൽ, ഡോ. റ്റോം ജോസ് ഒട്ടലാങ്കൽ, സിറിൽ തൊമ്മനാമറ്റത്തിൽ, ജോഫി ഞാവള്ളിൽ എന്നിവർ പ്രസംഗിച്ചു. മികച്ച ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫികൾ സമ്മേളനത്തിൽ വിതരണം ചെയ്തു. സമ്മേളനത്തെത്തുടർന്നു നടന്ന വിശ്വാസപ്രഖ്യാപനറാലി പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഫ്ളാഗ് ഓഫ് ചെയ്തു.

**രൂപതാകൗൺസിൽ**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ രൂപതാകൗൺസിൽ യോഗം 2024 ഡിസംബർ ഒന്നാം തീയതി പാലാ ളാലം പഴയപള്ളിയിൽവച്ചു നടന്നു. രൂപതാപ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതാഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നൽകി.

രൂപതയിലെ 171 ശാഖകളിൽനിന്നും 17 മേഖലകളിൽനിന്നുമുള്ള ഭാരവാഹികൾ യോഗത്തിൽ സംബന്ധിച്ചു. ആറു റീജിയണുകളിൽനിന്നുള്ള റീജിയണൽ ഓർഗനൈസർമാർ സമ്മേളനത്തിൽ റീജിയണൽ റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപതയുടെ ഡിസംബർമാസത്തെ എക്സിക്യൂട്ടീവുയോഗം ഡിസംബർ ഒന്നാം തീയതി വൈകുന്നേരം അഞ്ചു മണിക്ക് പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പാലാ രൂപത മിഷൻലീഗ് ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നവംബർമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഡിസംബർമാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചു നിർദേശങ്ങൾ നൽകുകയും ചെയ്തു.

**സെക്രട്ടറിയേറ്റ് യോഗം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ ഡിസംബർമാസത്തിലെ സെക്രട്ടറിയേറ്റ് യോഗം ഡിസംബർമാസം ഒന്നാം തീയതി ഞായറാഴ്ച രാവിലെ 8:30 ന് പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. യോഗത്തിൽ എക്സിക്യൂട്ടീവിൽ ചർച്ചചെയ്യേണ്ട അജണ്ടകളെ സംബന്ധിച്ചു തീരുമാനം എടുത്തു.

**രൂപത ജൂണിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ 5,6,7,8 ക്ലാസ്സുകളിൽ പഠിക്കുന്ന മിഷൻലീഗ് അംഗങ്ങൾക്കായി 2024 ഡിസംബർ 26, 27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ച് ജൂണിയേഴ്സ് ക്യാമ്പ് നടന്നു. ഡിസംബർ 26 വ്യാഴാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച ക്യാമ്പ് ഡിസംബർ 27 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3:45 ന് അവസാനിച്ചു.

**രൂപത ദൈവവിളിക്യാമ്പ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ 9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന മിഷൻലീഗ് അംഗങ്ങൾക്കായി 2024 ഡിസംബർ 27,28 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് ദൈവവിളിക്യാമ്പ് നടന്നു. ഡിസംബർ 27 വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച ക്യാമ്പ് ഡിസംബർ 28 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3:30 ന് അവസാനിച്ചു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**അവാർഡുകൾ വിതരണം ചെയ്തു**

ഡിസംബർ 14 ശനിയാഴ്ച പാലാ കത്തീഡ്രൽ പള്ളിയുടെ ഓഡിറ്റോറിയ ത്തിൽവച്ച് ടീച്ചേഴ്സ്സംഗമത്തോടനുബന്ധിച്ചു നടന്ന മീറ്റിങ്ങിൽ 2023-24

വർഷത്തെ കെ.സി.എസ്.എൽ - ബെസ്റ്റ് സ്കൂൾ, ബെസ്റ്റ് ആനിമേറ്റർ അവാർഡുകൾ പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്തു.

ഹയർ സെക്കൻഡറി വിഭാഗത്തിൽ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, പ്ലാശനാൽ, ഹൈസ്കൂൾ വിഭാഗത്തിൽ സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട്, യു.പി വിഭാഗത്തിൽ എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം എന്നീ സ്കൂളുകൾ ബെസ്റ്റ് സ്കൂളുകൾ ആയി തിരഞ്ഞെടുക്കപ്പെട്ടു.

ഹയർ സെക്കൻഡറി വിഭാഗത്തിൽ എയ്ഞ്ചൽ പൊന്നു ബേബി (സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, പ്ലാശനാൽ), ഹൈസ്കൂൾ വിഭാഗത്തിൽ സി. റീന സ്കറിയ (സെന്റ് മേരീസ് എച്ച്.എസ്.എസ്, തീക്കോയി), യു.പി. വിഭാഗത്തിൽ സി. ലിസിയമ്മ പി.സി (എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം) എന്നിവർ ബെസ്റ്റ് ആനിമേറ്റേഴ്സ് ആയി തിരഞ്ഞെടുക്കപ്പെട്ടു.

**സെൻട്രൽ കൗൺസിൽ മീറ്റിങ്**

ഡിസംബർ 14 ശനിയാഴ്ച എറണാകുളം പി.ഒ.സിയിൽ വച്ചു നടന്ന സി.സി. മീറ്റിങ്ങിൽ പാലാ രൂപതയിൽനിന്ന് ജനറൽ ഓർഗനൈസർ സോജൻ കെ.ജെ. സംബന്ധിച്ചു. മൂന്നുമാസത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചു.

**എക്സിക്യൂട്ടീവ് മീറ്റിങ്**

ഡിസംബർ 17 ചൊവ്വാഴ്ച 3.00 pm മുതൽ 4.30 pm വരെ ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് എക്സിക്യൂട്ടീവ് മീറ്റിങ് കൂടി. ഡയറക്ടർ ജോർജ് പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ കൂടിയ മീറ്റിങ്ങിൽ അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ, പ്രസിഡന്റ് ജിജോ മാത്യു, ഓർഗനൈസർ സോജൻ കെ.ജെ. മറ്റ് എക്സിക്യൂട്ടീവംഗങ്ങൾ എന്നിവർ പങ്കെടുത്തു. ജനുവരി 17 ന് നടത്താനിരിക്കുന്ന കെ.സി.എസ്.എൽ. ആനിവേഴ്സറിയെക്കുറിച്ച് ചർച്ച ചെയ്തു. ജനുവരി 25 ന് എൽ.പി. വിഭാഗത്തിലെ കുട്ടികൾക്കായി നടത്താനിരിക്കുന്ന ബൈബിൾവാക്യമത്സരത്തെക്കുറിച്ചും കെ.സി.എസ്.എൽ. ആന്തം മത്സരത്തെക്കുറിച്ചും ചർച്ചചെയ്തു. ക്രിസ്മസ് ആഘോഷവും അന്നേദിവസം നടത്തി.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

1. 2024-25 പ്രവർത്തനവർഷത്തെ ഫൊറോനാതലത്തിലുള്ള ഇലക്ഷനുകൾ പൂർത്തിയായി.

2. പാലാരൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു നടക്കുന്ന മഹായുവജന സംഗമം 'ഏൽ റോയ്'യുടെ ക്ഷണം 17 ഫൊറോനാതലത്തിലൂടെ പൂർത്തിയായി.

3. കർദിനാളായി അഭിഷേകം ചെയ്യപ്പെട്ട മാർ ജോർജ് കൂവക്കാട്ടു പിതാവിന് പ്രാർഥനാശംസകൾ നേർന്നു.

**4.** ചരിത്രത്താളുകളിൽ ചരിത്രമായി മാറുന്ന ചരിത്രരേഖയായ യുവജന പ്രസ്ഥാനത്തിന്റെ 50 വർഷചരിത്രം സുവനീർ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് പ്രകാശനം ചെയ്തു.

**5.** പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു നടക്കുന്ന മഹായുവജന സംഗമമായ 'ഏൽ റോയ്' കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ്, രൂപതയുടെ മുൻ രൂപതാധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ്, രൂപതയുടെ ബഹുമാനപ്പെട്ട വികാരി ജനറാൾമാർ, സിനിമാനടൻ ശ്രീ ജോയ് വർഗീസ് എന്നിവർ പങ്കെടുത്ത മഹാസംഗമത്തിൽ പതിനയ്യായിരത്തിലധികം യുവജനങ്ങൾ പങ്കെടുത്തു.

**6. നന്ദിയുടെ ഒരു വാക്ക്**

2023-24 പ്രവർത്തനവർഷം യുവജനപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരുപാട് ഉത്തരവാദിത്വങ്ങൾ നിറഞ്ഞതായിരുന്നു. രൂപതയുടെ യുവജനപ്രസ്ഥാനത്തിന്റെ സുവർണജൂബിലിസമാപനവും യുവജനവർഷവും യുവജനവർഷഭവനവും പ്ലാറ്റിനം ജൂബിലി യുവജനസംഗമമായ ഏൽ റോയ് യും തുടങ്ങി ഒരുപാടുപ്രവർത്തനങ്ങൾ നിറഞ്ഞ ഒരു വർഷമായിരുന്നു കഴിഞ്ഞുപോയത്. കരുത്തായി, കരുതലായി കൂടെനിന്ന നല്ല ദൈവത്തിനു നന്ദി. പോരായ്മകളെ സ്നേഹത്തോടെ പറഞ്ഞുതന്ന, കുറവുകളെ അതിജീവിക്കാൻ കൂടെനിന്ന ബഹുമാനപ്പെട്ട മേലധ്യക്ഷനും വൈദികർക്കും സന്ന്യസ്തർക്കും പ്രിയപ്പെട്ട യുവജനങ്ങൾക്കും ഒരായിരം നന്ദി...

'യുവജനങ്ങളേ, നിങ്ങൾ ഹൃദയമില്ലാത്ത ഇന്നിന്റെ ലോകത്തിന്റെ ഹൃദയമാകണം...' എന്ന് മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നമ്മളെ പഠിപ്പിക്കുമ്പോൾ, ഇനി വരുന്ന പ്രവർത്തനവർഷത്തിൽ നിങ്ങളുടെ എല്ലാവരുടെയും എല്ലാ പിന്തുണയും പ്രോത്സാഹനവും തുടർന്നും ഉണ്ടാകണമേ എന്ന് അപേക്ഷിച്ചുകൊണ്ട് ഒരിക്കൽക്കൂടി നന്ദി....

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**സോണൽ അസംബ്ലി**

2025 ൽ നടക്കാനിരിക്കുന്ന കേരള അസംബ്ലിക്കും നാഷണൽ അസംബ്ലിക്കും ഡെലിഗേറ്റ്സായി പോകാനുള്ളവരെ തിരഞ്ഞെടുക്കുന്ന സോണൽ അസംബ്ലി 2024 ഡിസംബർ മാസം 14-ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണിമുതൽ നാലുമണി വരെ ളാലം പുത്തൻപള്ളിയിലെ പാരിഷ് ഹാളിൽവച്ചു നടത്തപ്പെട്ടു.

**ക്രിസ്മസ് ആഘോഷം**

2024 ഡിസംബർ 14-ാം തീയതി രാവിലെ 9 മണിമുതൽ ളാലം പുത്തൻ പള്ളിയുടെ പാരിഷ് ഹാളിൽവച്ച് ക്രിസ്മസ് ആഘോഷം നടന്നു. നൂറിലധികം

ജീസസ് യൂത്ത് അംഗങ്ങൾ ഒന്നുചേർന്ന് കരോൾഗാനങ്ങൾ ആലപിക്കുകയും കേക്കു മുറിക്കുകയും ആഘോഷിക്കുകയും ചെയ്തു. 12 മണിക്കു നടന്ന വിശുദ്ധ കുർബാനയിൽ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ഇതുവരെ ചൊരിഞ്ഞ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ടും എല്ലാ മരിച്ചവർക്കുവേണ്ടിയും വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.

**ഏകദിനപരിപാടി**

2024 ഡിസംബർ എട്ടാം തീയതി ഞായറാഴ്ച അറക്കുളം സെന്റ് തോമസ് ദൈവാലയത്തിൽവച്ച് ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു. എൺപതിലധികം സൺഡേസ്കൂൾ അംഗങ്ങൾ എത്തിച്ചേർന്നു. ഇടവകവികാരിയായ ഫാ. സിറിയക് പുത്തേട്ട് എല്ലാവിധ പിന്തുണയും നൽകി.

**ഷോർട്ട് ഫിലിം**

ജീസസ് യൂത്ത് പാലാ ടീൻസ് ടീമിന്റെയും അഗാപ്പേ ക്രിസ്ത്യൻ സ്റ്റോറീസിന്റെയും നേതൃത്വത്തിൽ 'സൈറ ആൻഡ് സാന്റ' എന്ന പേരിൽ ഒരു ആനിമേറ്റഡ് ഷോർട്ട് ഫിലിം ജീസസ് യൂത്ത് പാലായുടെ യൂട്യൂബ് ചാനലിൽ പ്രദർശിപ്പിച്ചു. ടീൻസ് ടീം കോർഡിനേറ്ററായ ആൽഫിൻ ഇമ്മാനുവൽ ബെന്നിയാണ് ഷോർട്ട് ഫിലിം സംവിധാനം ചെയ്തത്.

**അഖണ്ഡജപമാല**

2024 ഡിസംബർ മാസം രണ്ടാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണി മുതൽ വൈകുന്നേരം 7 മണി വരെ ഗൂഗിൾ മീറ്റിലൂടെ അഖണ്ഡജപമാല നടത്തപ്പെട്ടു. പാലാ സോണിനെയും സോണിന്റെ ഓരോ നിയോഗങ്ങളെയും പരി. അമ്മയുടെ വിമലഹൃദയത്തിനു സമർപ്പിക്കുന്നതായിരുന്നു അഖണ്ഡജപമാല.

**ആരാധന**

എല്ലാ മാസവും ആദ്യതിങ്കളാഴ്ചയും മൂന്നാം തിങ്കളാഴ്ചയും അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിന്റെ ചാപ്പലിൽവച്ച് അരുവിത്തുറ ഇടവകയിലെ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തി വരുന്നു.

**നൈറ്റ് വിജിൽ**

2024 ഡിസംബർ 6 ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻപള്ളിയിൽ വച്ച് വൈകുന്നേരം ഏഴരമുതൽ ഡിസംബർ 7 രാവിലെ 6 മണി വരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നുചേർന്നു പ്രാർത്ഥിച്ചു. ഈ കൂട്ടായ്മയിലൂടെ വചനം പഠിക്കുകയും പങ്കുവയ്ക്കുകയും ജീവിതാനുഭവങ്ങൾ കർത്താവിന്റെകൂടെ ആയിരുന്നുകൊണ്ട് മറ്റുള്ളവർക്കു പകർന്നുനൽകുകയും ചെയ്തു.

**മധ്യസ്ഥപ്രാർത്ഥന**

എല്ലാ ദിവസവും വൈകുന്നേരം 8:30 ന് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർഥിച്ചു.

പാലാ സോൺ ഒന്നിച്ചുനയിക്കുന്ന ഈ പ്രാർഥന അനേകരെ യേശുവിലേക്ക് അടുപ്പിച്ചു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന് ളാലം പള്ളിയിലെ മിനിഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു. പ്രാർത്ഥനയിലൂടെയും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്. മുപ്പതിലധികം പേർ എല്ലാ ആഴ്ചകളിലും ഈ ഗാതറിങ്ങിന് എത്തിച്ചേരുന്നുണ്ട്.

**കൾച്ചറൽ എക്സ്ചേഞ്ച് 2024**

നമ്മുടെ വിശ്വാസജീവിതവും പ്രാർത്ഥനാശൈലിയും പരിചയപ്പെടാനും അടുത്തറിയാനുമായി ഉത്തരേന്ത്യയിൽനിന്നു വന്ന ഇരുന്നൂറ്റിയറുപതോളം യുവജനങ്ങൾ ഒരാഴ്ചത്തെ ധ്യാനത്തിനുശേഷം കേരളത്തിലെ വിവിധ സോണുകളിലേക്ക് അയയ്ക്കപ്പെട്ടു. 2024 ഡിസംബർ 20 മുതൽ 28 വരെ ഛത്തീസ്ഗഡിൽനിന്ന് 15 യുവജനങ്ങളാണ് കൾച്ചറൽ എക്സ്ചേഞ്ചിന്റെ ഭാഗമായി പാലായിൽ എത്തിച്ചേർന്നത്. പാലായിലെ വിവിധ കുടുംബങ്ങളിൽ അവർ താമസിക്കുകയും ഭരണങ്ങാനം, രാമപുരം, കുറവിലങ്ങാട് തുടങ്ങിയ തീർഥാടനകേന്ദ്രങ്ങൾ സന്ദർശിക്കുകയും യുവജനങ്ങളെ കണ്ടുമുട്ടുകയും അവരുടെ ജീവിതശൈലി അടുത്തറിയുകയും ചെയ്തു. പാലാ ജീസസ് യൂത്ത് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, സി. ലിസ് മരിയ തുടങ്ങിയവർ അവരെ സ്വാഗതം ചെയ്തു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1) 01 /12 /2024 മുട്ടുചിറ ഫൊറോനാപ്പള്ളിയിലെ കുടുംബക്കൂട്ടായ്മയുടെ വാർഡുതല ക്ലാസുകൾ വികാരി വെരി.റവ.ഫാ.എബ്രാഹം കൊല്ലിത്താനത്തുമലയിലിന്റെ പ്രാർഥനാശീർവാദത്തോടെ ആരംഭിച്ചു. 18 വാർഡുകളിൽ കുടുംബക്കൂട്ടായ്മ രൂപത റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസെടുത്തു.

2) 08/12/2024 മുട്ടുചിറ ഇടവകയിലെ 9 വാർഡുകളിൽ കുടുംബക്കൂട്ടായ്മ ക്ലാസുകൾ നടന്നു. വികാരി വെരി റവ.ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിലിന്റെ പ്രാർഥനയോടെ ക്ലാസുകൾ ആരംഭിച്ചു.

3) 13/12/2024 കുറിച്ചിത്താനം ഇടവകയിലെ കുടുംബക്കൂട്ടായ്മയുടെ വാർഷികവും ഇടവകദിനവും കുടുംബക്കൂട്ടായ്മ രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. ഇഗ്നേഷ്യസ് നടുവിലേക്കുറ്റ് അധ്യക്ഷത വഹിച്ചു.

4) 14/12/2024 കുന്നോന്നി ഇടവകയിലെ 15 വാർഡുകളിലും കുടുംബക്കൂട്ടായ്മ രൂപത റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസെടുത്തു. വികാരി റവ. ഫാ. മാത്യു പീടികയുടെ പ്രാർഥനയോടെ ക്ലാസുകൾ ആരംഭിച്ചു.

5) 15/12/2024 മുട്ടുചിറ ഫൊറോനാപ്പള്ളിയിലെ 16 വാർഡുകളിൽ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ക്ലാസുകൾ നടന്നു.

6) കുടുംബക്കൂട്ടായ്മ രൂപത കൗൺസിൽ ചേർന്നു. വാർഷികം ജനുവരി 31-ാം തീയതി വെള്ളിയാഴ്ച ളാലം പഴയ പള്ളി ഓഡിറ്റോറിയത്തിൽവച്ചു നടത്താൻ തീരുമാനിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**ഡിസംബർ 09-11, 19-21** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 327 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**ജനുവരി 02-04, 23-25, ഫെബ്രുവരി 07-09, 24-26** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

ഡിസംബർമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, റവ. ഡോ. തോമസ് വടക്കേൽ എന്നിവർ ക്ലാസ്സെടുത്തു. 492 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

### 4. ക്രിസ്തുമസ്സ് ആഘോഷം

ഡിസംബർ 23-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോമിന്റെ ക്രിസ്മസ്സ് ആഘോഷം നടത്തപ്പെട്ടു.

## B. പിതൃവേദി

### 1. രൂപതാസമിതി

ഡിസംബർ 18-ാം തീയതി വൈകുന്നേരം 4 മണിക്ക് പിതൃവേദി രൂപത എക്സിക്യൂട്ടീവ് കൂടുകയും ക്രിസ്മസ് ആഘോഷിക്കുകയും ചെയ്തു.

## C. മാതൃവേദി

### 1. വാർഷികം

ഡിസംബർ 4-ാം തീയതി രാവിലെ 10.30 ന് മാതൃവേദി കൂടല്ലൂർ യൂണിറ്റിന്റെ വാർഷികം നടത്തപ്പെട്ടു. രൂപതാഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂ

ക്കിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഡിസംബർ 15-ാം തീയതി പൈക യൂണിറ്റിന്റെ വാർഷികം നടത്തപ്പെട്ടു.

**2. ടൂർ**

ഡിസംബർ 5-ാം തീയതി മാതൃവേദി സമിതി ആലപ്പുഴയ്ക്കു ടൂർ നടത്തി.

**3. സമ്മേളനം**

ഡിസംബർ 12-ാം തീയതി രാവിലെ 10 മണിക്ക് 2023-24 കാലഘട്ടത്തിലെ മാതൃവേദി രൂപതാസമിതിയുടെ അവസാനസമ്മേളനം റവ.ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**4. ഇലക്ഷൻ**

ഡിസംബർ 16-ാം തീയതി ഷലോമിൽ വച്ച് 2025-26 കാലഘട്ടത്തിലേക്കുള്ള മാതൃവേദി രൂപത ഇലക്ഷൻ നടത്തപ്പെട്ടു. ജോയിന്റ് ഡയറക്ടറായി റവ. സി. കുസുമം ജോസ് തുളുവനാനിക്കൽ എസ്.എച്ച്. ചാർജെടുത്തു. പ്രസിഡന്റ് - ഷേർളി ചെറിയാൻ ഭരണങ്ങാനം, വൈസ് പ്രസിഡന്റ്-മേഴ്സി മാണി ഇലഞ്ഞി, സെക്രട്ടറി - സബീന സക്കറിയാസ് മുട്ടുചിറ, ജോ. സെക്രട്ടറി - ലൗലി ബിനു കടനാട്, ട്രഷറർ - ഡയാന രാജു കത്തീഡ്രൽ പാലാ എന്നിവർ യഥാക്രമം തിരഞ്ഞെടുക്കപ്പെട്ടു.

**5. മേഖലാവാർഷികം**

ഡിസംബർ 17-ാം തീയതി ചേർപ്പുങ്കൽ മേഖലാവാർഷികം നടത്തപ്പെട്ടു. ചേർപ്പുങ്കൽ വികാരി റവ. ഫാ. ജോസഫ് പാനാമ്പുഴ അധ്യക്ഷത വഹിച്ച സമ്മേളനം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അരുവിത്തുറ മേഖലാവാർഷികം നടത്തപ്പെട്ടു.

## D. പ്രോലൈഫ്

**1. മീറ്റിങ്**

ഡിസംബർ 8-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോമിൽ വച്ചു നടത്തപ്പെട്ട പ്രോലൈഫ് സമിതിയുടെ മീറ്റിങ്ങിൽ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് ചൊവ്വേലിക്കുടിയിൽ സന്ദേശം നൽകി സംസാരിച്ചു.

## E. ഹോംമിഷൻ

വിവിധ ഇടവകകളിലായി നടത്തിവരുന്ന ഹോം മിഷൻ പൂർത്തിയായി വരുന്നു.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞടുക്കാൻ ഈ സേവനം പ്രയോ

ജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. കലണ്ടർ**

ഡിസംബർ 18-ാം തീയതി രാവിലെ 10 മണിക്കു നടത്തപ്പെട്ട രൂപത പ്രസ്ബിത്തേരിയത്തിൽ വച്ച് സീറോ മലബാർ മാട്രിമണിയുടെ 2025 വർഷത്തെ കലണ്ടർ പ്രകാശനം ചെയ്തു.

### G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്രിസ്മസിനോട് അനുബന്ധിച്ച് ഡിസംബർ 4, 12, 19 തീയതികളിൽ യുവതികൾക്കും അമ്മമാർക്കുമായി കേക്കുനിർമാണപരിശീലനം നടത്തി. ഉത്തമ കുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയിന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയിന്റിങ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — **7306293048**

### H. മംഗല്യനിധി

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി **അരുവിത്തുറ, പാദുവ, ഉദയഗിരി, മുത്തോലി** ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**പത്താമത് അടുക്കളത്തോട്ടമത്സരം -2024**

**രൂപതാവിജയികൾ**

**കർഷകമിത്രം അവാർഡുജേതാക്കൾ**

I^st^ ജോഷി കണ്ണീറ്റുമ്യാലിൽ

II^nd^ എമ്മിച്ചൻ തെങ്ങുംപള്ളി, പയസ്മൗണ്ട്

III^rd^ എം.എം. ജോസഫ് മടിക്കാങ്കൽ, പറത്താനം

IV^th^ ഡൊമിനിക് ജോസഫ് മഠത്തിപ്പറമ്പിൽ, നീലൂർ

V^th^ ജ്യോതി ജോസ് കുറ്റനാൽ, മരങ്ങാട്ടുപിള്ളി

**കുട്ടിക്കർഷകൻ**

ആകാശ് സിറിയക്, മുണ്ടുമൂഴിക്കര, കോതനല്ലൂർ

**യുവകർഷകൻ**

ആൽബിൻ മാത്യു കുന്നപ്പള്ളിൽ, പെരിങ്ങളം

**സീനിയർ സിറ്റിസൺ**

പ്രൊഫ. ഫ്രാൻസിസ് കൊച്ചുമല, മരങ്ങോലി

**സീനിയർ സിറ്റിസൺ & വെറൈറ്റി കൃഷി**

തങ്കമ്മ ജോസ് മാധവത്ത്, മരങ്ങാട്ടുപിള്ളി

**ടെറസ്സ് കൃഷി**

1. സി.സി. മാത്യു ചുള്ളിക്കൽ, കൂട്ടിക്കൽ
2. ജെയ്സമ്മ ജയിംസ് പറയംപറമ്പിൽ, മുത്തോലപുരം
3. സജോ ജോസഫ് കാഞ്ഞിരത്തിങ്കൽ, മേരിലാന്റ്

**പ്രോത്സാഹനസമ്മാനങ്ങൾ**

1. ജോയി കെ. തോമസ്, കളപ്പുരയ്ക്കൽ, ഉള്ളനാട്
2. എം.കെ. തോമസ് അരുക്കുഴിപ്പിൽ, മുട്ടുചിറ
3. ബീന മാത്യു വെട്ടിക്കത്തടം കാഞ്ഞിരത്താനം
4. ഷേർലി ജോഷി വലിയപറമ്പിൽ, രത്നഗിരി
5. ലൈസമ്മ ജോസ് വട്ടുകുന്നേൽ, രാമപുരം
6. റോസമ്മ ജോസ് എടാട്ട്, മലയിഞ്ചിപ്പാറ
7. മോളി ജോയി ചെങ്ങഴശ്ശേരിയിൽ, തീക്കോയി
8. ജോർജുകുട്ടി പള്ളിക്കാപ്പറമ്പിൽ, കോതനല്ലൂർ
9. രഞ്ജി സലിൻ കൊല്ലംകുഴി, പൂഴിക്കോൽ
10. ജെയ്മോൻ പുത്തൻപുരയ്ക്കൽ, നമ്പ്യാകുളം
11. ജോർജ് കെ.എസ്. കാഞ്ഞിരക്കാട്ട്, മംഗളാരാം
12. തോമസ് വർഗീസ് ഞൊണ്ടിക്കൽ, മഞ്ഞാമറ്റം
13. ആശ തങ്കച്ചൻ ചരുവുകാലായിൽ

**സ്പെഷ്യൽ ജൂറി അവാർഡ്**

1. ഇ.ജെ. ജേക്കബ് ഇഞ്ചനാനിയിൽ, രാമപുരം
2. സിബി മാളിയേക്കൽ, മൂലമറ്റം

വിജയികൾക്കുള്ള ക്യാഷ് അവാർഡും സമ്മാനങ്ങളും 2025 ജനുവരി 5-ാം തീയതി മുണ്ടാങ്കൽ പാരീഷ്ഹാളിൽ ചേരുന്ന കർഷകസംഗമത്തിൽ വച്ച് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നല്കും.

**രൂപതാക്കമ്മറ്റി**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ യോഗം 22-12-202 ഞായറാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തി. രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു.

അടുക്കളത്തോട്ടം-2024 മത്സരവിജയികളെ അനുമോദിക്കുകയും നേതൃത്വം നല്കിയ കർഷകവേദി ചെയർമാൻ ടോമി കണ്ണീറ്റുമ്യാലിനെ അഭിനന്ദിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന തീരുമാനിക്കുകയും ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ തുടങ്ങിയവർ സംസാരിക്കുകയും ചർച്ചകൾക്കു നേതൃത്വം നല്കുകയും ചെയ്തു. പതിനേഴു ഫൊറോനാസമിതികളുടെ റിപ്പർട്ടുകൾ അവതരിപ്പിച്ചു. യൂത്തു കൗൺസിൽ, വനിതാ കൗൺസിൽ, ബിസിനസ്സ് ഗ്രൂപ്പ് എന്നിവയുടെ റിപ്പോർട്ടുകളും അവതരിപ്പിച്ചു. ഒക്ടോബർ 6-ാം തീയതി നടന്ന പഠനശിബിരത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾക്കൊണ്ട് അടുത്ത മൂന്നുവർഷത്തെ പ്രവർത്തനമുദ്രാവാക്യം കമ്മറ്റി അംഗീകരിച്ചു. 'സമുദായശക്തീകരണം കാലഘട്ടത്തിന്റെ അനിവാര്യത' എന്ന മുദ്രാവാക്യത്തിന്റെ ചുവടുപിടിച്ചുള്ള പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു.

**ഫൊറോനാമീറ്റിങ്ങുകൾ**

**തീക്കോയി**

കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ തീക്കോയി ഫൊറോനാസമിതിയുടെ ഉദ്ഘാടനം ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ നിർവഹിച്ചു. മേഖലാ പ്രസിഡന്റ് ജോ സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. റവ. ഡോ. തോമസ് നൊച്ചേരിൽ, ഫാ. ജോസഫ് താന്നിക്കപ്പാറ. പയസ് കവളംമാക്കൽ, ഡോ. ജോസിൻ ജോസ്, സെബാസ്റ്റ്യൻ തോമസ് തുടങ്ങിയവർ സംസാരിച്ചു. പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെയും അടുക്കളത്തോട്ടം മത്സരത്തിൽ വിജയികളായവരെയും യോഗത്തിൽ ആദരിച്ചു.

**പ്രവിത്താനം**

മുനമ്പം ജനതയോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് പ്രവിത്താനം ഫൊറോന കമ്മിറ്റി പ്രമേയം പാസ്സാക്കി. ഫൊറോന പ്രസിഡന്റ് ജോയി ചന്ദ്രൻകുന്നേൽ അധ്യക്ഷത വഹിച്ചു. റവ. ഫാ. ജോർജ് വേളൂപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് മാത്യു പോളച്ചിറകുന്നുംപുറം, ജോയി തോമസ് കളപ്പുരയ്ക്കൽ, പ്രമോദ് കാനാട്ട്, മാത്യു തറപ്പേൽ തുടങ്ങിയവർ സംസാരിച്ചു.

**കുറവിലങ്ങാട്**

മേഖലാസമ്മേളനം ഫൊറോന പ്രസിഡന്റ് നിധീഷ് നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഫാ. ജോർജ് വടയാറ്റുകുഴി സമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീ എമ്മാനുവൽ നിധീരി മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ച് അടുക്കളത്തോട്ടം മത്സരവിജയികൾക്കുള്ള സമ്മാ

നങ്ങൾ വിതരണം ചെയ്തു. പ്ലാറ്റിനം ജൂബിലി സ്മാരകഭവനത്തിന്റെ നിർമാണ കമ്മിറ്റി രൂപീകരണവും നടത്തി. ഷിബു കുപ്പക്കര, ക്രിസ്റ്റി ആര്യപ്പള്ളിൽ തുടങ്ങിയവർ സംസാരിച്ചു.

**യൂണിറ്റ് മീറ്റിങ്ങുകൾ**

**മരങ്ങാട്ടുപിള്ളി**

സംസ്ഥാനശാസ്ത്രമേളയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കു മെമന്റോ നല്കി ആദരിച്ചു. റവ ഫാ. ജോസഫ് ഞാറക്കാട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ബെന്നി തോട്ടപ്പനാൽ അധ്യക്ഷത വഹിച്ചു. രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരി മെമന്റോകൾ നല്കി.

**മംഗളാരാം**

മംഗളാരാം യൂണിറ്റ് സമ്മേളനം രൂപത ട്രഷറർ ജോയി കണിപറമ്പിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോസഫ് മുണ്ടയ്ക്കൽ അധ്യക്ഷത വഹിച്ചു. അടുക്കളത്തോട്ടം മത്സരവിജയികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു. എം.എ. ജോർജ് മണിയങ്ങാട്ട്, എ.സി. ബേബിച്ചൻ, ബെല്ലാ സിബി, സണ്ണി തോമസ് മ്ലാവിൽ, വർഗീസ് ഒഴുകയിൽ തുടങ്ങിയവർ സംസാരിച്ചു

**പൂഞ്ഞാർ**

പൂഞ്ഞാർ ഫൊറോന യൂണിറ്റ് യൂത്ത് കൗൺസിലിന്റെ ഉദ്ഘാടനം ഫൊറോനാ ഡയറക്ടർ റവ. ഫാ. മൈക്കിൾ നടുവിലേക്കുറ്റ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ജോയി കല്ലാട്ട്, യൂത്ത് കൗൺസിൽ രൂപത കോർഡിനേറ്റർ ക്ലിന്റ് അരീപ്ലാക്കൽ, ജോബി മാളിയേക്കൽ തുടങ്ങിയവർ സംസാരിച്ചു.

**തിടനാട്**

തിടനാട് യൂണിറ്റ് യൂത്ത് കൗൺസിലിന്റെ ഉദ്ഘാടനം റവ. ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് സെബാസ്റ്റ്യൻ കൊള്ളികുളവിൽ അധ്യക്ഷത വഹിച്ചു. ഗ്ലോബൽ വർക്കിങ് കമ്മിറ്റി മെമ്പർ അഡ്വ. ജോൺസൺ വീട്ടിയാങ്കൽ മുഖ്യപ്രഭാഷണം നടത്തി. ടോമിച്ചൻ പഴേമഠത്തിൽ, യൂത്ത് കൗൺസിൽ മുഖ്യ കോർഡിനേറ്റർ അജിത് അരിമറ്റം തുടങ്ങിയവർ സംസാരിച്ചു.

**പുതിയ യൂണിറ്റുകൾ**

പാളയം, ഇളംതോട്ടം, നരിയങ്ങാനം, അരുണാപുരം, മുത്തോലി, പാലാ.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കാർഷികസംരംഭക പ്രോത്സാഹനസെമിനാർ**

കോട്ടയം ജില്ലയിലെ കർഷക ഉത്പാദക കമ്പനി/സംഘടനകളെ കയറ്റുമതിരംഗത്തേക്കു കൈപിടിച്ചുയർത്താൻ സഹായിക്കുന്ന കേന്ദ്രസർക്കാർസ്ഥാപ

നമായ അഗ്രിക്കൾച്ചർ ആൻഡ് പ്രോസസ്ഡ് ഫുഡ് പ്രൊഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റിയുടെയും സംസ്ഥാനകൃഷിവകുപ്പിന്റെയും സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കർഷക ഉത്പാദക കമ്പനി/സംഘടനാ പ്രതിനിധികൾക്കുവേണ്ടി സെമിനാർ നടത്തി. സെമിനാറിന്റെ ഉദ്ഘാടനം മുനിസിപ്പൽ ചെയർമാൻ ഷാജു വി. തുരുത്തൻ നിർവഹിച്ചു. ഇരുപത്തഞ്ചിലധികം ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു.

**മയക്കുമരുന്നിനെതിരേ മാതാപിതാക്കൾ – പ്രസംഗമത്സരം**

ഭാരത കത്തോലിക്കാസഭയുടെ സാമൂഹികപ്രവർത്തനവിഭാഗമായ കാരിത്താസ് ഇന്ത്യയും കേരളത്തിലെ എല്ലാ രൂപതകളുടെയും സാമൂഹികപ്രവർത്തനസംഘടനകളുടെയും ഫെഡറേഷനായ സോഷ്യൽ സർവീസ് ഫോറവും സംയുക്തമായി നടപ്പിലാക്കുന്ന "സജീവം" മയക്കുമരുന്നുവിരുദ്ധകാമ്പയിനിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മാതാപിതാക്കൾക്കായി രൂപതാതല പ്രസംഗമത്സരം നടത്തി. രൂപതയിലെ വിവിധ ഇടവകകളിൽനിന്ന് സ്ത്രീകളും പുരുഷന്മാരുമായി അമ്പതിലധികംപേർ പങ്കെടുത്തു. ഷീബാ ബിനോയി പള്ളിപ്പറമ്പിൽ രാമപുരവും അരുൺ തോമസ് പരുത്തുപ്പാറ അരുണാപുരവും വനിത – പുരുഷ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനത്തിന് അർഹരായി. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും മെമന്റോയും നല്കുന്നതാണ്.

**സ്വയംസഹായസംഘങ്ങൾക്ക് / വരുമാനദായകസംരംഭങ്ങൾക്ക് വായ്പാവിതരണമേള**

കേരളസംസ്ഥാന പിന്നാക്കവിഭാഗവികസനകോർപ്പറേഷൻ പിന്നാക്കസമുദായത്തിൽപ്പെട്ട വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വരുമാനദായകപ്രവർത്തനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് മൈക്രോ ക്രെഡിറ്റ് പദ്ധതിപ്രകാരം ഒന്നരക്കോടി രൂപ 75 ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തു. ബിഷപ്സ് ഹൗസ് ഹാളിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ കെ.എസ്.ബി.സി.ഡി.സി മാനേജർ മനോജ്കുമാർ കെ.എൻ. ഉദ്ഘാടനം ചെയ്തു.

**കേക്ക് നിർമ്മാണപരിശീലനം**

വനിതകൾക്കായി മായമില്ലാത്ത ഹോംമെയ്ഡ് ക്രിസ്മസ്കേക്ക് നിർമാണപരിശീലനം സംഘടിപ്പിച്ചു. പാലാ, കോതനല്ലൂർ, കടുത്തുരുത്തി, ഇലഞ്ഞി, മുട്ടുചിറ, കുറവിലങ്ങാട് ഫൊറോനകൾക്കായി പാലായിലും മുട്ടുചിറ അഗ്രിമയിലും ക്ലാസ്സുകൾ നടത്തുകയുണ്ടായി. 220 വനിതകൾ പരിശീലനപരിപാടിയിൽ പങ്കെടുത്തു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**നന്ദിപ്രകാശനം**

ദളിത് കത്തോലിക്കാമഹാജനസഭയുടെ സപ്തതിയോടും പാലാരൂപതയുടെ പ്ലാറ്റിനംജൂബിലിയാഘോഷത്തോടുമനുബന്ധിച്ചു നടന്ന ദേശീയ സിമ്പോസിയവും, മഹാസമ്മേളനവും വൻവിജയമാക്കിത്തീർത്ത എല്ലാ യൂണിറ്റ്, മേഖല, സോണൽ, രൂപത കമ്മിറ്റിയംഗങ്ങൾക്കും മഹാസമ്മേളനത്തിലെ വിവിധ കമ്മിറ്റി അംഗങ്ങൾ തുടങ്ങി DCMS ലെ ഓരോ കുടുംബാംഗത്തോടുമുള്ള നന്ദിയും കടപ്പാടും അർപ്പിക്കുന്നതിന് ഈ അവസരം വിനിയോഗിക്കുന്നു. ഒപ്പംതന്നെ, സോണൽസമിതി ഉദ്ഘാടനം തുടങ്ങി നമ്മുടെ ഓരോ യൂണിറ്റിലെയും ഭവന സന്ദർശനങ്ങൾ, കുടുംബസംഗമങ്ങൾ വിവിധകമ്മിറ്റി മീറ്റിങ്ങുകൾ, സോണൽ സംഗമങ്ങൾ, കൗൺസിലുകൾ, ദേശീയ സിമ്പോസിയവും, മഹാസമ്മേളനവും വരെ നമ്മോടൊപ്പം കൂടെനിന്ന രൂപത വികാരി ജനറൽ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തച്ചൻ, DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി വികാരി റവ. ഫാ. ബർക്കുമൻസ് കുന്നുംപുറം, വൈസ് പോസ്റ്റുലേറ്റർ ഫാ. തോമസ് വെട്ടുകാട്ടിൽ, റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, കടനാട്, പ്രവിത്താനം ഫൊറോനപ്പള്ളി വികാരിയച്ചന്മാർ, ഓരോ കമ്മിറ്റിയിലെയും അച്ചന്മാർ, കൊച്ചച്ചന്മാർ, സോണൽ ചെയർമാന്മാർ, DCMS മേഖലഡയറക്ടർമാർ, ഓഫീസ് ഇൻചാർജായി വന്ന ഫാ. ചൊവ്വേലിക്കുടിയച്ചൻ എന്നിവരോടും രൂപതയിലെ ഓരോ ഫൊറോനപ്പള്ളി വികാരിയച്ചന്മാർ, ഇടവകവികാരിമാർ AKCC, മാതൃവേദി, പിതൃവേദി, CML, PSWS, SMYM മറ്റു സംഘടനപ്രതിനിധികൾ, രൂപതയിലെ സിസ്റ്റേഴ്സ്, വൈദികർ, അല്മായർ, ബ്രദേഴ്സ്, ഡീക്കന്മാർ, ഷലോം പാസ്റ്ററൽ സെന്ററിലെ ഓരോ അംഗത്തോടും ഒപ്പം നമ്മുടെ കൂടെ നമ്മോടുചേർന്ന് ഭവനസന്ദർശനത്തിന് ഇറങ്ങി നമുക്ക് മാർഗദീപം തെളിച്ചുതന്ന നമ്മുടെ പിതാവ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിനോടും വല്യപിതാവ് ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനോടുമുള്ള നന്ദിയും കടപ്പാടും ഈ വൈകിയ വേളയിലും സന്തോഷത്തോടെ അറിയിക്കട്ടെ.

അതുപോലെതന്നെ ദേശീയസിമ്പോസിയം ഉദ്ഘാടനം ചെയ്ത KCBC /SC/ ST/BC കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവ്, മാർ ജേക്കബ് മുരിക്കൻ പിതാവ്, മോൺ. റവ. ഫാ. ജോസഫ് തടത്തിൽ, മോൺ. റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ, മോൺ. റവ. ഫാ. ജോസഫ് കണിയോടിക്കൽ എന്നിവരോടും DCMS സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോസുകുട്ടി ഇടത്തിനകം, ക്ലാസുകൾ എടുത്ത റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, DCMS രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, DCMS ചങ്ങനാശ്ശേരി രൂപത പ്രസിഡന്റ് ശ്രീ സിജോ ജേക്കബ് എന്നിവരോടും മഹാസമ്മേളനത്തിനു മുന്നോടിയായി വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിൽ തിരിതെളിച്ച മോറാൻ മോർ ബസേലിയോസ് കാർഡിനൽ ക്ളിമീസ് കാതോലിക്കോസ് തിരുമേനി,

സമ്മേളനം ഉദ്ഘാടനം ചെയ്ത ആർച്ചുബിഷപ് മാർ തോമസ് തറയിൽ, രാഷ്ട്രീയ സമുദായിക സാംസ്കാരികനേതാക്കന്മാർ, DCMS സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും സ്നേഹവും അർപ്പിക്കുന്നു.

ഒരിക്കൽകൂടി എല്ലാവരോടും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിനോടും സർവ്വോപരി ദൈവത്തോടും വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനോടുമുള്ള സ്നേഹവും നന്ദിയും അറിയിക്കുന്നു. പ്രിയമുള്ളവരേ, നമ്മുടെ ഈ കൂട്ടായ്മ എന്നും സ്നേഹത്തോടും ഒത്തൊരുമയോടുംകൂടി ആവട്ടെ എന്ന് നമുക്കു പ്രാർഥിക്കാം. കൂടുക, കൂട്ടിച്ചേർക്കുക, സ്നേഹത്തിൽ ഒന്നാവുക ഇതാവട്ടെ നമ്മുടെ മുദ്രാവാക്യം.

**അറിയിപ്പ്**

സപ്തതിവർഷത്തോടനുബന്ധിച്ചു നടത്തിക്കൊണ്ടിരുന്ന ഭവനസന്ദർശനവും വിവരശേഖരണവും ഇനിയും പൂർത്തിയാക്കാത്ത ഇടവക-യുണിറ്റുകളിൽ നടത്തുകയും പൂർത്തിയാക്കിയ ഇടവക, യുണിറ്റ് ഭാരവാഹികൾ എത്രയും വേഗം രൂപതഓഫീസിൽ എത്തിക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർ ഹോംസ് മീറ്റിങ്ങുകൾ**

1. സ്പെഷൽ സ്കൂൾ വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി.

2. ഓൾഡ് ഏജ് ഹോം വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിങ് നടന്നു.

3. സൈക്കോ സോഷ്യൽ വിഭാഗം എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി ഓരോ സ്ഥാപനങ്ങളിലേക്കും ഏറ്റവും അത്യാവശ്യം വേണ്ട നിത്യോപയോഗസാധനങ്ങളുടെ ലിസ്റ്റ് തയാറാക്കി

**2. നന്ദി**

കെ.സി.എസ്.എൽ. വഴി എല്ലാ സ്കൂളിൽനിന്നും കാരുണ്യസ്പർശം എന്ന പേരിൽ കുട്ടികൾവഴി കെയർ ഹോംസ് സ്ഥാപനങ്ങൾക്കുവേണ്ടി നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ചു. അതിനു നേതൃത്വം നൽകിയ കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിലച്ചനും കെ.സി.എസ്.എൽ. അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിലച്ചനും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**3. സേവനം**

സ്കൂളുകളിൽനിന്ന് കെയർ ഹോംസ് സ്ഥാപനങ്ങൾക്കുവേണ്ടി ശേഖരിച്ച സാധനങ്ങൾ തരംതിരിച്ച് എല്ലാ സ്ഥാപനങ്ങൾക്കുമായി പായ്ക്കുചെയ്യുന്നതിന് എക്സിക്യൂട്ടീവ് അംഗങ്ങളുടെ സേവനം മൂന്നു ദിവസം ഉണ്ടായിരുന്നു.

**4. ക്രിസ്മസ് ഗാതറിങ്**

എല്ലാ കെയർ ഹോംസ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ക്രിസ്മസ് ഗാതറിങ് നടത്തി. കെ.സി.എസ്.എൽ സ്കൂളുകളിൽനിന്നു സമാഹരിച്ച നിത്യോപയോഗസാധനങ്ങൾ കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽനിന്ന് കെയർ ഹോംസ് ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം ഏറ്റുവാങ്ങി. ഫാ. ആൽബിൻ പുതുപ്പറമ്പിൽ ക്രിസ്മസ് സന്ദേശം നൽകി. ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി കേക്കു മുറിച്ച് എല്ലാവർക്കും പങ്കുവച്ചു. സമാഹരിച്ച സാധനങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും ക്രിസ്മസ് ഗിഫ്റ്റായി സമ്മാനിച്ചു.

**5. സന്ദർശനം**

പുലിയന്നൂർ ഡി.സി.എം.ആർ. സ്പെഷ്യൽ സ്കൂളിന്റെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. മീറ്റിങ്**

1. രൂപതാ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി

**2. കർഷകഫോറം മീറ്റിങ്**

ചങ്ങനാശ്ശേരിയിൽവച്ചു നടന്ന അഗ്രിക്കൾച്ചർ ഫോറത്തിന്റെ സ്റ്റേറ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

**3. കെ.എൽ.എം. സംസ്ഥാന മീറ്റിങ്**

എറണാകുളത്ത് പി.ഒ.സിയിൽ വച്ചു നടന്ന സംസ്ഥാന മീറ്റിങ്ങിൽ പങ്കെടുത്തു. സുരക്ഷാ ക്ഷേമനിധിയുടെ സംശയങ്ങൾക്ക് പരിഹാരനിർദ്ദേശങ്ങൾ നൽകാനായി ഡൽഹി ഓഫീസിൽനിന്ന് ഡയറക്ടറച്ചനും ഓഫീസറും എത്തിയിരുന്നു.

**4. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

**5.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P).

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ**

ഡിസംബർ മാസം 1, 8, 15, 22, 29 തീയതികളിൽ AA മീറ്റിങ്ങുകൾ നടത്തപ്പെട്ടു. ചികിത്സാനന്തരം ലഹരിയാസക്തിയെ അതിജീവിച്ച് ജീവിതം നയിക്കുന്നവർ യോഗത്തിൽ സംബന്ധിക്കുകയും സംസാരിക്കുകയും അവരവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ലഹരി ഉപേക്ഷിച്ച് ജീവിതം നയിക്കുന്നവർക്ക് ഇത്തരം AA മീറ്റിങ്ങുകൾമൂലമാണ് തുടർന്നു ജീവിക്കുന്നതിനുള്ള ഉൾക്കരുത്ത് ലഭിക്കുന്നത്.

**ലഹരിവിമുക്ത ബോധവത്കരണക്ലാസ്സുകൾ**

ഡിസംബർമാസത്തിലെ വിവിധ ഞായറാഴ്ചകൾ കേന്ദ്രീകരിച്ച് ചിറ്റാർ, എടാട്, ചൂണ്ടച്ചേരി, നീലൂർ, കുളമാവ് എന്നിവിടങ്ങളിൽ മുതിർന്നവർക്കും കുട്ടികൾക്കുമായി ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. അഡാർട്ട് ഡയറക്ടർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി

**സന്ദർശനം നടത്തി**

ഡിസംബർ 20 ന് എരുമേലി M E S കോളജിലെ വിദ്യാർഥികൾ അഡാർട്ട് സന്ദർശിച്ചു. അഡാർട്ടിന്റെ പ്രവർത്തനങ്ങൾ നേരിൽക്കണ്ടു മനസ്സിലാക്കുന്നതിനും ചികിത്സാരീതികൾ നേരിൽ കാണുന്നതിനുംവേണ്ടിയായിരുന്നു സന്ദർശനം നടത്തിയത്. വിദ്യാർഥികളും അധ്യാപകരും അടങ്ങുന്ന സംഘത്തിന് പ്രോജക്ട് കോ ഓർഡിനേറ്റർ ക്ലാസ്സുകൾ എടുത്തു.

**ലഹരിരഹിതക്രിസ്മസ്**

ലഹരിയാസക്തിചികിത്സയ്ക്കുശേഷം ലഹരി ഉപേക്ഷിച്ച് ജീവിതം നയിക്കുന്നവർ അഡാർട്ടിൽ ഒരുമിച്ചുചേർന്ന് ക്രിസ്മസ് ആഘോഷിച്ചു പങ്കെടുത്തവരിൽ പലരും വളരെ വർഷങ്ങൾക്കുശേഷം ലഹരിയില്ലാതെ ക്രിസ്മസ് ആഘോഷിക്കുന്നവരായിരുന്നു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾപാരായണമാസം**

ഡിസംബർമാസം ബൈബിൾ പാരായണമാസമാണല്ലോ. ബൈബിൾ പാരായണമാസത്തിന്റെ രൂപതാതല ഉദ്ഘാടനം 2024 ഡിസംബർ 1-ാം തീയതി രാവിലെ 10.30ന് കിഴതടിയൂർ ദേവാലയത്തിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

**ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് 2025 ന് സഹായകരമായവിധത്തിൽ തയ്യാറാക്കിയിരിക്കുന്ന പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ ജനുവരിമാസത്തിലെ ക്ലാസ്സ് 11 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടക്കും.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ബൈബിൾ കൺവൻഷൻ**

42-ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ 2024 ഡിസം 19,20,21, 22, 23 തിയതികളിൽ പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ വച്ച് നടന്നു. രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ഡോമിനിക്ക് വാളന്മനാൽ നയിച്ച കൺവൻഷനിൽ പതിനായിരങ്ങൾ പങ്കെടുത്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

**2.** ഡിസം. 10, 20 തീയതികളിൽ വിവാഹ ഒരുക്കസെമിനാറിൽ ക്ലാസ്സെടുത്തു

**3.** സ്ട്രീറ്റ് മിനിസ്ടി 10.12.2024 - Pizhaku, 17.12.2024 - Udumbannore, 20.12.2024- Muttom. Sreet Ministry dates and places.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് എല്ലാ വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ഥ ശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണിമുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. ഡിസംബർ മാസത്തിൽ ഫാ. മാത്യു തണ്ടിയെക്കുടി കപ്പൂച്ചിൻ, ബ്രദർ ജോജി കട്ടപ്പന എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തുകയുണ്ടായി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന ദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ഡിസംബർ 7 ന് തുടങ്ങനാട് സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന

നടത്തുകയുണ്ടായി. റവ. ഫാ. ജോൺസൻ പുള്ളിറ്റ് (തുടങ്ങനാട് സെന്റ് തോമസ് ഫോറോനാ വികാരി) തിരി തെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (കരിസ്മാറ്റിക് പാലാ സോൺ ആനിമേറ്റർ) വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ശ്രീ സെബാസ്റ്റ്യൻ താന്നിക്കൽ (KCSC) വചനസന്ദേശം നൽകുകയും ചെയ്തു. റവ. ഫാ. മൈക്കിൾ ചാത്തൻകുന്നേൽ, സോൺ, തുടങ്ങനാട് സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷ കൾക്കു നേതൃത്വം നൽകുകയുണ്ടായി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളി വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻധ്യാനം നടത്തുകയുണ്ടായി.

**4.** വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺലൈനിൽ കുരിശിന്റെവഴി നടത്തപ്പെട്ടു.

**5. രാത്രിയാരാധന**

വി. അൽഫോൻസാ തീർത്ഥാടനദേവാലയത്തിൽവച്ച് ഡിസംബർ 28 ശനി രാത്രിയാരാധന നടത്തപ്പെട്ടു. റവ. ഫാ. ബെന്നി തറപ്പേൽ CMF വചനപ്രഘോ ഷണവും ആരാധനയും നയിച്ചു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**6.** ഡിസംബർ 14 ശനി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് കുടുംബസംഗമം നടത്തപ്പെട്ടു സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങളും രൂപതയിലെ മറ്റു വചനപ്രഘോഷകർ, കൗൺസലിംഗ് ശുശ്രൂഷ ചെയ്യുന്നവർ ഒന്നുച്ചുകൂടി വിശേഷങ്ങൾ പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**തടവറയിൽ കഴിയുന്നവർക്കായി കൗൺസലിങ്**

ജയിൽ അധികൃതരുടെ ആവശ്യപ്രകാരം തടവറയിൽ കഴിയുന്നവർക്ക് കൗൺസലിങ് നടത്തുന്നതിനുള്ള സൗകര്യം ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണി യന്റെ ആഭിമുഖ്യത്തിൽ ക്രമീകരിക്കുകയുണ്ടായി കൗൺസലിങ് പരിശീലനം പൂർത്തിയാക്കിയ തടവറപ്രേഷിതരാണ് പ്രസ്തുത പരിപാടിക്കു നേതൃത്വം നല്കുന്നത്. അതനുസരിച്ച് ഡിസംബർ 5, 10, 17, 19 തീയതികളിൽ പാലാ സബ് ജയിലിൽ കൗൺസലിംങ് നടത്തി. ജയിലിൽ ഈ സേവനം തുടരുന്നതിന് ജയിൽഅധികൃതരുടെ അഭ്യർത്ഥനയെത്തുടർന്ന് തീരുമാനിക്കുകയുണ്ടായി.

**തൊഴിൽപരിശീലനം**

ജീസസ് ഫ്രട്ടേണിറ്റി പാലാ പോളിടെക്നിക് കോളജുമായി സഹകരിച്ച് തടവറയിൽ കഴിയുന്നവർക്ക് തൊഴിൽപരിശീലനം നൽകുകയുണ്ടായി. പ്രസ്തുത

പരിപാടിയുടെ ഉദ്ഘാടനം സബ് ജഡ്ജ് ശ്രീ പ്രവീൺകുമാർ തിർവഹിച്ചു. 19-ാം തീയതി നടന്ന ഉദ്ഘാടനത്തെത്തുടർന്ന് പ്ലംബിംഗ് പരിശീലനം നൽകുകയുണ്ടായി. പ്രസ്തുത സേവനം തുടർന്നും ജയിലിൽ ലഭ്യമാക്കുന്നുണ്ട്.

**ജയിലിൽ ക്രിസ്മസ് പരിപാടികൾ**

ക്രിസ്മസിനു മുന്നോടിയായി തടവറയിൽ കഴിയുന്നവർക്ക് തിരുപ്പിറവിയുടെ സന്ദേശം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിലെ വൈദികവിദ്യാർഥികൾ ബഹു. വിൻസന്റ് മൂങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ ക്രിസ്മസ് കരോളും മറ്റു കലാപരിപാടികളും നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് ക്രിസ്മസ്സന്ദേശം നൽകുകയും കേക്ക് മുറിക്കുകയും ചെയ്തു.

**ജയിലിൽ വി. കുർബാന**

ക്രിസ്മസിനോടനുബന്ധിച്ച് ഇടുക്കി ജില്ലാ ജയിൽ മുട്ടം, മീനച്ചിൽ സബ് ജയിൽ പാലാ എന്നിവിടങ്ങളിലെ കത്തോലിക്കരായ തടവുപുള്ളികളെ തയ്യാറാക്കി കുമ്പസാരിപ്പിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. ധ്യാനകേന്ദ്രം ഡയറക്ടർ തോമസ് വാഴചാരിക്കലച്ചന്റെ നേതൃത്വത്തിൽ അമേരിക്കയിൽ വിവിധ സ്ഥലങ്ങളിൽ 2024 നവംബർ 17 മുതൽ ഡിസംബർ 12 വരെ ദൈവരാജ്യാനുഭവധ്യാനങ്ങൾ നടത്തി.

2. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർഥന, നിയോഗസമർപ്പണം, അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - ഡിസംബർ 14 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

3. 2024 ഡിസംബർ 26 മുതൽ ജനുവരി 1 വരെ മൗണ്ട് നെബോ ആബാഭവനത്തിൽവച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടന്നു.

4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2025 ജനുവരി 11 - ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2025 ജനുവരി 12 മുതൽ 18 വരെ ദൈവരാജ്യാനുഭവധ്യാനം കൂടിയവർക്കുള്ള വളർച്ചാധ്യാനം

2025 ജനുവരി 26 മുതൽ ഫെബ്രുവരി 1 വരെ പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം.

ബുക്കിംഗിന് www.mountnebo.online വെബ്സൈറ്റ് സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

പാലാ രൂപത ഫ്രാൻസിസ്കൻ അല്മായസഭയുടെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർഥനക്കൂട്ടായ്മകളും, യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു. ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ പാലാ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി 2024 ഡിസംബർ മാസം അഞ്ചാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ വച്ച് രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടി. SFO രൂപത സ്പിരിചൽ അസിസ്റ്റന്റുമാരായ ഫാ. ആന്റണി വെച്ചൂർ, ഫാ. ജിതിൻ വടക്കുംമുറി, ഫാ. ആദർശ് വടക്കേത്ത് എന്നിവർ സന്നിഹിതരായിരുന്നു. പ്രസ്തുത കമ്മിറ്റിയിൽ വിവിധ റീജിയനുകളിൽ നടത്തപ്പെടേണ്ട റീജിയണൽ സമ്മേളനങ്ങളെക്കുറിച്ചും വിവിധ യൂണിറ്റുകൾ, റീജിയൻ സമിതികളുടെ നേതൃത്വത്തിൽ സന്ദർശിച്ചു നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തി. സഭാകൂട്ടായ്മകൾ പ്രാർഥനയിലൂടെയും ഉപവി പ്രവർത്തനങ്ങളിലൂടെയും പരിപോഷിപ്പിക്കേണ്ടതിനെക്കുറിച്ചും അഭിപ്രായങ്ങൾ പങ്കുവച്ചു.

SFO പാലാ രൂപത മുൻ പ്രസിഡന്റും കോട്ടയം സെന്റ് ജോസഫ്സ് കപ്പൂച്ചിൻ പ്രൊവിൻസ് SFO സീറോ മലബാർ പ്രൊവിൻഷ്യൽ സെക്രട്ടറിയുമായിരുന്ന ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേലിന്റെ മൂന്നാം ചരമവാർഷികദിനമായ ഡിസംബർ പതിമ്മൂന്നാം തീയതി വെള്ളിയാഴ്ച രാവിലെ 8:00 മണിക്ക് അദ്ദേഹത്തിന്റെ ആത്മ ശാന്തിക്കായി ചെമ്മലമറ്റം 12 ശ്ലീഹൻമാരുടെ പള്ളിയിൽ വച്ച് SFO ചെമ്മലമറ്റം യൂണിറ്റിന്റെ ആത്മീയനേതൃത്വത്തിലും ഫാ. മൈക്കിൾ പറൂശ്ശേരിൽ OFM. Cap., ഫാ. ആന്റണി വെച്ചൂർ OFM. Cap. ഫാ. ജിതിൻ വടക്കുംമുറി OFM. Cap എന്നിവരുടെ കാർമികത്വത്തിലും വിശുദ്ധ കുർബാനയും, ഒപ്പീസ് പ്രാർഥനകളും നടത്തപ്പെട്ടു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിങ്**

1) ഡി.എഫ്.സി. രൂപത, ഫൊറോന എക്സിക്യൂട്ടീവ് മീറ്റിങ് കൂടി.

2) കടനാട് ഫൊറോന ഡി.എഫ്.സി. മീറ്റിങ് നടന്നു. കൺവൻഷൻ അവലോകനവും കണക്കവതരണവും നടത്തി.

**2. ഫൊറോന കൺവൻഷൻ**

**ചേർപ്പുങ്കൽ**

ഡിസംബർ 1-ന് ചേർപ്പുങ്കൽ ഫൊറോനാ കൺവൻഷൻ മോൺ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. സാമൂഹികപ്രശ്നങ്ങൾ സർക്കാരുകളുടെ മുന്നിൽ അവതരിപ്പിക്കുന്നതിൽ ദീപികയുടെ പങ്ക് ശ്ലാഘനീയമെന്നും പരിസ്ഥി തിലോലപ്രശ്നം, മുനമ്പംവിഷയം, റബർവിലയിടിവ് തുടങ്ങിയ വിഷയങ്ങളിൽ സഭയുടെ നാവായി മാറാൻ ദീപികയ്ക്കു സാധിച്ചുവെന്നും മോൺ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനവേളയിൽ പറഞ്ഞു. സമൂഹത്തിന്റെ നന്മകൾ വിളി ച്ചറിയിക്കാനും മൂല്യശോഷണം സംഭവിക്കാതിരിക്കാനുള്ള പ്രവർത്തനങ്ങൾ നട ത്താനും ദീപികയ്ക്കു സാധിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സമ്മേ ളനത്തിൽ ചേർപ്പുങ്കൽ ഫൊറോനപ്പള്ളി വികാരി ഫാ. ജോസഫ് പാനാമ്പുഴ അധ്യക്ഷത വഹിച്ചു. ഡിഎഫ്സി രൂപത ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കു ന്നുചെരിവുപുരയിടം ആമുഖപ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ ഫാ. ചാൾസ് പേണ്ടാനത്ത്, സംസ്ഥാന പ്രസിഡന്റ് ജോർജ് തോമസ് വടക്കേൽ, രൂപത പ്രസിഡന്റ് ജെയ്സൺ ജോസഫ് കുഴികോടിയിൽ, വനിതാപ്രസിഡന്റ് ജാൻസി ജോസഫ് തോട്ടക്കര, ഫൊറോന പ്രസിഡന്റ് ഫ്ളവറി സെബാസ്റ്റ്യൻ വാളനാട്ട് തുടങ്ങിയവർ പ്രസംഗിച്ചു. രൂപതയുടെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി 75 വർഷത്തിലേറെയായി ദീപികവരിക്കാരായവരെയും വിശ്വാസപരിശീലനപരീക്ഷ യിൽ പന്ത്രണ്ടാം ക്ലാസിൽ ഒന്നാം സ്ഥാനം നേടിയ കുട്ടികളെയും ചടങ്ങിൽ അനുമോദിച്ചു. ദീപികപത്രവിതരണക്കാർക്ക് പ്രത്യേക പാരിതോഷികവും നൽകി.

**3. ആദരാഞ്ജലി**

ദീപിക ഫ്രണ്ട്സ് ക്ലബ് അമ്പാറനിരപ്പേൽ യൂണിറ്റ് പ്രസിഡന്റ് കെ.എസ്. എബ്രാഹം (സാബു) കണിയാംപടിക്കലിന് ഡി.എഫ്.സി രൂപത കമ്മിറ്റിയുടെ ആദരാഞ്ജലികൾ.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**കാർഷികപ്രശ്നങ്ങൾ പരിഹരിക്കണം -ഇൻഫാം**

നിലവിലുള്ള കാർഷികപ്രശ്നങ്ങളായ വന്യമൃഗശല്യം, ബഫർസോൺ നിർദിഷ്ടവനനിയമം, കാർഷിക-മേഖലയുടെ തകർച്ച, ജപ്തിഭീഷണി എന്നി വയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സത്വരപരിഹാരനടപടികൾ സ്വീകരി ക്കണമെന്ന് ഇൻഫാം പാലാ കാർഷികജില്ലാസമ്മേളനം ആവശ്യപ്പെട്ടു. പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്ന സമ്മേളനം ഡയറക്ടർ ഫാ. ജോസ് തറപ്പേൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ, സംസ്ഥാന ട്രഷറർ ശ്രീ തോമസ് മാത്യു ചെങ്ങളം, ദേശീയ കമ്മിറ്റിയംഗം മാത്യു മാമ്പറമ്പിൽ, സെക്ര ട്ടറി തോമസ് മറ്റം, ലീലാമ്മ ഇലവുങ്കൽ, കടുത്തുരുത്തി മേഖലാ പ്രസിഡന്റ്

ജോസഫ് പി.സി., ചേർപ്പുങ്കൽ മേഖലാ പ്രസിഡന്റ് ജോർജ് മുണ്ടുവാലയിൽ, അരുവിത്തുറ മേഖലാ പ്രതിനിധി ജോസ് വടക്കേൽ, ബിൻസ് തൊടുകയിൽ ഉരുളികുന്നം, ബേബി മാത്യു മണലുങ്കൽ, തോമസ് ജോസഫ് ചേറ്റുതോട്, ജോണിച്ചൻ പൂമരം തുരുത്തിപ്പള്ളി തുടങ്ങിയവർ പ്രസംഗിച്ചു.

കാർഷികപ്രശ്നങ്ങളിൽ ശക്തമായ നിലപാടുകൾ എഡിറ്റോറിയലുകൾ എഴുതിയും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചും കൈക്കൊള്ളുന്ന ദീപിക ദിനപത്രത്തെ സമ്മേളനം പ്രശംസിച്ചു.

**മാനത്തൂരിൽ ഐ.ഡി. കാർഡ് വിതരണം**

24-11-2024 ഞായർ 2.30 പി.എമ്മിന് ഇൻഫാം മാനത്തൂർ യൂണിറ്റ് അംഗങ്ങളുടെ ഐ.ഡി. കാർഡ് വിതരണം ഫാ. കുര്യൻ കോട്ടയിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ച് നടന്നു. കെ.എസ്. മാത്യു മാമ്പറമ്പിൽ, ഫാ. ജോസ് തറപ്പേൽ, തോമസ് മറ്റം, സോജൻ ഫ്രാൻസീസ് നടുവത്തേട്ട് എന്നിവർ പ്രസംഗിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## റവ.സി. ലിയോബ മൂഴിക്കുഴിയിൽ എഫ്സിസി

പാലാ രൂപത മൂന്നിലവ് ഇടവകയിൽ പുരാതനവും പ്രശസ്തവുമായ മൂഴിക്കുഴിക്കുടുംബത്തിൽ വർക്കി - മറിയാമ്മ ദമ്പതികളുടെ 11 മക്കളിൽ രണ്ടാമത്തെ മകളായി 3.11.1948 ൽ ബഹു.സി. ലിയോബ ജനിച്ചു. മാമ്മോദീസായിൽ മറിയം എന്ന പേരു നൽകി. 18.06.1964 ൽ വിമലഗിരി നൊവിഷ്യേറ്റുഹൗസിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 06.04.1966 ൽ പ്രഥമവ്രതം ചെയ്ത് സി. ലിയോബ എന്ന നാമം സ്വീകരിച്ചു. 29.05.1972 ൽ നിത്യവ്രതാനുഷ്ഠാനത്തിലൂടെ ദിവ്യനാഥനു തന്നെ പൂർണ്ണമായി സമർപ്പിച്ചു.

പഠനമേഖലകളിലെല്ലാം മികവു പുലർത്തിയ ബഹു. ലിയോബാമ്മ പാലാ സെന്റ് തോമസ് കോളജിൽനിന്ന് MSc യ്ക്ക് കുരീത്തടം മെമ്മോറിയൽ ഗോൾഡ് മെഡലിന് അർഹയായി. ഭരണങ്ങാനം SHGHS, പാദുവ സെന്റ് ആന്റണീസ് യു.പി. സ്കൂൾ എന്നിവിടങ്ങളിലെ അധ്യാപനത്തിനുശേഷം, 1987 ൽ പാലാ അൽഫോൻസാ കോളജിൽ കെമിസ്ട്രി വിഭാഗത്തിൽ ലക്ചററായി പ്രവേശിച്ച ലിയോബാമ്മ, HOD of Chemistry, Vice Principal എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. ഇക്കാലയളവിൽ NSS ന്റെ സ്റ്റേറ്റ് അവാർഡിനും ലിയോബാമ്മ അർഹയായി. 1977–1987 വരെ പാലാ പ്രൊവിൻസിൽ 9 വർഷം പ്രൊവിൻഷ്യൽ സെക്രട്ടറിയായും, ആസ്പിരന്റ്സ്, പോസ്റ്റുലൻസ് മിസ്ട്രസ്സായും സ്നേഹശുശ്രൂഷ ചെയ്ത ലിയോബാമ്മ, ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലർ, അസി. പ്രൊവിൻഷ്യൽ എന്നീ നിലകളിൽ 18 വർഷക്കാലം സഭയെ ശുശ്രൂഷിച്ചു. ഇതിനിടയിൽ പഞ്ചാബ്, സൗത്ത് ആഫ്രിക്കൻ

മിഷനുകളിലും തന്റെ വ്യക്തിമുദ്ര പതിപ്പിച്ച് മാതൃകാപരമായ ജീവിതം നയിച്ചു എന്നതു സ്മരണാർഹമാണ്.

പിമ്പിലുള്ളവയെ വിസ്മരിച്ച് മുമ്പിലുള്ളവയെ ലക്ഷ്യമാക്കി പ്രയാണംചെയ്ത ലിയോബാമ്മ, പാലാ മരിയസദനത്തിനു നൽകിയ പിന്തുണ ആരെയും അതിശയിപ്പിക്കുന്നതാണ്. വാഗമൺ, തീക്കോയി DCMR എന്നിവിടങ്ങളിലെ വിദ്യാഭ്യാസ-സാമൂഹികമേഖലകളിൽ അമ്മ കാഴ്ചവച്ച സേവനം വിസ്മരിക്കാനാവില്ല. അരുവിത്തുറ മന്ത കോളനി സമുദ്ധാരണം, ഡ്രൈവേഴ്സ് കൂട്ടായ്മകൾ സംഘടിപ്പിക്കൽ, മദ്യപരെ ആ ദുശ്ശീലത്തിൽനിന്നു മോചിപ്പിക്കാനുള്ള കർമ്മപദ്ധതികൾ, സൗത്താഫ്രിക്കയിൽ AIDS രോഗികളായ കുഞ്ഞുങ്ങളുടെ സംരക്ഷണം തുടങ്ങി എണ്ണിയാൽ തീരാത്ത നന്മകൾ ചെയ്തു.

ബഹു. ലിയോബാമ്മയുടെ മോട്ടോ Prayerful, Joyful, loving consecrated life in FCC"എന്നായിരുന്നു. 2019-2022 കാലയളവിൽ തീക്കോയി സെന്റ് ജോസഫ്സ് മഠത്തിന്റെ സുപ്പീരിയർ ആയിരിക്കേ മാരകമായ Colon-Rectum കാൻസർബാധിതയായി. ക്ഷീണം വർദ്ധിക്കവേ 2024 നവം. 12 ന് തീക്കോയി ഫൊറോനാപ്പള്ളി വികാരി റവ.ഫാ. തോമസ് മേനാച്ചേരിയിൽ നിന്നു രോഗീലേപനം ചോദിച്ചുവാങ്ങി. അന്നേദിവസം തന്നെ പാലാ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ച അമ്മ, 06.12.2024 6.45 pm ന് നിത്യതയിലേക്കു ശാന്തമായി പറന്നുയർന്നു.

ഡിസം. 8, 4 pm ന് ലിയോബാമ്മയുടെ മൃതദേഹം തീക്കോയി ഭവനത്തിൽ കൊണ്ടുവന്നു. പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അനുശോചനസന്ദേശം നൽകി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. 9-ാം തീയതി 10 pm ന് ബഹു. അബ്രാഹം മൂഴിക്കുഴിയച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പിച്ചു. കുർബാനയ്ക്കുശേഷം മഠത്തിൽവച്ചുള്ള സംസ്കാരകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ച് അനുശോചനസന്ദേശം നൽകിയത് തീക്കോയി ഫൊറോനാ വികാരി റവ.ഫാ. ഡോക്ടർ തോമസ് മേനാച്ചേരിയായിരുന്നു. ദേവാലയത്തിൽ വച്ചുള്ള പ്രാർത്ഥനകൾക്ക് വെരി.റവ.ഫാ. ജോസഫ് തടത്തിൽ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. തുടർന്ന് ലിയോബാമ്മയുടെ പൂജ്യദേഹം തീക്കോയിപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. കാരുണ്യവാനായ കർത്താവ് ലിയോബാമ്മയെ മഹത്ത്വത്തിന്റെ കിരീടമണിയിക്കുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.



## സി. സീത്താ വടശ്ശേരി എസ്.എച്ച്

കാഞ്ഞിരപ്പള്ളി രൂപതയിൽ മുണ്ടക്കയം ഇടവകയിൽ വടശ്ശേരി തറവാട്ടിൽ മാത്യു - അന്നമ്മ ദമ്പതികളുടെ 14 മക്കളിൽ എട്ടാമത്തെ സന്താനമായി 1933 മാർച്ച് എട്ടാം തീയതി ഭൂജാതയായ സീത്താമ്മയ്ക്ക് മാമ്മോദീസയിൽ ലഭിച്ച പേര് മേരി എന്നായിരുന്നു കുട്ടിയമ്മ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന മേരി ഇന്റർമീഡിയേറ്റ് പാസായശേഷം തിരുഹൃദയനാഥന്റെ വിളിയുടെ സ്വരം ശ്രവിച്ച് 1981 ജൂൺ മൂന്നാം തീയതി രാമപുരംമഠത്തിൽ അർത്ഥിനിയായി വന്നു സന്ന്യാസ പരിശീലനം പൂർത്തിയാക്കി 1955 ജൂൺ 20 ന് ആദ്യവ്രതവും 1958 ജൂൺ 20 ന് നിത്യവ്രതവും വാഗ്ദാനം ചെയ്തു. ബി.എ., ബി.എഡ് പൂർത്തിയാക്കിയശേഷം സീത്താമ്മ നീലൂർ സെന്റ് ജോസഫ്സ് സ്കൂളിൽ അധ്യാപികയായി നിയമിതയായി. 9 വർഷം സ്കൂളിലും ഇടവകയിലും തികച്ചും പ്രശംസനീയമാംവിധം സേവനമനുഷ്ഠിച്ച സീത്താമ്മ 1970 ൽ രാമപുരത്തേക്കു സ്ഥലംമാറ്റപ്പെട്ടു. ഏഴുവർഷം സ്കൂളിൽ അധ്യാപികയും 12 വർഷം പ്രധാനാധ്യാപികയുമായി സേവനമനുഷ്ഠിച്ചു. കുളത്തുവയൽ, പാലാ, രാമപുരം, നീലൂർ, മൂലമറ്റം എന്നീ ഇടവകകളിലെ മഠങ്ങളിൽ ആയിരുന്നുകൊണ്ട് 35 വർഷത്തോളം വിശ്രമരഹിതയായി അധ്വാനിച്ചു. വിശ്വാസപരിശീലനരംഗത്ത് സീത്താമ്മ ചെയ്ത സേവനങ്ങൾ തികച്ചും ശ്ലാഘനീയമാണ്. സൊഡാലിറ്റി, മിഷൻലീഗ് തുടങ്ങിയ ഭക്തസംഘടനകളുടെ ചാർജ് വഹിച്ചിരുന്ന സീത്താമ്മ കുട്ടികളെ നല്ല ശിക്ഷണത്തിലും സ്നേഹത്തിലും വളർത്തി. മഹിളാസമാജത്തിന്റെ പ്രസിഡന്റായിരുന്ന സീത്താമ്മ സ്ത്രീകളെ വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിലും നല്ല കുടുംബങ്ങൾ രൂപപ്പെടുത്തുന്നതിലും അതീവ ശ്രദ്ധ പതിപ്പിച്ചിരുന്നു. വിവിധ മഠങ്ങളിൽ അസിസ്റ്റന്റ് മദർ, ബോർഡിങ് മിസ്ട്രസ്, ജൂണിയേഴ്സ് ഡിറക്ടറസ് എന്ന നിലകളിലും സീത്താമ്മ ചെയ്ത സേവനങ്ങൾ പ്രശംസാർഹമാണ്. അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അമ്മ അവരുടെ സഹായത്തിന് എത്തി. 1987 മുതൽ വിവിധ രോഗങ്ങൾമൂലം സീത്താമ്മയുടെ ആരോഗ്യം ക്ഷയിച്ചുവന്നു. ക്ഷീണവും രോഗവും വർധിച്ചുവന്നതിനാൽ കൂടുതൽ പരിചരണാർത്ഥം സീത്താമ്മയെ ചക്കാമ്പുഴ SH ഭവനിലേക്കു മാറ്റി. മൂലമറ്റം ബി.വി.എം.സി.സിയോടനുബന്ധിച്ച് ധന്യൻ മത്തായിയച്ചൻ മെമ്മോറിയൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിച്ചപ്പോൾ 2024 ഒക്ടോബറിൽ സീത്താമ്മയെ അങ്ങോട്ടു കൊണ്ടുപോവുകയും ഏറെ ശ്രദ്ധയോടെയും താത്പര്യത്തോടെയും

അവിടെ ശുശ്രൂഷിക്കുകയും ചെയ്തു. അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിച്ച് അധികാരികളുടെയും സഹോദരിമാരുടെയും ബന്ധുക്കളുടെയും സാന്നിധ്യത്തിൽ പ്രാർത്ഥനാമധ്യേ 2024 ഡിസംബർ 5 വ്യാഴം ഉച്ചകഴിഞ്ഞ് 2.15ന് സീത്താമ്മ നിത്യസമ്മാനത്തിനായി പറന്നുയർന്നു. അന്നുതന്നെ 5 pm ന് സീത്താമ്മയുടെ മൃതദേഹം മൂലമറ്റം ബിവിഎം സിയിൽനിന്ന് രാമപുരം മഠം ചാപ്പലിൽ പൊതുദർശനത്തിനായി കൊണ്ടുവന്നു. അനേകം വൈദികരും ബന്ധുക്കളും നാട്ടുകാരും പ്രിയപ്പെട്ടവരും സീത്താമ്മയ്ക്ക് അന്തിമോപചാരമർപ്പിച്ചു പ്രാർത്ഥിച്ചു. 6/12/2024 വെള്ളി 8 am ന് രാമപുരം മഠം ചാപ്പലിൽ റവ. ഫാ. തോമസ് വെട്ടുകാട്ടിലിന്റെ പ്രധാന കാർമികത്വത്തിൽ വിശുദ്ധ കുർബാനയോടെ മൃതസംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. മഠത്തിലെ പ്രാർത്ഥനകൾക്കുശേഷം പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ ഡോ. ജോസഫ് തടത്തിലച്ചന്റെ പ്രധാനകാർമികത്വത്തിൽ രാമപുരം പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## DECEMBER 2024

| | | |
|---|---|---|
| 01 | | കിഴതടിയൂരിൽ ബൈബിൾ അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ബൈബിൾപാരായണ മാസാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം നിർവ ഹിച്ച് സന്ദേശം നൽകി. |
| | 11.00 am | മിഷൻ ലീഗിന്റെ രൂപതതലവാർഷികം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 3 | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 4, 5, 6 | | കെ.സി.ബി.സി. |
| 6 | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | | മെഡിസിറ്റി ഗവേണിങ് ബോഡി മീറ്റിങ്ങിൽ സംബ ന്ധിച്ചു. |
| 8 | | പാലാ ജൂബിലിത്തിരുനാളിന് കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 5.00 pm | പുതുതായി പണിത കുറിച്ചിത്താനം പള്ളിയുടെ ശിലാ സ്ഥാപനം നടത്തി. |
| 9-12 | | മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയും, മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയും, മലങ്കര മാർത്തോമാ സുറിയാനിസഭയും, 24 വ്യക്തി സഭകൾ ഉൾക്കൊള്ളുന്ന കത്തോലിക്കാസഭയും തമ്മിൽ നടന്ന 25-ാമത് ഔദ്യോഗിക എക്യുമെനി ക്കൽ യോഗങ്ങളിൽ പങ്കെടുത്തു. |
| 13 | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 5.00 pm | എക്യുമെനിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിങ്കലേക്കു നട ത്തിയ തീർഥാടനം ഫ്ളാഗ് ഓഫ് ചെയ്തു. |

| | | |
|---|---|---|
| 14 | 9.45 am | പാലാ കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ പഠിപ്പിക്കുന്ന ടീച്ചേഴ്സി ന്റെയും നോൺ ടീച്ചിങ് സ്റ്റാഫിന്റെയും സമ്മേളന ത്തിൽ പങ്കെടുത്തു സന്ദേശം നൽകി |
| | 6.30 | അമ്പാറനിരപ്പേൽ ഇടവകയിൽ ഇടയനടുത്ത സന്ദർ ശനം നടത്തി. |
| 15 | | അമ്പാറനിരപ്പേൽ ഇടവകയിൽ ഇടയനടുത്ത സന്ദർ ശനം നടത്തി. |
| 16 | | ചൂണ്ടച്ചേരി ഹോട്ടൽ മാനേജ്മെന്റ് കോളജിൽ പുതു തായി നിർമ്മിച്ച കിച്ചന്റെ വെഞ്ചരിപ്പുകർമം നടത്തി സന്ദേശം നൽകി. |
| | 11.30 | പി.എസ്.ഡബ്ല്യു.എസ്. വഴി കേരള സംസ്ഥാന പിന്നാ ക്കസമുദായ വികസന കോർപ്പറേഷൻ പിന്നാക്ക സമുദായത്തിൽപ്പെട്ട വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വരുമാനദായകപ്രവർത്തനങ്ങൾക്കും കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും നൽകുന്ന ലോണി ന്റെ രൂപതതല ഉദ്ഘാടനം നിർവഹിച്ചു. |
| | 7.00 pm | മെഡിസിറ്റിയുടെ അഡ്മിനിസ്ട്രേറ്റീവ് ബോഡി മീറ്റി ങ്ങിൽ പങ്കെടുത്തു. |
| 17 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | | ബൈബിൾ കൺവൻഷന്റെ പ്രസ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 3.00 pm | മുട്ടുചിറ ഹോസ്പിറ്റലിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് നിർവഹിച്ചു സന്ദേശം നൽകി. |
| | 6.30 pm | ഭരണങ്ങാനം അൽഫോൻസാ ഷ്റൈന്റെ അഡ്വൈ സറി ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| 18 | | പ്രസ്ബിറ്ററൽ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | | വാഗമൺ തീർഥാടനകേന്ദ്രത്തിലെ പുതിയ കെട്ടിട ത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |
| | 9.00 pm | പെർമിനൻസിന്റെ സിനഡ് ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 19 | | പൈങ്കുളം ഇടവകയിലെ നാലു ഭവനങ്ങളുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |

| | | |
|---|---|---|
| | 5.45 pm | 42-ാമത് പാലാ രൂപത ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 20 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | | മരിയസദനത്തിൽ വച്ച് കോട്ടയം മാറ്റൊലി നാടക സമിതിയുടെ പുതിയ നാടകത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു സന്ദേശം നൽകി. |
| 21 | | പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു നടന്ന യുവജനസംഗമത്തിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 22 | | പാലാ രൂപത ബൈബിൾ കൺവൻഷനോടനുബന്ധിച്ച് പരിശുദ്ധകുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു |
| 23 | 9:30 am | നവീകരിച്ച മൂഴൂർ പള്ളിയുടെ വെഞ്ചരിപ്പ് നിർവഹിച്ചു. |
| | 10.30 am | നവീകരിച്ച കരിമ്പാനി ആശ്രമപള്ളിയുടെ കൂദാശ കർമ്മം നിർവഹിച്ചു വചനസന്ദേശം നൽകി. |
| | | ബൈബിൾ കൺവൻഷന്റെ സമാപനദിവസം സമാപനവചനസന്ദേശം നൽകുകയും കൺവൻഷനു വേണ്ടി സഹായിച്ചവരെ ആദരിക്കുകയും ചെയ്തു. |
| 24 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | പാലാ കാർമൽ ഹോസ്പിറ്റൽ ജംഗ്ഷൻ മുതൽ ചേർപ്പുങ്കൽ മെഡിസിറ്റി വരെയുള്ള സ്ഥലങ്ങളിലെ ഓട്ടോറിക്ഷാസഹോദരന്മാരുടെകൂടെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു. |
| 25 | 12.00 noon | ക്രിസ്മസ്ദിനത്തിൽ ഭദ്രാസനദൈവാലയത്തിൽ വിശുദ്ധകുർബാനയർപ്പിച്ച് തിരുക്കർമങ്ങൾക്കു നേതൃത്വം നൽകുകയും വചനസന്ദേശം നൽകുകയും ചെയ്തു. |
| 26 | 8.15 am | രാമപുരം ഇടവകയിലെ നവീകരിച്ച ഓഡിറ്റോറിയത്തിന്റെയും പാലാ ഹോം പ്രൊജക്റ്റ് നേതൃത്വത്തിൽ പണിത ഭവനത്തിന്റെയും വെഞ്ചരിപ്പുകർമം നിർവഹിച്ചു. |

| | | |
|---|---|---|
| | 11.45 am | ഇടമറ്റത്തുവച്ച് ബഹുമാനപ്പെട്ട ഇടയോടിയച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണജൂബിലി യാഘോഷത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. |
| | 3.30 pm | കൂട്ടിക്കൽ ഇടവകയുടെ ജൂബിലിസമാപനദിനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| 27 | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 28 | | പാലാ രൂപതയിലെ 12 ഡീക്കന്മാരുടെ പുരോഹിത പട്ടം നല്കുകയും തുടർന്ന് പങ്കെടുക്കുകയും വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു. |
| 29 | | കുന്നോന്നി ഇടവകയിൽ പുതിയതായി നിർമ്മിച്ച മോണ്ടളത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 3.00 pm | എസ്.എം.വൈ.എം. യൂത്തിന്റെ YATP Training Programm സർട്ടിഫിക്കറ്റ് വിതരണം നടത്തി. |
| | 4.30 pm | കത്തീഡ്രലിൽ ഒരു വിവാഹം ആശീർവദിച്ചു. |
| 30 | | നീറന്താനം ഇടവകയിൽ അനാഥമന്ദിരത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | | ദയറായിൽ ലിറ്റർജിക്കൽ കോഴ്സിന്റെ സർട്ടിഫിക്ക് നൽകി. |
| 31 | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.30 pm | മുട്ടുചിറ ഇടവകയിൽ പാലാ ഹോം പ്രോജക്ടിന്റെ ഭാഗമായുള്ള മൂന്നു വീടിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 5.30 pm | ചേർപ്പുങ്കൽ ഇടവകയിൽ കുരിശുപള്ളി വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |





മേരിലാന്റ് ഇടവകയുടെ
പ്ലാറ്റിനം ജൂബിലിയാഘോഷസമാപനത്തിൽനിന്നും



ക്രിസ്തുമസിനോടനുബന്ധിച്ച് പാലായിലെയും സമീപപ്രദേശങ്ങളിലെയും
ഓട്ടോറിക്ഷ തൊഴിലാളികളൊടൊപ്പം
പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

## കൂട്ടിക്കൽ സെന്റ് ജോർജ് ഫൊറോന പള്ളിയുടെ ശതാബ്ദിയാഘോഷ സമാപനത്തിൽനിന്നും















# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# അമ്പാറനിരപ്പേൽ പള്ളി

















2025
JANUARY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

# പ്ലാറ്റിനം ജൂബിലി നിറവിൽ

PLATINUM JUBILEE
EPARCHY OF PALAI
1950 - 2025

പാലാ രൂപത

Printed at St.Thomas Press, Palai and Published by Fr. Mani Kozhuppankutty